ഭൂമിയുടെ അതിർത്തികൾ വരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി നിന്നെ
സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 08 ജൂൺ 2016 ലക്കം 06

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

1. Prot. No. 382/16; Circular No. 11/2016 ........................................ 7
2. Prot. No. 383/16; Circular No. 12/2016 ........................................ 9
3. മാർപാപ്പായുടെ മാധ്യമദിനസന്ദേശം - 2016 ........................................ 12
4. പാപ്പായുടെ പ്രബോധനങ്ങൾ ........................................ 18
5. കച്ചേരിക്കാര്യം ........................................ 22
6. സെമിനാരി വാർത്തകൾ ........................................ 42
7. വിശ്വാസപരിശീലനം ........................................ 43
8. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ........................................ 49
9. ചെറുപുഷ്പ മിഷൻലീഗ് ........................................ 54
10. തിരുബാലസഖ്യം ........................................ 59
11. യുവജനശുശ്രൂഷ ........................................ 60
12. കുടുംബ പ്രേഷിതത്വം ........................................ 66
13. വിദ്യാഭ്യാസ ഏജൻസി ........................................ 70
14. കരിസ്മാറ്റിക് നവീകരണരംഗം ........................................ 76
15. വിമൽജ്യോതി വാർത്തകൾ ........................................ 78
16. എകെസിസി ........................................ 80
17. സാമൂഹ്യസേവനവേദി ........................................ 84
18. ധ്യാനകേന്ദ്രങ്ങളിലൂടെ ........................................ 88
19. ശാന്തിതീരം ........................................ 89
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ..................... 90
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ..................... 93
22. Programme of the Abp. Emeritus Mar George Valiamattam ........ 96

**Prot. No. 382/16; Circular No. 11/2016**

# സർക്കുലർ

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഏപ്രിൽ 30-ാം തീയതി ചെമ്പേരിയിൽ ഒന്നിച്ചുകൂടി നമ്മൾ അതിരൂപതാദിനം സാമാന്യം വിപുലമായി ആചരിക്കുകയുണ്ടായല്ലോ. അതിരൂപതയിൽ നാമൊരു കുടുംബമാണ് എന്ന ബോധ്യം ഊട്ടിയുറപ്പിക്കുന്നതിനും വിശിഷ്ടസേവനങ്ങൾ അർപ്പിച്ചവരെ ആദരിക്കുന്നതിനും അന്ന് അവസരമുണ്ടായി. അതിരൂപതാദിനം വിജയകരമായി നടത്തുവാൻ സഹകരിച്ച ഏവരേയും നന്ദിപൂർവ്വം ഓർക്കുന്നു. അതുപോലെ ബുദ്ധിമുട്ടുകൾ സഹിച്ച് അന്നവിടെ എത്തിച്ചേർന്ന എല്ലാ ബഹു. വൈദികർക്കും സന്യാസസഹോദരന്മാർക്കും സിസ്റ്റേഴ്സിനും അല്മായ സഹോദരങ്ങൾക്കും ഞാൻ സ്നേഹപൂർവ്വം നന്ദി പറയുകയാണ്.

മെയ് 6-ാം തീയതി നമ്മുടെ അതിരൂപതയിൽ നമ്മൾ മഴയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനാദിനമായി ആചരിക്കുകയുണ്ടായി. എല്ലായിടത്തുംതന്നെ കുറെയൊക്കെ വേനൽമഴ കിട്ടിയെങ്കിലും തുടർന്നും നമ്മൾ അനുകൂലമായ കാലവസ്ഥയ്ക്കുവേണ്ടി പ്രാർത്ഥിക്കണം. ഒരു കാർഷികസംസ്ക്കാരത്തിന്റെ ഉടമകളായ നമുക്ക് ദൈവകാരുണ്യം കൂടാതെ ഒന്നും നേടുവാൻ സാധിക്കുകയില്ലല്ലോ. ഒപ്പം പ്രകൃതിയുടെ സന്തുലിതാവസ്ഥയും സ്വാഭാവികതയും തകർക്കുന്ന പ്രവൃത്തികളിൽനിന്നു പിന്തിരിയുകയും ചെയ്യാം. കാലാവസ്ഥാവ്യതിയാനവും മഴക്കുറവും ശുദ്ധജലക്ഷാമവുമൊക്കെ ഉണ്ടാകുന്നതിൽ മനുഷ്യന്റെ ഇടപെടലും കാരണമാകുന്നുണ്ടെന്ന് നമുക്ക് മറക്കാതിരിക്കാം.

മറ്റൊരു കാര്യംകൂടി ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. ഞാൻ തലശ്ശേരി അതിരൂപതയുടെ മേലധ്യക്ഷനായി ചുമതലയേറ്റെടുത്തിട്ട് ഒന്നരവർഷമായി. രൂപതാകാര്യങ്ങളുമായി ബന്ധപ്പെട്ട് റോമിലും യൂറോപ്യൻ രാജ്യങ്ങളിലും ഒരു സന്ദർശനം നടത്താൻ വേണ്ടി ഞാൻ മെയ് 23-ാം തീയതി പുറപ്പെടുകയാണ്. ഇത് കരുണയുടെ ജൂബിലിവർഷമാണല്ലോ. റോമിൽവച്ച് പരി. പിതാവ് ഫ്രാൻസിസ് പാപ്പായെ കാണുന്നതും നാമുമായി ബന്ധപ്പെട്ട കാര്യാ

ലയങ്ങൾ സന്ദർശിക്കുന്നതുമാണ്. വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നമ്മുടെ ബഹു. അച്ചന്മാരെയും മറ്റു സഹോദരീസഹോദരന്മാരെയും ഉപകാരികളെയും കാണുന്നതിനും ഉദ്ദേശ്യമുണ്ട്. രൂപതാസംബന്ധമായ കുറെയേറെക്കാര്യങ്ങൾ വേറെയും ചെയ്യാനുണ്ട്. എന്റെ യാത്ര അനുഗ്രഹപ്രദമായിത്തീരുന്നതിനുവേണ്ടി എല്ലാവരുടെയും പ്രാർത്ഥനാസഹായം ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ അസാന്നിധ്യത്തിൽ പ്രഥമവികാരിജനറാളായ പെരിയ ബഹു. അബ്രാഹം പോണാട്ടച്ചൻ എല്ലാ കാര്യങ്ങൾക്കും നേതൃത്വം കൊടുക്കുന്നതാണ്. റോമിലെയുംമറ്റും തീർത്ഥാടനദൈവാലയങ്ങളിൽവച്ച് ഞാൻ നിങ്ങൾ എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതാണ്.

സ്നേഹാശിസ്സുകളോടെ

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
20-05-2016 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

---

**പ്രത്യേക ശ്രദ്ധക്ക് :** ഈ സന്ദേശം ജൂൺ 5-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും എല്ലാ വി. കുർബാനമധ്യേയും വായിക്കേണ്ടതാണ്.

## പരി. പിതാവിന്റെ പ്രാർത്ഥനാനിയോഗങ്ങൾ

**പൊതുനിയോഗം:** ലോകത്തിന്റെ വൻ നഗരങ്ങളിൽ പോലുമുള്ള വൃദ്ധരും പാർശ്വവത്ക്കരിക്കപ്പെട്ടവരും ആരോരുമില്ലാത്തവരും കൂട്ടായ്മയ്ക്കും സമാഗമങ്ങൾക്കുമുള്ള അവസരങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി

**പ്രേഷിതനിയോഗം:** സെമിനാരി വിദ്യാർത്ഥികൾക്കും സമർപ്പിതജീവിതത്തിലേക്കു കടന്നുവരുന്ന യുവതീയുവാക്കൾക്കും സുവിശേഷത്തിന്റെ ആനന്ദം ജീവിക്കുന്ന മാതൃകാവ്യക്തികളെ പരിശീലകരായി ലഭിക്കുന്നതിനും അവർ വിവേകപൂർവ്വം തങ്ങൾക്കേല്പിക്കപ്പെട്ടിരിക്കുന്നവരെ പ്രേഷിതദൗത്യത്തിന് ഒരുക്കുന്നതിനുംവേണ്ടി.

**Prot. No. 383/16; Circular No. 12/2016**

# വത്സലപിതാവ് കുഞ്ഞുങ്ങളോട്...

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട വത്സലമക്കളേ,

രണ്ടുമാസത്തെ അവധിക്കാലത്തിനുശേഷം കൂടുതൽ ഉണർവ്വോടെയും സന്തോഷത്തോടെയും പുതിയ പഠന വർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. അവധിക്കാലം എല്ലാവർക്കും സന്തോഷപ്രദമായിരുന്നു എന്ന് കരുതുന്നു. പന്ത്രണ്ടാം ക്ലാസ്സിലും പത്താം ക്ലാസ്സിലും കഠിനമായി അദ്ധ്വാനിച്ച് വിജയിച്ച എല്ലാവർക്കും പ്രത്യേകിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ് വാങ്ങിയ എല്ലാ കൂട്ടുകാർക്കും അഭിനന്ദനങ്ങൾ നേരുന്നു. നിങ്ങളെ പഠിപ്പിച്ച അധ്യാപകരോടും മാതാപിതാക്കളോടും പ്രാർത്ഥിച്ചവരോടും പ്രത്യേകം നന്ദി പറയാൻ മറന്നുപോകരുത് എന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

“ദൈവം ജ്ഞാനം നല്കുന്നില്ലെങ്കിൽ എനിക്ക് ജ്ഞാനം ലഭിക്കുകയില്ല; അതുകൊണ്ട് ഞാൻ കർത്താവിനോട് ഉള്ളഴിഞ്ഞ് അപേക്ഷിച്ചു” (ജ്ഞാനം 8:21). പഠനകാലം ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ ഒരു കാലഘട്ടമാണ്. പഠനവിഷയങ്ങളും പാഠ്യേതര വിഷയങ്ങളും ഉചിതമായ രീതിയിൽ ഉൾക്കൊണ്ടുകൊണ്ട് മാതാപിതാക്കളുടെയും ഗുരുഭൂതന്മാരുടെയും നല്ല നിർദ്ദേശങ്ങൾ സ്വീകരിച്ച് ജീവിതത്തെ ക്രമീകരിക്കുമ്പോഴാണ് പഠനജീവിതം വിജയകരമാകുന്നത്. പുസ്തകത്തിലൂടെ മാത്രമല്ല നല്ല ബന്ധങ്ങളിലൂടെയും നാം ഒത്തിരി കാര്യങ്ങൾ ജീവിതത്തിൽ പഠിക്കുന്നുണ്ട്. പഠനം വ്യക്തിയുടെ ജീവിതത്തിൽ നല്കുന്ന ഏറ്റവും വലിയ നേട്ടം “സദ് സ്വഭാവ രൂപീകരണമാണ്” (Charactor formation). പണവും ആരോഗ്യവും നഷ്ടപ്പെട്ടാൽ അത് വീണ്ടെടുക്കാനാവും. എന്നാൽ സ്വഭാവരൂപീകരണം തെറ്റിപ്പോയാൽ അതിന് വലിയ വിലകൊടുക്കേണ്ടി വരും.

ഈശോയുടെ സ്വഭാവരൂപീകരണത്തെപ്പറ്റി വചനം നമ്മെ ഓർമ്മിപ്പിക്കുന്നത് അവിടുന്ന് ജ്ഞാനത്തിലും പ്രായത്തിലും “ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു” എന്നതാണ്. ഈശോയെ മാതൃകയാക്കുന്ന എല്ലാ കുട്ടികളും ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും വളരണം. അതായത് പഠിപ്പിക്കുന്ന കാര്യങ്ങൾ തുടക്കംമുതൽ നന്നായി പഠിക്കണം. ജീവിതത്തിൽ വിജയിക്കണമെന്ന നല്ല ലക്ഷ്യബോധത്തോടുകൂടി പഠിക്കണം. അടുത്ത നാളുകളിൽ നമ്മുടെ തലശ്ശേരി അതിരൂപതയിലെ ഏതാനും കുട്ടികൾ ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷയിൽ ഉന്നതവിജയം നേടി

എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഒപ്പം അവരെയും മാതാപിതാക്കളെയും ഞാൻ അഭിനന്ദിക്കുകയും ചെയ്യുന്നു.

അടുക്കും ചിട്ടയുമുള്ള പഠന ജീവിതമാണ് ഒരാളെ ഉന്നതവിജയത്തിലേക്ക് നയിക്കുന്നത് എന്ന കാര്യം ആരും മറന്നുപോകരുത്. പഠനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ ഈ വർഷത്തെ എല്ലാ കാര്യങ്ങളും ക്രമീകരിച്ചുകൊണ്ട് ഒരു ടൈംടേബിൾ ക്രമീകരിക്കണം. അതനുസരിച്ച് പഠനകാര്യങ്ങൾ മുമ്പോട്ട് പോകുന്നുണ്ടോ എന്ന് ഇടയ്ക്കിടയ്ക്ക് വിലയിരുത്തുകയും ചെയ്യണം. "Opertunities never return" അതായത് അവസരങ്ങൾ ഒരിക്കലും തിരിച്ചുവരില്ല എന്ന് നിങ്ങൾ കേട്ടിട്ടുണ്ടാകുമല്ലോ. കടന്നുപോയ വർഷവും അവസരങ്ങളും ഇനി ഒരിക്കലും നമുക്ക് തിരിച്ചുകിട്ടുകയില്ല. നഷ്ടപ്പെട്ടതിനെയോർത്ത് സങ്കടപ്പെടാതെ പ്രതീക്ഷയോടുകൂടെ ഈ വർഷം പഠനത്തിൽ മുന്നേറാനുള്ള നല്ല തീരുമാനം തുടക്കത്തിൽത്തന്നെ നമുക്കുണ്ടാവണം. നല്ല തീരുമാനങ്ങളും അവ നടപ്പിലാക്കാനുള്ള മനസ്സും കഠിനാദ്ധ്വാനവും നിങ്ങളെ തീർച്ചയായും വിജയത്തിലെത്തിക്കും.

രണ്ടാമതായി സൂചിപ്പിക്കാനുള്ളത് പ്രായത്തിൽ വളരണമെന്നുള്ളതാണ്, അതായത് പക്വതയുള്ളവരായിരിക്കണം. പഠിച്ച് തലയും, ഭക്ഷിച്ച് ശരീരവും വളർന്നാൽ മാത്രം പോരാ, ബുദ്ധിയും മനസ്സും ശരീരവും ആത്മാവും ഒരുപോലെ വളരണം. അതാണ് പക്വത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഈശോയെപ്പറ്റി വചനം പറയുന്നു; അവൻ ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ ഇഷ്ടപ്പെട്ടവനായിരുന്നു. മാതാപിതാക്കളെ മാത്രം തൃപ്തിപ്പെടുത്തുന്ന രീതിയിൽ വളരുന്ന അനേകം കുഞ്ഞുങ്ങളെ ഈ നാളുകളിൽ നാം ചുറ്റുപാടും കാണുന്നുണ്ട്. പള്ളിയിൽ പോകുന്നതിനോ, സംഘടനകളിൽ പ്രവർത്തിക്കുന്നതിനോ ഒട്ടും താത്പര്യമില്ലാതെ അതൊക്കെ ഒരു സമയനഷ്ടമാണെന്ന് കരുതി സ്വന്തം കാര്യങ്ങൾ മാത്രം അന്വേഷിച്ച് സ്വാർത്ഥരായി ജീവിക്കുന്നവർ. അവരോട് എനിക്ക് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കാനുള്ളത്, ദൈവാനുഗ്രഹമാണ് ഏത് വിജയത്തിന്റെയും അടിസ്ഥാനം എന്നാണ്. മറ്റെന്തും പണംകൊടുത്തും പഠിച്ചും നേടാമെങ്കിലും ദൈവാനുഗ്രഹം ദൈവത്തെ സ്നേഹിച്ചും ദൈവത്തോട് ചേർന്ന് ജീവിച്ചും സ്വന്തമാക്കേണ്ടതാണ്. വേദപാഠക്ലാസ്സുകളിൽ താത്പര്യപൂർവ്വം പങ്കെടുക്കണം. ബഹുമാനപ്പെട്ട വികാരിയച്ചനോടും സിസ്റ്റേഴ്സിനോടും ചേർന്ന് ഇടവകയിൽ തിരുബാലസഖ്യം, മിഷൻലീഗ്, കെ.സി.വൈ.എം തുടങ്ങിയ സംഘടനകളിൽ ഉത്സാഹത്തോടുകൂടി പ്രവർത്തിക്കുകയും ചെയ്യണം. നാം കുട്ടികളായിരിക്കുമ്പോൾ ചെയ്യുന്ന സംഘടനാപ്രവർത്തനങ്ങളും അവയിൽനിന്ന് ലഭിക്കുന്ന നന്മകളും, നമ്മുടെ സ്വഭാ

വവും വ്യക്തിത്വവും രൂപപ്പെടുന്നതിൽ പ്രധാനപങ്ക് വഹിക്കുന്നുണ്ട്. അത് നമ്മെ നല്ല നേതൃത്വപാടവമുള്ളവരാക്കുന്നു.

മൂന്നാമതായി, ഈശോയുടെ തിരുഹൃദയതിരുനാൾ കൊണ്ടാടുന്ന ഈ ജൂൺ മാസത്തിൽ ഹൃദയത്തിലും ശരീരത്തിലും നല്ല വിശുദ്ധിയുള്ളവരായി ജീവിക്കണമെന്നുകൂടി സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ. നമ്മുടെ പഠനമുറികളും വസ്ത്രങ്ങളും വീടിന്റെ ചുറ്റുപാടുകളുമെല്ലാം വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കണം. പരിശുദ്ധ ഫ്രാൻസീസ് പാപ്പ ഓർമ്മിപ്പിക്കുന്നതുപോലെ പ്രകൃതിസ്നേഹമുള്ളവരായി ഈ വർഷത്തിൽ നമുക്ക് മാറാം. പച്ചക്കറിത്തോട്ടം, പൂന്തോട്ടം, വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ തുടങ്ങിയവയിലൂടെ പ്രകൃതി സ്നേഹമുള്ളവരായി നമുക്ക് മാറാം. ചെറിയ ചെറിയ കൃഷിപ്പണികളിലൂടെ കുട്ടികളായ നിങ്ങൾക്ക് അദ്ധ്വാനത്തിന്റെ മഹത്വം മനസ്സിലാക്കാൻ കഴിയും. കടകളിൽനിന്ന് വാങ്ങിക്കുന്നതിലെല്ലാം മായവും വിഷവുമുണ്ടെന്ന് പരാതിപറയുന്നവരാകാതെ സ്വന്തം കൈകൾകൊണ്ട് ചെയ്യാവുന്ന ചെറിയ ജോലികളിലൂടെ വീട്ടിലേക്കാവശ്യമായ പച്ചക്കറികൾ ഉണ്ടാക്കുവാൻ നിങ്ങൾക്ക് സാധിക്കും. ഓരോ കുട്ടിയും സ്വന്തം പറമ്പിൽ പത്ത് മരത്തൈകളെങ്കിലും നട്ടുപിടിപ്പിക്കണം. പ്രകൃതിയോടിണങ്ങിയ ഒരു സ്വഭാവം ചെറുപ്പത്തിലേ രൂപീകരിച്ചാൽ വലുതാകുമ്പോൾ അത് നിങ്ങളെ ഉത്തമ വ്യക്തിത്വത്തിനുടമകളാക്കി മാറ്റുകയും ചെയ്യും.

അവസാനമായി, മാതാപിതാക്കൾ ജോലിയിലും സാമ്പത്തിക കാര്യങ്ങളിലുമെല്ലാം ബുദ്ധിമുട്ടനുഭവിക്കുന്ന ഈ സമയത്ത് ആവശ്യത്തിനുമാത്രം പണം ചെലവഴിക്കാൻ ശ്രദ്ധിക്കണം. പഠനവർഷാരംഭത്തിൽ കൂടെയുള്ള പാവപ്പെട്ട കൂട്ടുകാരെ സഹായിക്കുവാനുള്ള നല്ല മനസ്സുകൂടി നിങ്ങൾക്ക് ഉണ്ടാകട്ടെ. കരുണാമയനായ ഈശോ എല്ലാ കാലവർഷകെടുതികളിൽനിന്നും യാത്രാ അപകടങ്ങളിൽനിന്നും നിങ്ങളെ കാത്തുരക്ഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഒരിക്കൽക്കൂടി ഈ പഠനവർഷത്തിന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ നിങ്ങളെ എല്ലാവരെയും ആശീർവദിക്കുന്നു.

സ്നേഹപൂർവ്വം,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
20-05-2016 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

---

**പ്രത്യേക ശ്രദ്ധക്ക് :** ഈ സന്ദേശം ജൂൺ 12-ാം തീയതി എല്ലാ പള്ളികളിലും കുട്ടികൾക്കുള്ള വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# മാർപാപ്പായുടെ മാധ്യമദിനസന്ദേശം-2016

(ജൂൺ 5, ഞായർ 2016)

50-ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച്
ഫ്രാൻസിസ് മാർപാപ്പാ നൽകുന്ന സന്ദേശം

**സാമൂഹികസമ്പർക്കവും കരുണയും: സഫലമായ ഒരു നേർക്കാഴ്ച**

പ്രിയ സോദരരേ,

ഇത് കരുണയുടെ വിശുദ്ധവത്സരമാണ്. കരുണയും സാമൂഹിക സമ്പർക്കവും തമ്മിൽ ഉളവാകേണ്ട ബന്ധത്തെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. കരുണയുടെ പിതാവിന്റെ സാക്ഷാത്തായ അവതാരമാണ് ക്രിസ്തു. ആ ക്രിസ്തുവിനോട് ചേർന്ന് സഭ സത്തയിലും കർമ്മത്തിലും കരുണ പ്രാവർത്തികമാക്കേണ്ടതുണ്ട്; അതാണ് അവളുടെ വ്യതിരിക്തതയുടെ അടയാളം. സഭാമക്കളെന്ന നിലയിൽ നാം പറയുന്നതും ചെയ്യുന്നതും നമ്മുടെ ഓരോ വാക്കും ചലനവും ദൈവിക കരുണയെ, ആർദ്രതയെ പൊറുക്കുന്ന സ്നേഹത്തെ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. സ്നേഹത്തിന്റെ തനതുഭാവംതന്നെ ബന്ധമാണ്; സമ്പർക്കവും വിനിമയവുമാണ്. അതു തുറവിയിലേക്കും പങ്കുവയ്ക്കലിലേക്കും നയിക്കുന്നു. നമ്മുടെ ഹൃദയവും പ്രവൃത്തികളും ഉപവിയാലും ദൈവസ്നേഹത്താലും പ്രചോദിതമെങ്കിൽ നമ്മുടെ സമ്പർക്കങ്ങളും വിനിമയങ്ങളും ദൈവശക്തിയുടെ സ്പർശമുള്ളതായിരിക്കും.

ദൈവമക്കളെന്നനിലയിൽ എല്ലാവരും പരസ്പരസമ്പർക്കത്തിനും വിനിമയത്തിനും വിളിക്കപ്പെട്ടവരാണ്; ആരും ഈ ദൗത്യത്തിൽനിന്നും ഒഴിവാക്കപ്പെടുന്നില്ല. സഭയുടെ ഓരോ വാക്കും പ്രവൃത്തിയും വ്യതിരിക്തത പുലർത്തിക്കൊണ്ടുതന്നെ കരുണയെ അറിയിക്കുവാൻ, ഹൃദയങ്ങളെ സ്പർശിക്കുവാൻ, ജീവിത സമ്പൂർണതയിലേക്കുള്ള തീർത്ഥയാത്രയിൽ നിലനിർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ജീവിതത്തിന്റെ സമ്പൂർണതയ എല്ലാവർക്കും നൽകാനാണ് പിതാവ് തന്റെ പുത്രനായ യേശുവിന്െ ഈ ലോകത്തിലേയ്ക്കയച്ചത്. യേശു ലോകം മുഴുവൻ അറിയപ്പെടാനും സ്നേഹിക്കപ്പെടാനും നമ്മൾതന്നെ സഭാമാതാവിന്റെ ഊഷ്മളസ്നേഹത്തെ ഉൾക്കൊള്ളുകയും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും വേണം. സ്നേഹത്തിന്റെ ഈ ചൂടാണ് വിശ്വാസത്തിന്റെ വചനത്തിന് ആത്മാവ് നൽകുന്നത്. നമ്മുടെ പ്രഘോഷണവും സാക്ഷ്യവും അവർക്കു ജീവൻ നല്കുനന ആ അഗ്നിസ്ഫുലിംഗത്തെ പ്രോജ്ജ്വലിപ്പിക്കുന്നു.

## ബന്ധങ്ങളുടെ നിർമ്മിതി സാമൂഹികസമ്പർക്കമാധ്യമങ്ങളിലൂടെ

ഇരുകരകളെയും യോജിപ്പിക്കാൻ പണിയുന്ന പാലമാണ് മാധ്യമങ്ങൾ. ഭാവാത്മകമായ ഒരു ഏറ്റുമുട്ടലിനെയും ഉൾക്കൊള്ളലിനെയും അതു ശാക്തീകരിക്കുന്നു. അങ്ങനെ സമൂഹത്തെ മുഴുവൻ ധന്യമാക്കുന്നു. ജനം തങ്ങളുടെ വാക്കുകയും പ്രവൃത്തികളും കരുതലോടെ തെരഞ്ഞെടുക്കുകയും തെറ്റിദ്ധാരണകളെ ഒഴിവാക്കാൻ പരിശ്രമിക്കുകയും മുറിവേറ്റ ഓർമ്മകളെ സൗഖ്യപ്പെടുത്തുകയും സമാധാനവും ഐക്യവും ചാലിച്ചെടുക്കുകയും ചെയ്യുന്നത് എത്രയോ സുഭഗവും സുന്ദരവുമാണ്! വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും പാലം തീർക്കാൻ വാക്കുകൾക്കു കഴിയും. സാമൂഹിക സഖ്യങ്ങളും രാഷ്ട്രങ്ങളും തമ്മിൽ ബന്ധമുണ്ടാക്കാനും അതിനു സാധിക്കും. പദാർത്ഥികലോകത്തും ഡിജിറ്റൽ ലോകത്തും ഇതു സാധ്യമാണ്. അഭിശാപത്തിന്റെയും പ്രതികാരത്തിന്റെയും വിഷമവൃത്തങ്ങളിൽനിന്ന് സ്വതന്ത്രരാവാൻ സഹായിക്കുന്നതായിരിക്കണം നമ്മുടെ വാക്കുകളും പ്രവൃത്തികളും. കാരണം, ഇന്നും വ്യക്തികളും, രാഷ്ട്രങ്ങളും അവയുടെ കെണിയിലാണ്. ശപ്തമായ പ്രതികാരഭാവം, അതിശക്തമായ വെറുപ്പ് വളർത്തുന്നു. ക്രിസ്ത്വനുയായികളുടെ വചസ്സുകൾ ഒരുമയെയും ഐക്യത്തെയും അഭംഗുരം പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം. തിന്മയെ വിട്ടുവീഴ്ചയില്ലാതെ അപലപിക്കേണ്ടിവരുമ്പോഴും ബന്ധങ്ങളും സമ്പർക്കങ്ങളും വിണ്ടുകീറാൻ പാടില്ല.

## സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ കരുത്ത് കരുണയിലധിഷ്ഠിതം

ബന്ധങ്ങളിലും സമൂഹങ്ങളിലും സമാധാനവും ഐക്യവും പുന:സ്ഥാപിക്കാനുമുള്ള കരുണയുടെ കരുത്തിനെ ഇനിയും കണ്ടെത്താൻ ലോകത്തിലെ എല്ലാ സുമനസ്സുകളോടും ഞാൻ ആഹ്വാനം ചെയ്യുന്നു. പ്രാചീന കാലമുറിവുകളും ആങ്ങിത്തൂങ്ങിനില്ക്കുന്ന അനിഷ്ടങ്ങളും എങ്ങനെയാണ് വ്യക്തികളെ കെണിയിലാക്കുന്നതെന്നും, പരസ്പരവിനിമയത്തിന്റെയും അനുരഞ്ജനത്തിന്റെയും മാർഗത്തിൽ വിഘാതം സൃഷ്ടിക്കുന്നതെന്നും നമുക്കറിയാം. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും ഇതു ബാധകമാണ്. എന്നാൽ ഏതു പരിത:സ്ഥിതിയിലും പുതിയ ഭാഷയും ഭാഷണരീതിയും സൃഷ്ടിച്ചെടുക്കാൻ കരുണയ്ക്കു കഴിയും. "വെനീസിലെ കച്ചവടക്കാരൻ" എന്ന നാടകത്തിൽ ഷേക്സ്പിയർ എത്രയോ വചോവിലാസത്തോടെ ഇതു പറഞ്ഞിരിക്കുന്നു: കരുണയുടെ കരുത്ത് അഭംഗുരമാണ്. ആകാശത്തുനിന്ന് ഭൂമിയിൽ നിപതിക്കുന്ന മൃദുലമായ മഴപോലെയാണത്. രണ്ടുവിധത്തിലും അതു അനുഗൃഹീതമാണ്. കൊടുക്കുന്നവനെയും സ്വീകരി

ക്കുന്നവനെയും ഒരുപോലെ അതനുഗ്രഹിക്കുന്നു. (Merchant of Venice Act IV, Scene 1)

നമ്മുടെ രാഷ്ട്രീയ, നയതന്ത്രഭാഷകൾ കരുണയാൽ പ്രചോദിതമായെങ്കിൽ, കൂടുതൽ നന്നായേനെ. കാരണം, കരുണയുടെ ഭാഷ പ്രതീക്ഷ കൈവെടിയുന്നതല്ല. സ്ഥാപനങ്ങളുടെയും, രാഷ്ട്രങ്ങളുടെയും, അധികാരികളോടും, പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന എല്ലാവരോടും ഞാൻ ആവശ്യപ്പെടുന്നു: "വഴിമാറി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെക്കുറിച്ചും, തെറ്റുകൾ വരുത്തിയിട്ടുള്ളവരെക്കുറിച്ചും നിങ്ങൾ സംസാരിക്കുമ്പോൾ, അതീവ ജാഗ്രതയും സൂക്ഷ്മതയും പുലർത്തുവിൻ". സംശയത്തിന്റെയും, ഭയത്തിന്റെയും, വെറുപ്പിന്റെയും ജ്വാലകൾ ആളിക്കത്തിക്കുന്ന സാഹചര്യങ്ങളെ ചൂഷണംചെയ്യാനുള്ള പ്രലോഭനത്തിനു വശംവദരാകാൻ എളുപ്പമാണ്, എന്നാൽ അനുരഞ്ജനത്തിന്റെ പാതയിൽ ജനതയെ നയിക്കുവാൻ ധീരതവേണം. സൂക്ഷ്മമായി ചിന്തിച്ചാൽ അത്തരം ഭാവാത്മകവും സർഗാത്മകവുമായ ധീരതയാണ് പോയകാല സംഘർഷങ്ങൾക്ക് പരിഹാരവും സ്ഥായിയായ സമാധാനം സ്ഥാപിക്കാനുള്ള അവസരവും പ്രദാനംചെയ്യുന്നത്. "സമാധാന സംസ്ഥാപകർ അനുഗൃഹീതരാകുന്നു, എന്തെന്നാൽ അവർ ദൈവമക്കളെന്നു വിളിക്കപ്പെടും" (മത്താ 5,7-9).

**അജപാലകവീഥിയിലെ കാരുണ്യസ്പർശം**

അജപാലകരെന്ന നിലയിൽ നമ്മുടെ ആശയവിനിമയരീതികളും ശുശ്രൂഷകളും അഹന്തനിറഞ്ഞതാകരുത്, ശത്രുവിന്റെമേൽ വിജയം നേടിയ മേലാളസ്വഭാവം നിറഞ്ഞതും ആകരുത്, എന്നാണെന്റെ ആഗ്രഹം. അതേസമയം നഷ്ടപ്പെട്ടവരെന്നും, അവഗണിക്കപ്പെട്ടവരെന്നും ലോകം കണക്കാക്കുന്നവരെ തീരെ വിലകുറഞ്ഞവരായി നാം കരുതരുത്. കാരുണ്യത്തിന് ഒരു പ്രത്യേകതയുണ്ട്: ജീവിതത്തിന്റെ കഷ്ടപ്പാടുകളെ മയപ്പെടുത്താൻ അതു സഹായിക്കുന്നു. തണുത്തുറഞ്ഞ നിയമവിധികളുടെ അനുഭവങ്ങൾ മാത്രമുള്ളവർക്ക് ഊഷ്മളമായ ഉത്സാഹം നല്കാനും അതിനു കഴിവുണ്ട്. നമ്മുടെ വിനിമയരീതികൾ, പാപികളെയും നീതിമാന്മാരെയും വേർതിരിച്ചെടുക്കുന്ന നമ്മുടെ മനോഘടനയുടേതാണ്. അതിനെ നാം മറികടക്കേണ്ടിയിരിക്കുന്നു. പാപസാഹചര്യങ്ങളെ - ഹിംസ, അഴിമതി, ചൂഷണം - നാം പ്രത്യേകം വിലയിരുത്തണം. വ്യക്തികളെ നാം വിധിക്കരുത്. ദൈവത്തിനുമാത്രമേ അവരുടെ ഹൃദയത്തിന്റെ അഗാധതകളെ കാണാനാവൂ. തെറ്റുചെയ്യു

ന്നവരെ ശാസിക്കണം; ചില പ്രത്യേകരീതികളിൽ പ്രവർത്തിക്കുന്ന അനീതികളെയും തിന്മയെയും അപലപിക്കണം, പതിതരെ ഉയർത്താനും, ഇരകളെ മോചിപ്പിക്കാനും വേണ്ടിയാവണം അത്. യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു: "സത്യം നിങ്ങളെ സ്വതന്ത്രരാക്കുന്നു" (യോഹ: 8,32). സത്യം എന്നതു ആത്യന്തികമായി ക്രിസ്തു തന്നെയാണ്. സത്യത്തെ പ്രഘോഷിക്കുകയും, അനീതിയെ അപലപിക്കുകയും ചെയ്യുന്ന നമ്മുടെ രീതികളെ വിലയിരുത്താനുള്ള അളവുകോലാണ് അവിടത്തെ ആർദ്രമായ കാരുണ്യം. സ്നേഹത്തോടെ സത്യത്തെ മുറുകെപ്പിടിക്കുക എന്നതാണ് നമ്മുടെ പ്രഥമ ദൗത്യം (എഫേ 4,15). ശാന്തതയിലും കരുണയിലും ചാലിച്ച സ്നേഹത്തോടെ മൊഴിയുന്ന വചസ്സുകൾക്കേ പാപപങ്കില ഹൃദയങ്ങളെ സ്പർശിക്കാനാവൂ. പരുഷവും ഉപദേശമാത്രവുമായ വാക്കുകളും പ്രവൃത്തികളും, അവരെ കൂടുതൽ അകറ്റുകയും, സ്വാതന്ത്ര്യത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നതിനുപകരം അവരിൽ തിരസ്കാരത്തിന്റെയും പ്രതിരോധത്തിന്റെയും ഭാവം ദൃഢീകരിക്കുകയും ചെയ്യും.

**കുടുംബ ബന്ധങ്ങളിലെ കാരുണ്യക്കൂട്**

കാരുണ്യാധിഷ്ഠിതമായ സാമൂഹികദർശനം അത്യധികം ആദർശാത്മകമോ, അതിരില്ലാത്തവിധം ദയാമയമോ എന്നു സംശയിക്കുന്നുണ്ട് ചിലർ. എന്നാൽ സ്വന്തം കുടുംബബന്ധങ്ങളിലെ പ്രാഥമികാനുഭവം എന്താണെന്ന് ഓർത്തുനോക്കുക, നമ്മുടെ മാതാപിതാക്കൾ നമ്മുടെ കഴിവുകളും നേട്ടങ്ങളും നോക്കിയാണോ നമ്മെ സ്നേഹിച്ചതും, വിലമതിച്ചതും. അവർ സ്വാഭാവികമായും മക്കളുടെ നന്മമാത്രമേ കാംക്ഷിച്ചുള്ളൂ. പക്ഷേ, അവരുടെ സ്നേഹം ഒരു വ്യവസ്ഥയുടെയും അടിസ്ഥാനത്തിലായിരുന്നില്ല. നമ്മുടെ വീട് എപ്പോഴും നമ്മെ സ്വാഗതംചെയ്യുന്നിടമാണ് (Cf.Lk: 15,13-32). അപരിചിതർ കണ്ടുമുട്ടുകയും മത്സരിക്കുകയും ഒന്നാം സ്ഥാനത്തെത്താൻ വെമ്പുകയും ചെയ്യുന്ന വേദിയല്ല; അതൊരു കുടുംബമാണ്. ഏതുസമയത്തും കയറിച്ചെല്ലാവുന്ന, തുറന്ന വാതിലുകളുള്ള ഒരു വീട്. അങ്ങനെയൊരു സമൂഹസങ്കല്പം ഏവരിലും വളരണമെന്നാണ് എന്റെ ആഗ്രഹം. ഈ ആഗ്രഹം സഫലമാവണമെങ്കിൽ നാം മറ്റുള്ളവരെ ശ്രവിക്കുന്നവരാകണം. ആശയവിനിമയം എന്നത് പങ്കുവയ്ക്കലാണ്. പങ്കുവയ്ക്കലാകട്ടെ ശ്രവണവും (Listening) സ്വീകരണവുമാണ്. ശ്രവണം വെറുതെ കാതുകൊടുക്കലല്ല. കേൾക്കുക എന്നത് അറിവു സ്വീകരിക്കൽ മാത്രമാണ്. അതേസമയം ശ്രവണമാകട്ടെ പരസ്പരബന്ധമാണ്. ഇഴയടുപ്പം ആവശ്യപ്പെടുന്നതുമാണ്. ശ്രവണം നേരായ മാർഗം കാണാൻ സഹായിക്കു

ന്നു, വെറും നിർജീവരായ കാഴ്ചക്കാരോ, ഉപയോക്താക്കളോ ആകാൻ അനുവദിക്കുകയുമില്ല. ശ്രവണം ചോദ്യങ്ങളുടെയും സംശയങ്ങളുടെയും പങ്കുവയ്ക്കലാണ്. പരസ്പരം ഓരം ചേർന്ന യാത്രയാണ്. സമ്പൂർണാധികാരത്തിന്റെ അവകാശവാദങ്ങളെ അതു പുറംതള്ളുന്നു; നമ്മുടെ ദാനങ്ങളെയും സിദ്ധികളെയും സമൂഹനന്മയ്ക്കായി ഉപയോഗപ്പെടുത്തുന്ന ശുശ്രൂഷയാക്കിമാറ്റുന്നു.

ശ്രവണം സുഗമമല്ല; കേൾക്കുന്നില്ലെന്നു നടിക്കാൻ എളുപ്പമാണ്. ശ്രവണം ശ്രദ്ധയും ധാരണയുമാണ്, വിലമതിക്കലും ബഹുമാനിക്കലുമാണ്. അപരന്റെ വാക്കുകളെക്കുറിച്ചുള്ള ധ്യാനമാണ്. അത് രക്തസാക്ഷിത്വം അഥവാ ആത്മബലി ആവശ്യപ്പെടുന്നു. കത്തുന്ന മുൾപ്പടർപ്പിനു മുന്നിൽ നിൽക്കുന്ന മോശയെ അനുകരിക്കാൻ ശ്രമിക്കലാണ്. അതിവിശുദ്ധസ്ഥലത്തു നില്ക്കുന്ന നാം ചെരിപ്പുകൾ അഴിച്ചുമാറ്റേണ്ടതുണ്ട്. പുറ 3,5-ൽ പറയുന്നു: "എന്നോടു സംസാരിക്കുന്നവനുമായുളള നേർക്കാഴ്ചയാണ് (cg: പുറ 3,5) ശ്രവണം". ശ്രവിക്കാൻ അറിയുക എന്നത് അളവില്ലാത്ത കൃപയാണ്. നാം ചോദിച്ചുവാങ്ങേണ്ട ദാനമാണത്; അവശ്യമായും ചോദിച്ചുവാങ്ങേണ്ട ഒന്ന്.

### നവമാധ്യമങ്ങളുടെ അനന്തസാധ്യതകൾ

ഈ-മെയിൽ സന്ദേശങ്ങൾ, സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ, അവയുടെ വിപുലശൃംഖല, അനൗപചാരികമായ സംഭാഷണങ്ങൾ - എല്ലാം ആശയവിനിമയത്തിന്റെ ആധുനികരൂപങ്ങളാണ്. സാങ്കേതികശാസ്ത്രമല്ല വിനിമയത്തിന്റെയും ബന്ധങ്ങളുടെയും ആധികാരികത നിർണയിക്കേണ്ടത്, മറിച്ച് മനുഷ്യഹൃദയവും, മുന്നിലെ മാർഗങ്ങളെ വിവേകപൂർവം ഉപയോഗപ്പെടുത്താനുള്ള കഴിവുമാണ്. സാമൂഹികമാധ്യമങ്ങൾ പരസ്പരബന്ധങ്ങളെ സുഗമമാക്കാനും പോഷിപ്പിക്കാനും സഹായിക്കുന്നു. അതേസമയം, ജാഗ്രതപുലർത്തിയില്ലെങ്കിൽ കൂടുതൽ ധ്രുവീകരണത്തിനും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള വിഭജനത്തിനും അതു കാരണമാകാം. ഡിജിറ്റൽ ലോകം ഒരു മഹാചത്വരമാണ്. ഒരു സംഗമഭൂമി. ഒന്നുകിൽ പരസ്പരം അംഗീകരിക്കാം പ്രോത്സാഹിപ്പിക്കാം, അല്ലെങ്കിൽ പരസ്പരം അപമാനിക്കാം. ഒന്നുകിൽ അർത്ഥപൂർണമായ സംവാദങ്ങളിൽ ഏർപ്പെടാം, അല്ലെങ്കിൽ അന്യായമായ ആക്രമണത്തിൽ മുഴുകാം. കാരുണ്യത്തിൽ ജീവിച്ചുകൊണ്ട് ഈ ജൂബിലിവർഷം കൂടുതൽ തീക്ഷ്ണമായ സംവാദത്തിനു വാതിൽ തുറക്കട്ടെ. അതുവഴി കൂടുതൽ അറിയാം; മനസ്സിലാക്കാം;

സംവൃത മനസ്സുകളെ കൂടുതൽ ഉദാരമാക്കാം. ഏതുതരത്തിലുള്ള (അടഞ്ഞ) വിവേചനത്തെയും ഹിംസയെയും വിദൂരതയിലേക്കു മാറ്റി നിർത്താം.

ഇന്റർനെറ്റ് നമ്മെ കൂടുതൽ നല്ല വിശ്വപൗരന്മാരാക്കട്ടെ, ഡിജിറ്റൽ വലയം അയൽക്കാരനോടുള്ള ഒരു ഉത്തരവാദിത്വം നമ്മെ ഏല്പിക്കുന്നു: നാം അവനെ കാണുന്നില്ല, എന്നാൽ അവൻ ഒരു യാഥാർത്ഥ്യമാണ്, ബഹുമാനിക്കപ്പെടേണ്ട അന്തസ്സ് അവനുണ്ട്. വിവേകപൂർവം ഇന്റർനെറ്റുപയോഗിക്കുക. അങ്ങനെ ആരോഗ്യകരവും പങ്കുവയ്ക്കുന്നതിൽ ഉദാരവുമായ ഒരു സമൂഹത്തെ പടുത്തുയർത്തുക.

**ഉപസംഹാരം**

ആശയവിനിമയബന്ധങ്ങൾ എവിടെയും എങ്ങനെയും പുതിയ ചക്രവാളങ്ങൾ മനുഷ്യർക്കായി തുറക്കുന്നു. അത് ദൈവത്തിന്റെ ദാനമാണ്. അതിനാൽത്തന്നെ വലിയ ഉത്തരവാദിത്വം അതുൾക്കൊള്ളുന്നു. ‘‘ഇഴയടുപ്പം’’ എന്നതിനെ വിളിക്കാനാണെനിക്കിഷ്ടം (Closeness). ആശയവിനിമയബന്ധങ്ങളും കരുണയും തമ്മിലുള്ള നേർക്കാഴ്ച (Encounter) സഫലമാകണമെങ്കിൽ, കരുതലിന്റെയും സാന്ത്വനത്തിന്റെയും, സൗഖ്യത്തിന്റെയും, സൗഹൃദത്തിന്റെയും ആഘോഷത്തിന്റെയും ‘‘ഇഴയടുപ്പം’’ അതു സൃഷ്ടിക്കണം. തകർന്നതും, ശകലിതവും, ധ്രുവീകൃതവുമായ ലോകത്തിൽ കരുണയോടെ സാമൂഹികസമ്പർക്കവും ബന്ധവും പ്രായോഗികമാക്കണമെന്നതിന്റെ അർത്ഥം ആരോഗ്യകരവും സ്വതന്ത്രവും, ഭ്രാതൃസഹജവുമായ ഇഴയടുപ്പം മനുഷ്യമഹാകുടുംബത്തിലെ (സഹോദരസഹജ) സഹോദരീസഹോദരന്മാരും ദൈവത്തിന്റെ മക്കളും തമ്മിൽ സൃഷ്ടിക്കാൻ സഹായിക്കണമെന്നതാണ്.

വത്തിക്കാനിൽനിന്നും
**† ഫ്രാൻസിസ് പാപ്പാ**

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മാധ്യമദിനമായ 2016 ജൂൺ 5-ാം തീയതി വായിക്കുകയോ ഇതിന്റെ സാരാംശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.

# കാരുണ്യത്തിന്റെ അസാധാരണജൂബിലി

(പരി. പിതാവിന്റെ ജൂബിലിവർഷ വിളംബരരേഖ)

പൗലോസ് അപ്പസ്തോലൻ ഇതുപോലൊരു യാത്ര ചെയ്യുന്നു. ദമാസ്കസിലുള്ള വഴിയിൽവച്ച് ഈശോയെ കണ്ടുമുട്ടുന്നതിനുമുമ്പ് അദ്ദേഹം തീവ്രതയോടെ നിയമത്തിന്റെ നീതി അനുസരിക്കാൻ തന്റെ ജീവിതത്തെ സമർപ്പിച്ചിരുന്നു (cf ഫിലി. 3:6). ക്രിസ്തുവിലേക്കുള്ള അദ്ദേഹത്തിന്റെ മാനസാന്തരം ആ ദർശനത്തെ കീഴ്മേൽ മറിച്ചു. ഗലാത്തിയാക്കാർക്ക് ഇങ്ങനെ എഴുതത്തക്കവിധം അതു സംഭവിച്ചു: "എന്നിരിക്കലും നിയമത്തിന്റെ അനുഷ്ഠാനത്തിലൂടെയല്ല, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണ് ഒരുവൻ നീതീകരിക്കപ്പെടുന്നതെന്ന് നമുക്ക് അറിയാം. നിയമാനുഷ്ഠാനം വഴിയല്ല ക്രിസ്തുവിലുള്ള വിശ്വാസം വഴി നീതീകരിക്കപ്പെടേണ്ടതിനാണ് നാം തന്നെയും യേശുക്രിസ്തുവിൽ വിശ്വസിച്ചത്. എന്തെന്നാൽ നിയമാനുഷ്ഠാനം വഴി ഒരുവനും നീതീകരിക്കപ്പെടുകയില്ല" (ഗലാ. 2:16).

നീതിയെക്കുറിച്ചുള്ള പൗലോസിന്റെ ധാരണയ്ക്ക് മൗലികമായ മാറ്റുണ്ടാകുന്നു. അദ്ദേഹം ഇപ്പോൾ ആദ്യം നീതിയെയല്ല വിശ്വാസത്തെ പ്രതിഷ്ഠിക്കുന്നു. രക്ഷ വരുന്നത് നിയമാനുഷ്ഠാനം വഴിയല്ല. യേശുക്രിസ്തുവിലുള്ള വിശ്വാസം വഴിയാണ്. അവിടുന്ന് മരണവും ഉത്ഥാനവും വഴി നീതീകരിക്കുന്ന കാരുണ്യത്തോടൊപ്പം രക്ഷകൊണ്ടുവരുന്നു. ദൈവത്തിന്റെ നീതി ഇപ്പോൾ വിമോചനശക്തിയായിത്തീരുന്നു. പാപത്തിന്റെയും അതിന്റെ അനന്തരഫലങ്ങളുടെയും അടിമത്തത്തിൽ ഞെരിക്കപ്പെടുന്നവർക്കുള്ള വിമോചകശക്തി തന്നെ (സങ്കീ. 51:11-16).

21. കാരുണ്യം നീതിക്കുവിരുദ്ധമല്ല. അത് പാപിയിലേക്കു എത്തിച്ചേരാനും ആത്മപരിശോധനയ്ക്കും മാനസാന്തരപ്പെട്ട് വിശ്വസിക്കാനുമുള്ള ദൈവത്തിന്റെ മാർഗത്തെ പ്രകാശിപ്പിക്കുന്നു. കാരുണ്യം നീതിക്ക് അപ്പുറം പോകുന്ന വഴി കാണാൻ ഹോസെയാ പ്രവാചകന്റെ അനുഭവം നമ്മെ സഹായിക്കും. ആ പ്രവാചകൻ ജീവിച്ചിരുന്ന കാലഘട്ടം യഹൂദജനതയുടെ ചരിത്രത്തിന്റെ ഏറ്റവും വലിയ നിർണായകഘട്ടമായിരുന്നു. രാജ്യം തകർന്ന് നാശത്തിന്റെ വക്കിലെത്തിയിരുന്നു. ജനം ഉടമ്പടിയോടുള്ള വിശ്വസ്തതയിൽ നിലകൊണ്ടില്ല. അവർ ദൈവത്തിൽനിന്നു വഴിതെറ്റി അലഞ്ഞു നടന്നു. പൂർവപിതാക്കന്മാരുടെ വിശ്വാസം അവർക്കു നഷ്ടപ്പെട്ടു. മാനുഷികയുക്തിയനുസരിച്ചു നോക്കുമ്പോൾ അവിശ്വസ്തരായ ജനതയെ തള്ളിക്കളയണമെന്ന് ദൈവം ചിന്തിക്കുക യുക്തിപൂർവകമായി തോന്നും. അവർ ദൈവവു

മായുള്ള ഉടമ്പടി പാലിച്ചില്ല. അതുകൊണ്ട് നീതിപൂർവ്വകമായ ശിക്ഷ അവർ അർഹിക്കുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ വിപ്രവാസം അർഹിക്കുന്ന പ്രവാചകന്റെ വാക്കുകൾ ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്: "അവർ ഈജിപ്തുദേശത്തേക്കു മടങ്ങും. അസീറിയാ അവരുടെ രാജാവാകും. കാരണം, എന്റെയടുക്കലേക്കുവരാൻ അവർ വിസമ്മതിച്ചു" (ഹോസി. 11:5). എന്നാലും നീതിയെപ്പറ്റി ഇങ്ങനെ പ്രസ്താവിച്ചിട്ട് പ്രവാചകൻ തന്റെ സംഭാഷണം മൗലികമായി മാറ്റുന്നു. ദൈവത്തിന്റെ യഥാർത്ഥ മുഖം വെളിവാക്കുകയും ചെയ്യുന്നു. "എഫ്രായിം, ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രായേൽ ഞാൻ നിന്നെ എങ്ങനെ കൈവിടും? ഞാൻ നിന്നെ എങ്ങനെ അദ്മായെപ്പോലെയാക്കും? സെബോയിമിനോടെന്നപോലെ നിന്നോട് എങ്ങനെ പെരുമാറും? എന്റെ ഹൃദയം എന്നെ വിലക്കുന്നു. എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു. ഞാൻ എന്റെ ഉഗ്രകോപം നടപ്പാക്കുകയില്ല. എഫ്രായിമിനെ വീണ്ടും നശിപ്പിക്കുകയില്ല. ഞാൻ ദൈവമാണ്, മനുഷ്യനല്ല. നിങ്ങളുടെയിടയിൽ വസിക്കുന്ന പരിശുദ്ധൻ തന്നെ. ഞാൻ നിങ്ങളെ നശിപ്പിക്കാൻ വരുകയില്ല" (ഹോസി. 11:8-9). വി. ആഗസ്തീനോസ് പ്രവാചകന്റെ ഈ വാക്കുകളെ വ്യാഖ്യാനിക്കുന്നതുപോലെ പറയുന്നു: "ദൈവത്തിന് കരുണയെയെന്നതിനെക്കാൾ കോപത്തെ അടക്കി നിറുത്താൻ എളുപ്പമാണ്". ഇത് അങ്ങനെയാണ്. അവിടുത്തെ കോപം ഒരു നിമിഷനേരത്തേക്കേ ഉള്ളൂ. അവിടുത്തെ കാരുണ്യം എന്നേക്കുമുണ്ട്.

ദൈവം നീതിയിൽ മാത്രമായി സ്വയം പരിമിതപ്പെടുത്തിയെങ്കിൽ അവിടുന്ന് ദൈവമല്ലാതായിത്തീരും. പകരം മനുഷ്യരെപ്പോലെയാകും. മനുഷ്യർ ആവശ്യപ്പെടുന്നത് നിയമം ആദരിക്കപ്പെടണമെന്നുമാത്രമാണ്. എന്നാൽ നീതി മാത്രം മതിയാവുകയില്ല. നീതിയെ മാത്രം ആശ്രയിക്കുന്നത് അതിന്റെ നാശത്തിനു കാരണമാകുമെന്ന് അനുഭവം പഠിപ്പിക്കുന്നു. അതുകൊണ്ടാണ് ദൈവം തന്റെ കാരുണ്യം കൊണ്ടും ക്ഷമകൊണ്ടും നീതിക്ക് അപ്പുറം പോകുന്നത്. എന്നാൽ നീതിയെ വിലകുറച്ചു കാണണമെന്നോ അതിനെ ഉപരിപ്ലവമാക്കണമെന്നോ ഇതിന് അർത്ഥമില്ല. നേരേമറിച്ച്, ഒരു തെറ്റു ചെയ്യുന്ന ആരും അതിനു പരിഹാരം ചെയ്യണം. എന്നാൽ ഇത് മാനസാന്തരത്തിന്റെ തുടക്കമാണ്, അവസാനമല്ല. കാരണം, ഒരുവൻ ദൈവത്തിന്റെ ദയയെയും കാരുണ്യത്തെയും അനുഭവിക്കാൻ തുടങ്ങുകയാണ്. ദൈവം നീതി നിഷേധിക്കുന്നില്ല. അവിടുന്ന് അതിനെ വികസിപ്പിക്കുന്നു. കൂടുതൽ വലിയ സംഭവത്തിലൂടെ അതിനെ അതിലംഘിക്കുന്നു. ആ സംഭവത്തിൽ, സ്നേഹത്തെ യഥാർത്ഥനീതിയുടെ അടിസ്ഥാനമായി നാം അനുഭവിക്കുന്നു. വി. പൗലോസ് തന്റെ കാലഘട്ടത്തിലെ യഹൂദരെ ഏതു തെറ്റുമൂലം ശാസിച്ചുവോ ആ തെറ്റ് ഒഴിവാക്കണമെങ്കിൽ അദ്ദേഹം പറയുന്ന വാക്കു

കൾ ശ്രദ്ധിക്കണം. എന്തെന്നാൽ, "ദൈവത്തിന്റെ നീതിയെക്കുറിച്ച് അവർ അജ്ഞരാകകൊണ്ടും തങ്ങളുടെ തന്നെ നീതി സ്ഥാപിക്കാൻ വ്യഗ്രത കാണിക്കുന്നതുകൊണ്ടും ദൈവനീതിക്ക് അവർ കീഴ്‌വഴങ്ങിയില്ല. വിശ്വസിക്കുന്ന ഏതൊരുവനും നീതീകരിക്കപ്പെടുന്നതിന് ക്രിസ്തു നിയമത്തെ പൂർത്തീകരിച്ചിരിക്കുന്നു" (റോമ 10:3-4). ദൈവത്തിന്റെ നീതി അവിടുത്തെ കാരുണ്യമാണ്. യേശുക്രിസ്തുവിന്റെ മരണത്തിൽനിന്നും ഉത്ഥാനത്തിൽനിന്നും പ്രവഹിക്കുന്ന ഒരു കൃപയെന്ന നിലയിൽ അത് ഒരോ വ്യക്തിക്കും നല്കപ്പെടുന്നു. അങ്ങനെ, ക്രിസ്തുവിന്റെ കുരിശ് നമ്മെയും മുഴുവൻ ലോകത്തെയും സംബന്ധിച്ച് ദൈവത്തിന്റെ ന്യായവിധിയണ്. എന്തെന്നാൽ അതിലൂടെ അവിടുന്ന് സ്നേഹത്തിന്റെയു നവജീവന്റെയും തീർച്ച നല്കുന്നു.

22. ജൂബിലിയിൽ ദണ്ഡവിമോചനങ്ങൾ നല്കപ്പെടും. കാരുണ്യത്തിന്റെ വിശുദ്ധ വർഷത്തിൽ ഈ ആചാരത്തിനു സുപ്രധാന അർത്ഥമുണ്ട്. ദൈവത്തിന്റെ ക്ഷമയ്ക്ക് അതിരുകളില്ല. ദൈവം യേശുക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും തന്റെ സ്നേഹത്തെയും എല്ലാ മാനുഷിക പാപങ്ങളെയും നശിപ്പിക്കാനുള്ള അനുരഞ്ജനം സാധ്യമാകുന്നു. അങ്ങനെ, ദൈവം എപ്പോഴും ക്ഷമിക്കാൻ സന്നദ്ധനാണ്. നിരന്തരം നവീനവും വിസ്മയനീയവുമായ രീതികളിൽ ക്ഷമിക്കുന്നതിൽ അവിടുന്ന് എന്നും ഉത്സുകനാണ്. എന്നാലും, പാപത്തിന്റെ അനുഭവം നമുക്ക് എല്ലാവർക്കും അറിയാം. നാം പരിപൂർണതയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് നമുക്ക് എല്ലാവർക്കും അറിയാം (cf മത്താ. 5:48). എന്നാലും പാപത്തിന്റെ വലിയഭാരം നാം അനുഭവിക്കുന്നു. പരിവർത്തനം ചെയ്യിക്കാൻ കൃപാവരത്തിനുള്ള ശക്തി നമുക്ക് അറിയാം. എന്നാലും നിപതിച്ച നമ്മുടെ അവസ്ഥയുടേതായ പാപഫലങ്ങൾ നിലനില്ക്കുന്നു. അനുരഞ്ജനകൂദാശയിൽ ദൈവം നമ്മുടെ പാപങ്ങൾ പൊറുക്കുന്നു. അവയെ അവിടുന്ന് യഥാർത്ഥത്തിൽ മായിച്ചുകളയുന്നു. എന്നാലും പാപം നമ്മുടെ ചിന്തയുടെയും പ്രവൃത്തിയുടെയും മാർഗത്തിൽ നിഷേധാത്മക ഫലം അവശേഷിപ്പിക്കുന്നു. എന്നാൽ ദൈവത്തിന്റെ കാരുണ്യം അതിനെക്കാളും ശക്തമാണ്. അത് പിതാവിനെ സംബന്ധിച്ചിടത്തോളം ദണ്ഡവിമോചനമായിത്തീരുന്നു. അവിടുന്ന് ക്രിസ്തുവിന്റെ മണവാട്ടിയായ തന്റെ സഭയിലൂടെ ക്ഷമിക്കപ്പെട്ട പാപിയിലേക്ക് എത്തിച്ചേരുന്നു. പാപഫലങ്ങൾ അവശേഷിപ്പിച്ചിട്ടുള്ള എല്ലാ അവശിഷ്ടങ്ങളിൽനിന്നും പാപിയെ സ്വതന്ത്രനാക്കുന്നു. പരസ്നേഹത്തോടെ പ്രവർത്തിക്കാൻ അയാളെ ശക്തനാക്കുന്നു. പാപത്തിലേക്കു വീണ്ടും വീഴാതെ സ്നേഹത്തിൽ വളരാൻ ശക്തി നല്കുന്നു.

സഭ വിശുദ്ധരുടെ സംസർഗത്തിലാണു ജീവിക്കുന്നത്. ദിവ്യകാരുണ്യത്തിൽ ദൈവദാനമായ ഈ സംസർഗം ഒരു ആധ്യാത്മിക ഐക്യമായി

ത്തീരുന്നു. അത് വിശുദ്ധരോടും വാഴ്ത്തപ്പെട്ടവരോടും നമ്മെ ബന്ധിക്കുന്നു. അവരുടെ സംഖ്യയാകട്ടെ, എണ്ണിത്തിട്ടപ്പെടുത്താനാവാത്തതാണ് (cf വെളി. 7:4). അവരുടെ വിശുദ്ധി നമ്മുടെ ബലഹീനതയെ സഹായിക്കാൻ വരുന്നു. അത് ചിലരുടെ ദൗർബല്യങ്ങളെ മറ്റുള്ളവരുടെ ബലം കൊണ്ട് സുരക്ഷിതമാക്കാൻ സഭയെ, മാതൃസഹജമായ പ്രാർത്ഥനകളും ജീവിതരീതിയുമുള്ളവളാകയാൽ, ശക്തിപ്പെടുത്തും. അങ്ങനെ, വിശുദ്ധ വർഷത്തിന്റെ ദണ്ഡവിമോചനം ജീവിക്കുകയെന്നതിന്റെ അർത്ഥം പിതാവിന്റെ കാരുണ്യത്തെ സമീപിക്കുകയെന്നതാണ്. വിശ്വാസിയുടെ മുഴുവൻ ജീവിതത്തിലേക്കും ഈ മാപ്പ് വ്യാപിക്കുമെന്ന തീർച്ചയോടെ സമീപിക്കുകയെന്നതാണ്. ദണ്ഡവിമോചനം പ്രാപിക്കുകയെന്നത് സഭയുടെ വിശുദ്ധിയെ അനുഭവിച്ചറിയുകയെന്നതാണ്. ക്രിസ്തു നിർവഹിച്ച സ്നേഹവും ക്ഷമിക്കലും സഭ എല്ലായിടത്തേക്കും വ്യാപിക്കുന്നതിനുവേണ്ടിയാണത്. നമുക്ക് ഈ ജൂബിലി തീക്ഷ്ണതയോടെ ജീവിക്കാം. നമ്മുടെ പാപങ്ങൾ പൊറുക്കാനും കരുണാപൂർണമായ "ദണ്ഡവിമോചന"ത്തിൽ കുളിപ്പിക്കാനും യാചിച്ചുകൊണ്ട് അങ്ങനെ ചെയ്യാം.

23. സഭയുടെ അതിരുകൾക്കപ്പുറത്തേക്കു പോകുന്ന ഒരു വശം കാരുണ്യത്തിനുണ്ട്. അത് നമ്മെ യഹൂദമതവും ഇസ്ലാംമതവുമായി ബന്ധിപ്പിക്കുന്നു. അവ രണ്ടും ദൈവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഗുണങ്ങളിൽ ഒന്നായി കാരുണ്യത്തെ കരുതുന്നു. ഇസ്രായേലാണ് ആദ്യം ഈ വെളിപാടു സ്വീകരിച്ചത്. മനുഷ്യവംശം മുഴുവനും പങ്കുവയ്ക്കേണ്ടതും അക്ഷയ സമ്പന്നതയുടെ ഉറവിടമായി അത് ചരിത്രത്തിൽ തുടരുന്നു. നമ്മൾ കണ്ടതുപോലെ പഴയനിയമം കാരുണ്യത്തിൽ നിമഗ്നമാണ്. എന്തെന്നാൽ അവരുടെ ചരിത്രത്തിലെ ഏറ്റവും നിർണായകമായ നിമിഷങ്ങളിൽ ദൈവം തന്റെ ജനത്തിനായി ചെയ്ത കാരുണ്യപ്രവൃത്തികളെ അതു വിവരിക്കുന്നു. ഇസ്ലാംമതം സ്രഷ്ടാവിനു നല്കുന്ന സവിശേഷ പേരുകൾ "കാരുണ്യവാനും ദയാലുവും" എന്നാണ്. കാരുണ്യം അനുദിന ദൗർബല്യത്തിൽ തങ്ങളോടൊപ്പമായിരിക്കുകയും പിന്താങ്ങുകയും ചെയ്യുന്നുവെന്നു കരുതുന്ന വിശ്വാസികളായ മുസ്ലീങ്ങളുടെ ചുണ്ടുകളിൽ ഈ വിളി മിക്കപ്പോഴുമുണ്ട്. ദൈവികകാരുണ്യത്തിന് അതിരില്ലെന്നും അതിനാൽ അതിന്റെ വാതിലുകൾ എപ്പോഴും തുറന്നു കിടക്കുന്നുവെന്നും അവരും വിശ്വസിക്കുന്നു.




## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റവും നിയമനവും (14.05.2016)

| | | | |
|---|---|---|---|
| 1 | ആനിത്താനം ജോസഫ് | വികാരി | നെല്ലിക്കാംപൊയിൽ |
| 2 | അന്ത്യാംകുളം ജോൺസൺ | ഡയറക്ടർ | പ്രതീക്ഷ |
| 3 | അരീക്കാട്ട് തോമസ് | റിട്ടയർമെന്റ് | ശാന്തിഭവൻ |
| 4 | അരീപ്പറമ്പിൽ ജെയിംസ് | പാസ്റ്ററൽ വർക്ക് | ഓസ്ട്രിയ |
| 5 | അട്ടാങ്ങാട്ടിൽ തോമസ് | വികാരി | വട്ട്യറ + എച്ച്എസ്എസ് എടൂർ |
| 6 | ചാത്തമ്പടത്തിൽ സെബാസ്റ്റ്യൻ എസ്ഡിബി | വികാരി | മാവുഞ്ചാൽ (29.05.2016) |
| 7 | ചാത്തനാട്ട് ജോസഫ് | വികാരി | കുന്നോത്ത്, നാട്ടേൽ |
| 8 | ചേന്നപ്പള്ളി ജോർജ് | വികാരി | നെല്ലിയടുക്കം |
| 9 | ചെരിയംപുറത്ത് വർഗ്ഗീസ് | വികാരി | പരപ്പ |
| 10 | എടാട്ട് തോമസ് | | അവധി |
| 11 | ഇടയാടിയിൽ സെബാസ്റ്റ്യൻ | റസിഡന്റ് മാനേജർ | രാഷ്ട്രദീപിക ലിമിറ്റഡ്, കണ്ണൂർ |
| 12 | കാക്കരമറ്റത്തിൽ ജോസഫ് | ആധ്യാത്മിക നിയന്താവ് | വിൻസെന്റ് ഡി പോൾ സൊസൈറ്റി (അധികചുമതല) |
| 13 | കളരിക്കൽ കുര്യാക്കോസ് | വികാരി | തയ്യേനി, അത്തിയഡുക്കം |
| 14 | കളരിമുറിയിൽ ജോർജ് | വികാരി | നെടുവാലൂർ |
| 15 | കാഞ്ഞിരക്കാട്ട് ജോർജ് | ഡയറക്ടർ | സന്ദേശഭവൻ (അധിക ചുമതല) |
| 16 | ,, സെബാസ്റ്റ്യൻ ജോസഫ് | റിട്ടയർമെന്റ് | ശാന്തിഭവൻ |
| 17 | കാരിക്കൽ മാത്യു | വികാരി | മുള്ളേരിയ, ദേലംപാടി, ഡയറക്ടർ ജീവസ് & ഇൻചാർജ്: റ്റിഎസ് എസ്എസ് കാസർഗോഡ് റീജൻ |
| 18 | കരിമ്പൂഴിക്കൽ ജോസഫ് | വികാരി | മുണ്ടാനൂർ |
| 19 | കട്ടക്കയത്തിൽ തോമസ് | വികാരി | ചീക്കാട് |
| 20 | കിഴക്കരക്കാട്ട് ജോസഫ് | വികാരി | അരിവിളഞ്ഞപൊയിൽ |
| 21 | കൊച്ചുകരോട്ട് തോമസ് | വികാരി | പേരാവൂർ, മടപുറച്ചാൽ, കിഴക്കേമാവടി |
| 22 | കൊടകനാടി ജോർജ് | വികാരി | കല്ലുവയൽ |
| 23 | കോലക്കുന്നേൽ കുര്യാക്കോസ് | വികാരി | മഞ്ഞളാംപുറം, അഡ്ജു. ജുഡി. വികാർ |
| 24 | കോണിക്കൽ മാത്യു | പ്രോ-വികാർ | ജയഗിരി |

| | | |
|---|---|---|
| 25 കൊട്ടുകാപ്പള്ളി തോമസ് | വികാരി | ചേപ്പറമ്പ |
| 26 കൊട്ടുകാപ്പള്ളി മാത്യു | വികാരി | ബാലേശുഗിരി |
| 27 കോയിപ്പുറം ജോസഫ് | വികാരി | കനകക്കുന്ന് |
| 28 കുടിപ്പറമ്പിൽ ചാക്കോ | വികാരി | കാവുംതല, കാറ്റാംകവല |
| 29 കുന്നത്ത് വർഗ്ഗീസ് | പഠനം | കോയമ്പത്തൂർ |
| 30 കുറ്റിക്കാട്ടുകുന്നേൽ ജേക്കബ് | വികാരി | വിളക്കന്നൂർ |
| 31 കുഴിയാനിമറ്റത്തിൽ ജോസഫ് | വികാരി | മുളപ്ര |
| 32 കുഴിക്കാട്ട് ജോർജ് | പാസ്റ്ററൽ വർക്ക് | ഓസ്ട്രിയ |
| 33 മഠത്തിമ്യാലിൽ അബ്രാഹം | വികാരി | മണക്കടവ് |
| 34 മണ്ഡപത്തിൽ സെബാസ്റ്റ്യൻ | പാസ്റ്ററൽ വർക്ക് | മെൽബൺ, ഓസ്ട്രേലിയ |
| 35 മഞ്ഞളാംകുന്നേൽ ആന്റണി | വികാരി | മാലോം, ദർക്കാസ്, പറമ്പ, മാലോം ടൗൺ |
| 36 മറ്റപ്പള്ളിൽ ലൂക്കോസ് | വികാരി | പുഞ്ച |
| 37 മറ്റത്തിൽ ഫ്രാൻസീസ് | വികാരി | കമ്പല്ലൂർ |
| 38 മേച്ചിറാകത്ത് ഫ്രാൻസിസ് | ഡയറക്ടർ | എ.കെ.സി.സി (അധികചുമതല) |
| 39 മേൽവെട്ടത്ത് തോമസ് | ചെയർമാൻ | വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂഷൻസ് ചെമ്പേരി |
| 40 മുളയോലിൽ മാത്യു | പാസ്റ്ററൽ വർക്ക് | യു.കെ. |
| 41 മുണ്ടന്താനത്ത് ജോസഫ് | റിട്ടയർമെന്റ് | ശാന്തിഭവൻ |
| 42 മുരിയൻവേലിൽ ജോസഫ് | റിട്ടയർമെന്റ് | ശാന്തിഭവൻ |
| 43 മുതുകുന്നേൽ ആന്റണി | വികാരി | എടൂർ, നെടുമുണ്ട |
| 44 നെല്ലുവേലിൽ ജോൺ ഒ. പ്രേം | വികാരി | കാഞ്ഞിരടുക്കം |
| 45 നൂറമ്മാക്കൽ ജോൺ | ഡയറക്ടർ | സെന്റ് ജോൺപോൾ സെക്കന്റ് ഫോർമേഷൻ സെന്റർ, പൊന്ന്യം |
| 46 നൂറാമ്മാക്കൽ തോമസ് | വികാരി | ചുള്ളി, പുല്ലടി |
| 47 ഒറകുണ്ടിൽ ജോൺ | പാസ്റ്ററൽ വർക്ക് | ജർമ്മനി |
| 48 ഓരത്തേൽ കുര്യാക്കോസ് | വികാരി | ചെടിക്കുളം |
| 49 പാലമറ്റം മാത്യു | വികാരി | കരുവഞ്ചാൽ |
| 50 പാമ്പയ്ക്കൽ തോമസ് | വികാരി | ബെഡൂർ |
| 51 പന്തലാടിക്കൽ ജോസഫ് | വികാരി | ശ്രീകണ്ഠാപുരം, കോട്ടൂർവയൽ |
| 52 പന്തലാനിക്കൽ അബ്രാഹം | പാസ്റ്ററൽ വർക്ക് | യു.എസ്.എ. |
| 53 പറപ്പള്ളിയാത്ത് മാർട്ടിൻ | വികാരി | മട്ടന്നൂർ |
| 54 പരവരാകത്ത് മാത്യു | വികാരി | പേരട്ട |
| 55 പരേതേപതിക്കൽ ആന്റണി | പ്രൊക്യൂറേറ്റർ | ആർച്ച് ബിഷപ്സ് ഹൗസ് |
| 56 പതിക്കൽ തോമസ് | വികാരി | നെടുംപുറംചാൽ |
| 57 പതിയോട്ടിൽ ജോസഫ് | | അവധി |

| | | |
|---|---|---|
| 58 പൊന്നമ്പേൽ ജോൺ | റസിഡന്റ് പ്രീസ്റ്റ് | വായാട്ടുപറമ്പ (29.05.2016) |
| 59 പൂത്തോട്ടാൽ ജോസഫ് സിഎസ്ജെബിപി | വികാരി | പൊട്ടംപ്ലാവ് |
| 60 പോത്തനാമല മാത്യു | വികാരി | കിളിയന്തറ |
| 61 പൊട്ടംപ്ലാക്കൽ മാത്യു | വികാരി | മാങ്ങോട്, പുതിയങ്ങാടി |
| 62 പുളിക്കൽ ജോർജ് | വികാരി | കരുണാപുരം |
| 63 പുളിന്താനം സെബാസ്റ്റ്യൻ | റസിഡന്റ് പ്രീസ്റ്റ് | തളിപ്പറമ്പ |
| 64 പുന്നൂർ ആന്റണി | വികാരി | കോഴിച്ചാൽ |
| 65 പുത്തൻപുരയ്ക്കൽ സേവ്യർ (ജൂനി) | വികാരി | വാണിയപ്പാറ |
| 66 തടത്തിമാക്കൽ വർക്കി | വികാരി | കരയത്തുംചാൽ |
| 67 താരാമംഗലം അലക്സ് | സിഞ്ചെല്ലൂസ് | ആർച്ച്ബിഷപ്സ് ഹൗസ് |
| 68 താഴപ്പള്ളിൽ സെബാസ്റ്റ്യൻ | അഭി. പിതാവിന്റെ സെക്രട്ടറി ഹൗസ് പ്രൊക്യുറേറ്റർ | ആർച്ച്ബിഷപ്സ് ഹൗസ് |
| 69 തെക്കേൽ ആൻഡ്രൂസ് | വികാരി | ഭീമനടി |
| 70 തേനമ്മാക്കൽ ജോസഫ് | വികാരി | പയ്യാവൂർ |
| 71 തൊട്ടിയിൽ ജോമി ജോസഫ് പിഎസ്ഡിപി | വികാരി | അറബി |
| 72 തുണ്ടത്തിൽ ജോസഫ് | വികാരി | മാംപൊയിൽ |
| 73 തുരുത്തിപ്പള്ളിൽ ജോസഫ് | അഭി. വലിയമറ്റം പിതാവിന്റെ സെക്രട്ടറി, കോ-ഓർഡിനേറ്റർ, ഇന്റർനെറ്റ് മിഷൻ | ആർച്ച്ബിഷപ്സ് ഹൗസ് |
| 74 തൈത്തോട്ടം തോമസ് | ഡയറക്ടർ | കെസിബിസി മദ്യവിരുദ്ധ സമിതി & എഡിഎസ്‌യു (സന്ദേശഭവൻ) |
| 75 ഉറുമ്പുകാട്ടിൽ അഗസ്റ്റിൻ | വികർ ജനറൽ | ഭദ്രാവതി രൂപത |
| 76 വടക്കേമുറി അബ്രാഹം സിഎംഐ | വികാരി | വെണ്ണക്കല്ല് |
| 77 വടശ്ശേരി സ്കറിയ | വാർഡൻ& സ്റ്റാഫ് | വിമൽജ്യോതി, ചെമ്പേരി |
| 78 വയലുങ്കൽ ജോസഫ് | വൊക്കേഷൻ പ്രമോട്ടർ | മൈനർ സെമിനാരി |
| 79 വാഴകാട്ട് സെബാസ്റ്റ്യൻ | വികാരി | നടുവിൽ |
| 80 വെള്ളരിങ്ങാട്ട് ജോർജ് | വികാരി | ജോസ്ഗിരി |
| 81 വേങ്ങക്കുന്നേൽ മാത്യു | വികാരി | ഓടന്തോട് |
| 82 വേങ്ങക്കുന്നേൽ ജോസഫ് | പഠനം | ബാംഗ്ലൂർ |
| 83 വെട്ടിക്കൽ ജോസ് | വികാരി | പൈസക്കരി, മുത്താറിക്കുളം |

## അസിസ്റ്റന്റ് വികാരിമാർ

| | |
|---|---|
| 1 അറയ്ക്കൽ തോമസ് | പുളിങ്ങോം (04.06.2016) |
| 2 ആനചാരി ജോസഫ് | ചന്ദനക്കാംപാറ |
| 3 ചിറ്റേട്ട് ആന്റണി | കാസർഗോഡ് |
| 4 ഇളംപുരയിടം ജോസഫ് | എടൂർ |
| 5 കൊളുത്താപ്പള്ളി ജോസഫ് | പാലാവയൽ |
| 6 കുരിശുംമൂട്ടിൽ ജോസഫ് | ചെമ്പേരി |

| | | |
|---|---|---|
| 7 | നടുവിലേക്കൂറ്റ് തോമസ് | കുടിയാന്മല |
| 8 | നിരപ്പേൽ അലക്സ് | വെള്ളരിക്കുണ്ട് |
| 9 | പണ്ടാരപ്പറമ്പിൽ ജോസഫ് | പേരാവൂർ |
| 10 | പഴേപറമ്പിൽ ജോർജ് | മണിക്കടവ് |
| 11 | പെരുംപുഴക്കടവിൽ തോമസ് എച്ച്.ജി.എൻ. | മാലോം |
| 12 | പൂവത്താനിക്കൽ ജോൺപോൾ | ചെമ്പന്തൊട്ടി |
| 13 | വാളിപ്ലാക്കൽ തോമസ് | തോമാപുരം |
| 14 | വരമ്പകത്ത് സ്കറിയ | ആലക്കോട് |
| 15 | വെമ്മേനിക്കട്ടയിൽ സെബാസ്റ്റ്യൻ (വാർഡൻ) | വിമൽജ്യോതി, ചെമ്പേരി |
| 16 | വേങ്ങപ്പറമ്പിൽ ജോൺസൺ | മേരിഗിരി |
| 17 | വെട്ടിയാനിക്കൽ ആന്റണി | കുന്നോത്ത് |
| 18 | വെട്ടുവയലിൽ മാത്യു | ചെറുപുഴ |

## 2. നന്ദിയും സ്വാഗതവും

വിവിധ ഇടവകകളിൽ കൊച്ചച്ചന്മാരായി സേവനമനുഷ്ഠിച്ചിരുന്ന ഫാ. വറുഗീസ് മങ്ങര എച്ച്ജിഎൻ, ആന്റോ ചാലക്കൽ സിഎസ്റ്റി, തോമസ് തറയിൽ കപ്പൂച്ചിൻ, സെബാസ്റ്റ്യൻ മണക്കാട്ട് കപ്പൂച്ചിൻ, ജോസഫ് മണിമലത്തറപ്പേൽ കപ്പൂച്ചിൻ, കുര്യാക്കോസ് കരുമാലൂർ ഒപ്രേം, മാനുവൽ പാലക്കുടി എസ്ഡിബി എന്നിവർ മാതൃഭവനങ്ങളിലേക്കു തിരിച്ചുപോവുകയാണ്. അവർ അർപ്പിച്ച വിശിഷ്ടമായ സേവനം അതിരൂപത നന്ദിപൂർവ്വം ഓർമ്മിക്കുകയും പുതിയ പ്രവർത്തനമേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.

അതിരൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ഫാ. ജോൺ നെല്ലുവേലിൽ ഒപ്രേം, ഫാ. ജോസഫ് പൂത്തോട്ടാൽ സിഎസ്ജെസിപി, ഫാ. ജോമി തോമസ് തൊട്ടിയിൽ പിഎസ്ഡിപി, ഫാ. തോമസ് പെരുമ്പുഴക്കയിൽ എച്ച്ജിഎൻ എന്നീ ബഹു. വൈദികർക്ക് അതിരൂപതയിലേക്ക് ഹൃദ്യമായ സ്വാഗതവും നേരുന്നു. അതിരൂപതയിലെ അവരുടെ സേവനം ദൈവാനുഗ്രഹപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

## 3. കൃതജ്ഞത

2013 ഡിസംബർ 31 മുതൽ അതിരൂപതയുടെ സിഞ്ചെല്ലൂസായി പ്രവർത്തിച്ചുവരികയായിരുന്ന പെരിയ ബഹു. ജോൺ ഒറകുണ്ടിലച്ചൻ 2016 ഏപ്രിൽ 30ന് തത്സ്ഥാനത്തുനിന്നും വിരമിച്ചു. വൈദികരുടെ പ്രത്യേക ചുമതലയാണ് ഇക്കാലയളവിൽ അദ്ദേഹം നിർവ്വഹിച്ചുപോന്നത്. അച്ചന്റെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുകയും പുതിയ പ്രവർത്തനരംഗത്ത് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.

കഴിഞ്ഞ മൂന്നുവർഷമായി അതിരൂപതയുടെ പ്രൊക്കുറേറ്ററായിരുന്ന ബഹു. മുതകുന്നേലച്ചന്റെ കാര്യക്ഷമവും നിസ്വാർത്ഥവുമായ സേവനത്തിന്

അതിരൂപത നന്ദി പറയുന്നു. തലശ്ശേരി സാൻജോസ് ഭവൻ, കരുവഞ്ചാൽ പ്രീസ്റ്റ് ഹോം, ചെമ്പേരി കരുണാലയം എന്നിവയുടെ നിർമ്മാണത്തിലും സാൻ മരിയാ എസ്റ്റേറ്റിലും പൊന്ന്യത്തും കൃഷി ചെയ്യുന്നതിലും അദ്ദേഹം നൽകിയ നേതൃത്വം നിസ്തുലമാണ്. കൃതജ്ഞതയും ഭാവുകങ്ങളും. അതിരൂപതാ ഫിനാൻസ് ഓഫീസിൽ കഴിഞ്ഞ ഒൻപതു വർഷമായി സേവനമനുഷ്ഠിച്ചിരുന്ന സി. ഗ്രേസി എഫ്സിസിയും പുതിയ ശുശ്രൂഷാ രംഗത്തേക്കു മാറി. സിസ്റ്ററിന്റെ നിശബ്ദവും നിസ്തന്ദ്രവുമായ സേവനത്തിന് അതിരൂപത ഹൃദ്യമായ കൃതജ്ഞത അർപ്പിക്കുന്നു.

അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ഫാ. ജോസഫ് കിഴക്കരക്കാട്ട്, അഭിവന്ദ്യ വലിയമറ്റം പിതാവിന്റെ സെക്രട്ടറിയായിരുന്ന ഫാ. കുര്യാക്കോസ് കോലക്കുന്നേൽ എന്നിവരും പുതിയ പ്രവർത്തന മേഖലകളിൽ എത്തിച്ചേർന്നു. ബഹു. കോലക്കുന്നേലച്ചൻ അതിരൂപതാഭവനത്തിന്റെ ഹൗസ് പ്രൊക്കുറേറ്ററും അഡ്ജുറ്റന്റ് ജുഡിഷ്യൽ വികാരിയുമായിരുന്നു. രണ്ടുപേർക്കും ഹൃദ്യമായ നന്ദി. ആശംസകൾ.

## 4. Allocation of the Duties of Protosyncellus and Syncelli

**1. Very Rev. Mgr. Abraham Ponatt, Protosyncellus**

- General administration of the Curia and Permissions
- Education: General and Higher Education - Schools and Colleges
- Religious Institutes of Consecrated Life, Societies of Apostolic Life, Secular Institutes
- Co-ordination of Departments; Associations; Organisations
- Pastoral council, Presbyteral Council, College of Consulters, Forane Vicars etc.
- Other departments and areas not given to the syncelli.

**2. Very Rev. Mgr. Alex Tharamangalam, Syncellus**

- Priests' Welfare, PPF, Shanthibhavan
- Priests' ongoing Formation
- Vocation Bureau
- Annual Retreat & Monthly Recollections
- Parishes - Pothuyogam, Parish Council, Accounts
- Seminarians - Formation, Regency, Diaconate

**3. Very Rev. Mgr. George Elukunnel, Syncellus**

- All matters related to the parishes of Kasargod Region
- Organisations in Kasargod Region
- Spiritual and material needs of priests of that region
- Development of Kasargod Region

## 5. പുതിയ ഇടവക

**മുള്ളേരിയ:** രണ്ടായിരാമാണ്ടിൽ കാസർഗോഡ് ഇടവകയുടെ കീഴിൽ സ്ഥാപിക്കപ്പെട്ട മുള്ളേരിയ ഉണ്ണിമിശിഹാ സ്വതന്ത്ര കുരിശുപള്ളി ഇടവകയെ 2016 ഏപ്രിൽ 25ന് അഭിവന്ദ്യ പിതാവ് സ്വതന്ത്ര ഇടവകയായി ഉയർത്തി. ഇപ്പോൾ 70 കുടുംബങ്ങൾ മാത്രമാണ് ഉള്ളതെങ്കിലും വലിയ വികസനസാധ്യതകൾ ഉള്ള ഇടമാണ് മുള്ളേരിയ പട്ടണവും പ്രദേശങ്ങളും. അതിരൂപതയിലെ 194-ാമത്തെ ഇടവകയായ മുള്ളേരിയായിലെ പ്രഥമ വികാരി ഫാ. മാത്യു കാരിക്കൽ ആണ്. 2013 മുതൽ മുള്ളേരിയായുടെ ചുമതലയും ബദിയടുക്കയിലെ ബഹു. വികാരിയാണ് വഹിച്ചിരുന്നത്. ഇനിമുതൽ ദേലമ്പാടിയുടെ വികാരിയും മുള്ളേരിയായിലെ ബഹു. വികാരിയായിരിക്കും.

വിലാസം: ഇൻഫന്റ് ജീസസ് ചർച്ച്,
മുള്ളേരിയ പി.ഒ., കാസർഗോഡ് - 671543

## 6. വികാരിമാറ്റ റിപ്പോർട്ട്

ബഹു. വികാരിയച്ചന്മാരുടെ സ്ഥലംമാറ്റത്തോടനുബന്ധിച്ച് സ്ഥലം മാറുന്ന വികാരിയും പുതിയ വികാരിയും ഒപ്പിട്ട വികാരി സ്ഥലംമാറ്റ റിപ്പോർട്ടിന്റെ കോപ്പി ചില ഇടവകകളിൽനിന്നു മാത്രമേ അതിരൂപതാ കച്ചേരിയിൽ ലഭിച്ചിട്ടുള്ളു. മറ്റുള്ള ഇടവകകളിൽനിന്നുമുള്ള റിപ്പോർട്ട് ജൂൺ 19നകം കച്ചേരിയിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

## 7. ബഹു. ഫൊറോനാ വികാരിമാരുടെ ശ്രദ്ധയ്ക്ക്

**പാസ്റ്ററൽ കൗൺസിൽ:** ബഹു. വൈദികരുടെ സ്ഥലംമാറ്റത്തിന്റെ ഫലമായി ചെമ്പന്തൊട്ടി, എടൂർ, പേരാവൂർ, വായാട്ടുപറമ്പ് ഫൊറോനകളിലെ പാസ്റ്ററൽ കൗൺസിൽ പ്രതിനിധികൾ മാറിയിട്ടുണ്ട്.

**പ്രെസ്ബിറ്ററൽ കൗൺസിൽ:** ചെമ്പന്തൊട്ടി, കുന്നോത്ത്, തോമാപുരം, വായാട്ടുപറമ്പ, വെള്ളരിക്കുണ്ട് ഫൊറോനകളിൽനിന്നുള്ള പ്രെസ്ബിറ്ററൽ കൗൺസിൽ പ്രതിനിധികൾക്കും മാറ്റമുണ്ടായിട്ടുണ്ട്.

ഈ രണ്ടു സമിതികളിലേക്കുമുള്ള പ്രതിനിധികളെ ജൂൺ മാസത്തെ മാസധ്യാനത്തിൽ തെരഞ്ഞെടുത്ത് പേരുവിവരം ജൂണിൽത്തന്നെ ചാൻസലറച്ചനെ അറിയിക്കുമല്ലോ.

## 8. ബഹു. വൈദികരുടെ തുടർപരിശീലനപരിപാടി

അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന ബഹു. വൈദികർക്കു വേണ്ടിയുള്ള തുടർപരിശീലനപരിപാടി (റിഫ്രെഷർ കോഴ്സ്) 2016 ജൂലൈ 18–20; ജൂലൈ 21–23 തീയതികളിൽ രണ്ടുബാച്ചുകളിലായി സന്ദേശഭവനിൽവച്ചു നടത്തുന്നതാണ്. അതിരൂപതയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന എല്ലാ വൈദികരും ഈ പരിപാടിയിൽ സംബന്ധിക്കണം. ഒന്നാംദിവസം രാവിലെ 10.30ന് ആരംഭിക്കുന്ന കോഴ്സ് മൂന്നാംദിവസം ഉച്ചഭക്ഷണത്തോടെ സമാപിക്കുന്നതാണ്. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുവിവരം ഈ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതു ശ്രദ്ധിക്കുമല്ലോ.

## 9. പത്രോസിന്റെ കാശ് പിരിവ്

എല്ലാവർഷവും ജൂൺ മാസത്തിൽ വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചാണ് പത്രോസിന്റെ കാശ് പിരിക്കുന്നത്. സാർവ്വത്രികസഭയുടെ പ്രവർത്തനങ്ങളിൽ ഓരോ വിശ്വാസിയെയും പങ്കാളിയാക്കാനുള്ള പരിശ്രമമാണ് ഈ പിരിവിലൂടെ നടത്തുന്നത്. ജൂൺ 29ന് വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. അപ്പസ്തോലപ്രമുഖരും ധീരരക്തസാക്ഷികളുമായ അവരുടെ തിരുനാളിനെക്കുറിച്ച് ജനങ്ങളെ അറിയിക്കുകയും പത്രോസിന്റെ പിൻഗാമിയായ പരിശുദ്ധ പിതാവിനുവേണ്ടി പ്രാർത്ഥിക്കാനും സഭാപ്രവർത്തനങ്ങൾക്കു സംഭാവന ചെയ്യാനും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇക്കൊല്ലം ജൂൺ 26–ാം തീയതിയാണ് നമ്മുടെ അതിരൂപതയിൽ ഈ പിരിവ് സമാഹരിക്കുന്നത്.

## 10. സീറോ മലബാർ സഭാദിനം – ജൂലൈ 3

സീറോ മലബാർ സഭാദിനമായിട്ടാണല്ലോ ജൂലൈ 3 ആചരിക്കുന്നത്. നമ്മുടെ സഭയുടെ പിതാവായ മാർത്തോമാശ്ലീഹായുടെ തിരുനാളായ ദുക്റാനയുടെ മംഗളങ്ങൾ ഏവർക്കും നേരുന്നു. അന്നത്തെ സ്തോത്രക്കാഴ്ച സീറോ മലബാർ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ പ്രവർത്തനഫണ്ടിലേക്കു നൽകുന്നതിനുവേണ്ടിയാണ് സമാഹരിക്കുന്നത്. ഒരു വ്യക്തി കുറഞ്ഞത് രണ്ടുരൂപയെങ്കിലും സ്തോത്രക്കാഴ്ചയായി നൽകണം. പിരിഞ്ഞു കിട്ടുന്ന തുക കഴിയുന്നത്ര നേരത്തെ അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ. സഭാദിനത്തോട് അനുബന്ധിച്ചുള്ള അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിന്റെ സന്ദേശം ജൂൺ 26നാണ് പള്ളികളിൽ വായിക്കേണ്ടത്. 26നു മുമ്പായി അത് എത്തിച്ചുതരുന്നതാണ്.

## 11. വിശ്രമജീവിതത്തിലേക്കു പ്രവേശിക്കുന്ന വന്ദ്യവൈദികർ

**ഫാ. തോമസ് അരീക്കാട്ട്:** പാലാ രൂപതയിലെ ഉള്ളനാട്ട് ഇടവകാംഗമായി 15.07.1938ൽ ജനിച്ച അച്ചൻ 01.12.1964ൽ തിരുപ്പട്ടം സ്വീകരിച്ച് കെല്ലൂർ,

കോട്ടത്തറ, കാറ്റുള്ളമല, വിളക്കാംതോട്, മാട്ടറ, ചുണ്ടപ്പറമ്പ, കുന്നോത്ത്, പെരുമ്പടവ്, പുറവയൽ, തടിക്കടവ്, ആര്യപ്പറമ്പ, മുണ്ടാനൂർ, ഒറ്റത്തൈ, അരീക്കമല, കുട്ടാപറമ്പ ഇടവകകളിൽ ശുശ്രൂഷ ചെയ്തു. ഒരു വർഷം മദർഹോമിലും സേവനമനുഷ്ഠിച്ചശേഷമാണ് ശാന്തിഭവനിലേക്കു പോകുന്നത്.

**ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട്:** പാലാ രൂപതയിലെ കുടക്കച്ചിറയിൽ 25.05.1936ന് ഭൂജാതനായ അച്ചൻ 14.03.1964ൽ വൈദികനായി. തരിയോട്, ചേന്നലോട്, ചാപ്പൻതോട്ടം, കുന്നോത്ത്, ചെമ്പേരി, ആലക്കോട്, ചെറുപുഴ, ചെമ്പന്തൊട്ടി, പേരാവൂർ, പാലാവയൽ, കരുണാപുരം എന്നീ ഇടവകകളിൽ സേവനമനുഷ്ഠിച്ചു.

**ഫാ. കുര്യാക്കോസ് കാവളക്കാട്ട്:** കോതമംഗലം രൂപതയിലെ നെടിയകാട് ഇടവകയിൽ 08.05.1941ലാണ് അച്ചന്റെ ജനനം. പൗരോഹിത്യസ്വീകരണം 06.12.1966ന്. മാനന്തവാടി, തൃശ്ശിലേരി, മഞ്ഞുവയൽ, സെമിനാരിവില്ല, വിലങ്ങാട്, ഷീരാടി, കിളിയന്തറ, കരുവഞ്ചാൽ (ഇടവകയും ആശുപത്രിയും), പൈസക്കരി, എടൂർ, ചെമ്പന്തൊട്ടി, കാസർഗോഡ്, കുടിയാന്മല, അങ്ങാടിക്കടവ്, നിർമ്മലഗിരി, കോളയാട് എന്നിവയാണ് സേവനരംഗങ്ങൾ.

**ഫാ. ജോസഫ് മുണ്ടന്താനം:** പാലാ രൂപതയിലെ ചക്കാമ്പുഴയിൽ 30.03.1938നു ജനിച്ചു. തിരുപ്പട്ടം 12.03.1966ൽ സ്വീകരിച്ചു. കെല്ലൂർ, കണിയാമ്പറ്റ, പൊറ്റശ്ശേരി, വേനപ്പാറ, കിളിയന്തറ, സാൻതോം എസ്റ്റേറ്റ്, എടക്കാനം, ചന്ദനക്കാംപാറ, നെല്ലിപ്പാറ, കീഴ്പ്പള്ളി, മണ്ടളം, പൊന്മല, വെണ്ണക്കല്ല് എന്നീ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തു.

**ഫാ. ജോസഫ് മുരിയൻവേലിൽ:** താമരശ്ശേരി രൂപതയിലെ കട്ടിപ്പാറ ഇടവകാംഗമാണ്. 1939ലെ ക്രിസ്മസ് ദിനത്തിൽ പാലാ രൂപതയിലെ മലപ്പുറത്തു ജനിച്ചു. 17.12.1967ൽ വൈദികപട്ടം സ്വീകരിച്ചു. സേവനമനുഷ്ഠിച്ച ഇടവകകൾ വാഴവറ്റ, എണ്ണപ്പാറ, തോണിച്ചാൽ, പെരുമ്പുന്ന, കാറ്റുള്ളമല, കരുവാരക്കുണ്ട്, ചന്ദനക്കാംപാറ, ചാപ്പൻതോട്ടം, പാലാവയൽ, കച്ചേരിക്കടവ്, വിമലശ്ശേരി, വെള്ളാട്, പൊന്മല, ചെങ്ങോം, കരയത്തുംചാൽ, ചെടിക്കുളം, നെടുംപുറംചാൽ എന്നിവയാണ്.

ഈ ബഹു. വൈദികരുടെ സേവനത്തെ അതിരൂപത വിലമതിക്കുകയും അവർക്ക് അനുഗ്രഹപ്രദമായ വിശ്രമകാലം ആശംസിക്കുകയും ചെയ്യുന്നു.

## 12. ആദരാഞ്ജലി

**ശ്രീമതി മറിയം കുറ്റിക്കാട്ടുകുന്നേൽ:** ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ, ഫാ. തോമസ് (മാനന്തവാടി), സി. തെരേസ് സിഎംസി (താമരശ്ശേ

രി) എന്നിവരുടെ പ്രിയ മാതാവും ഫാ. സെബാസ്റ്റ്യൻ വാഴകാട്ടിന്റെ സഹോദരിയുമായ ശ്രീമതി മറിയം കുറ്റിക്കാട്ടുകുന്നേൽ (93) 2016 മെയ് 3-ാം തീയതി നിര്യാതയായി. അഭിവന്ദ്യ വലിയമറ്റം പിതാവ് അന്നുതന്നെ ഭവനത്തിലെത്തി പ്രാർത്ഥിച്ചു. പിറ്റേന്നു നടന്ന മൃതസംസ്ക്കാര ശുശ്രൂഷകളിൽ അഭിവന്ദ്യ ഞറളക്കാട്ടുപിതാവും പൊരുന്നേടം പിതാവും മുഖ്യകാർമ്മികരായിരുന്നു. പരേതയ്ക്ക് നിത്യസൗഭാഗ്യവും സന്തപ്തകുടുംബാംഗങ്ങൾക്ക് അനുശോചനവും നേരുന്നു.

## 13. സ്നേഹസ്മൃതി

| | | |
|---|---|---|
| 1. | റവ. ഫാ. ഷാബോർ വള്ളവന്തറ സി.എം.ഐ | - 01-06-1963 |
| 2. | റവ. ഫാ. റാഫേൽ തറയിൽ | - 03-06-2007 |
| 3. | റവ. ഫാ. സിറിയക് ചെമ്മാഴം | - 04-06-1985 |
| 4. | റവ. ഫാ. മാത്യു വില്ലന്താനം | - 05-06-2015 |
| 5. | റവ. ഫാ. തോമസ് കാട്ടൂർ | - 08-06-1977 |
| 6. | റവ. ഫാ. ജോൺ വിയാനി സി.എം.ഐ. | - 09-06-1986 |
| 7. | റവ. ഫാ. ഫ്രെഡറിക് ആലഞ്ചേരി സി.എം.ഐ. | - 10-06-1982 |
| 8. | റവ. ഫാ. സെബാസ്റ്റ്യൻ പുളിയന്മാക്കൽ | - 10-06-1994 |
| 9. | റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര | - 11-06-2005 |
| 10. | റവ. ഫാ. മാത്യു കുരുവൻപ്ലാക്കൽ | - 15-06-2015 |
| 11. | റവ. ഫാ. പോൾ മൂശാരിയേട്ട് | - 19-06-2006 |
| 12. | റവ. മോൺ. ജേക്കബ് വാരികാട്ട് | - 21-06-2001 |
| 13. | റവ. ഫാ. ജോസഫ് അടിപുഴ | - 21-06-2008 |
| 14. | റവ. ഫാ. സെബാസ്റ്റ്യൻ സി. എം. ഐ. | - 24-06-1974 |
| 15. | റവ. മോൺ. വർക്കി കുഴികുളത്തിൽ | - 24-06-2009 |
| 16. | റവ. ഫാ. ഫുൾജെൻസിയൂസ് തെക്കേമാളിയേക്കൽ സി.എം.ഐ. | - 25-06-1970 |
| 17. | റവ. ഫാ. മരിയാനൂസ് കുഴുപ്പിൽ സി.എം.ഐ. | - 24-06-2003 |
| 18. | റവ. ഫാ. ജോൺ വിയാനി സി.എം.ഐ. | - 26-06-1986 |
| 19. | റവ. ഫാ. അന്തോണിനൂസ് കണിയാംകുന്നേൽ സി.എം.ഐ. | - 28-06-2004 |
| 20. | റവ. ഫാ. അഗസ്റ്റിൻ വിലങ്ങപ്പാറ സി.എം.ഐ. | - 30-06-2007 |

**ഫാ. ജോർജ് കുടിലിൽ**
ചാൻസലർ

# അതിരൂപതാദിനാഘോഷം

## ചെമ്പേരി, 2016 ഏപ്രിൽ 30

പരസ്പരസ്നേഹത്തിന്റെയും വിശ്വാസത്തിൽ ഊന്നിയുള്ള ഐക്യത്തിന്റെയും സന്ദേശം പകർന്ന് തലശ്ശേരി അതിരൂപത ദിനാഘോഷം ചെമ്പേരിയിൽ നടന്നു. വിമൽജ്യോതി എൻജിനിയറിംഗ് കോളെജിലെ മോൺ. മാത്യു എം. ചാലിൽ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വിവിധ രംഗങ്ങളിൽ മികവു തെളിയിച്ച അതിരൂപതാംഗങ്ങളെ പുരസ്കാരങ്ങൾ നൽകി ആദരിച്ചു. രാവിലെ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ സമ്മേളനവേദിയിൽ സമൂഹബലിയർപ്പണം നടന്നു. വിശിഷ്ടാതിഥിയായെത്തിയ മാണ്ഡ്യ ബിഷപ്പ് മാർ ആന്റണി കരിയിൽ, ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം, മോൺ. മാത്യു എം. ചാലിൽ, വികാരി ജനറാൾമാരായ മോൺ. അബ്രാഹം പോണാട്ട്, മോൺ. ജോർജ് എളൂക്കുന്നേൽ, മോൺ. അലക്സ് താരാമംഗലം എന്നിവർ സഹകാർമ്മികരായിരുന്നു. മാർ ആന്റണി കരിയിൽ വചനസന്ദേശം നൽകി. തുടർന്നു നടന്ന പൊതുസമ്മേളനം മാർ ആന്റണി കരിയിൽ ഉദ്ഘാടനം ചെയ്തു.

അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ തെറ്റുകൾ മൂലം ഹൃദയത്തിലുണ്ടായ മുറിവുകളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യാൻ നാം തയ്യാറാവണമെന്നു മാണ്ഡ്യ ബിഷപ്പ് മാർ ആന്റണി കരിയിൽ വചനസന്ദേശത്തിൽ പറഞ്ഞു. ഇങ്ങനെ ചെയ്യുമ്പോൾ വളരെയധികം വേദനകളും പ്രയാസങ്ങളും അനുഭവിക്കേണ്ടിവരുമെങ്കിലും പിന്നീട് സന്തോഷം കൈവരുമെന്നും സന്തോഷകരമായ ജീവിതമാണ് ശരീരത്തിനും മനസിനും ആരോഗ്യം പ്രദാനം ചെയ്യുന്നതെന്നും പിതാവ് പറഞ്ഞു.

യന്ത്രങ്ങളുടെ നിർജീവമായ നിരവധി ഭാഗങ്ങൾ കൂടിച്ചേരുമ്പോൾ അവ പ്രവർത്തനസജ്ജമാകുന്നതുപോലെ രൂപതയെന്ന വലിയ കുടുംബത്തിലെ അംഗങ്ങളായ നമ്മളും ഒത്തുചേർന്നു പ്രവർത്തിക്കുമ്പോഴാണ് രൂപതയും സഭയും അനുസ്യൂതം മുന്നോട്ടുപോകുന്നതെന്നും സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കവെ മാർ ആന്റണി കരിയിൽ പറഞ്ഞു. ആദിമ ക്രൈസ്തവർ ഓരോരുത്തരും തങ്ങളാൽ കഴിയുന്ന വിഭവങ്ങൾ കൊണ്ടുവന്ന് എല്ലാവർക്കും തുല്യമായി പങ്കുവച്ചാണ് ഐക്യം നിലനിർത്തിയത്. നമ്മളും തുല്യപങ്കാളിത്തത്തോടെ ഒത്തുചേർന്ന് ഒരു ശരീരമാകുമ്പോഴാണ് ഐക്യം സഫലമാകുന്നതെന്നും പിതാവ് പറഞ്ഞു.

മാർ ജോർജ് ഞരളക്കാട്ട് അധ്യക്ഷത വഹിച്ചു. 63 വർഷങ്ങൾ പിന്നിടുമ്പോൾ തലശ്ശേരി അതിരൂപതയിലെ ജനങ്ങൾക്കുണ്ടായിരിക്കുന്ന നേട്ടങ്ങൾക്ക് നല്ല ദൈവത്തിനും ആദ്യകാലകുടിയേറ്റക്കാർക്കും നന്ദിപറഞ്ഞുകൊണ്ടായിരുന്നു അഭിവന്ദ്യ ഞരളക്കാട്ട് പിതാവിന്റെ അധ്യക്ഷപ്രസംഗം തുടങ്ങിയത്.

കുടിയേറ്റ ജനതയുടെ ആദ്യകാല കഷ്ടപ്പാടുകളിൽ കൂടെനിന്ന് ആത്മീയവും ഭൗതികവുമായ പിന്തുണയേകിയ വള്ളോപ്പിള്ളി പിതാവിന്റെ ത്യാഗപൂർണ്ണമായ സേവനങ്ങളാണ് അതിരൂപതയ്ക്ക് ഇന്നും കരുത്ത് പകർന്നുകൊണ്ടിരിക്കുന്നത്. പിന്നീട് രൂപതയെ നയിച്ച മാർ ജോർജ് വലിയമറ്റം വിരമിച്ചുവെങ്കിലും ഇപ്പോഴും കർമനിരതനാണെന്നും അദ്ദേഹം പറഞ്ഞു.

സമർപ്പിത സേവകരായ വൈദികരും സന്യസ്തരും സഭയുടെ സമ്പത്തും മതാധ്യാപകർ രൂപതയുടെ ഉന്നമനത്തിനായി അക്ഷീണം പ്രയത്നിക്കുന്നവരുമാണ്. അതിരൂപതയിലെ കുടുംബങ്ങളിൽ എല്ലാവരും മതാനുഷ്ഠാനങ്ങൾ മുടക്കം വരുത്താതെ ഒറ്റക്കെട്ടായി മുന്നോട്ടുപോകണമെന്നും ആർച്ച്ബിഷപ്പ് ഓർമ്മപ്പെടുത്തി.

മാർ ജോർജ് ഞറളക്കാട്ട് മാർ ആന്റണി കരിയിലിന് അതിരൂപതയുടെ ഉപഹാരം നൽകി.

മാർ ജോർജ് വലിയമറ്റം പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. ദൈവത്തിന്റെ ഏറ്റവും വലിയ സ്നേഹം നമുക്ക് അനുഭവപ്പെടുന്നത് ഈശോയുടെ കരുണയിലൂടെയാണെന്നും ഈ സ്നേഹം മറ്റുള്ളവരിലേക്കും പകർന്നു നൽകി നമ്മുടെ ജീവിതം മാതൃകാപരമാക്കണമെന്നും പിതാവ് അനുഗ്രഹ പ്രഭാഷണത്തിൽ പറഞ്ഞു.

അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗവും ദീപിക കണ്ണൂർ യൂണിറ്റ് സർക്കുലേഷൻ മാനേജരുമായ ജോർജ് തയ്യിൽ, എഫ്.സി.സി പ്രൊവിൻഷ്യലും പാസ്റ്ററൽ കൗൺസിൽ അംഗവുമായ സിസ്റ്റർ നോബിൾ മേരി എഫ്.സി.സി എന്നിവർ ആശംസകളർപ്പിച്ചു. പൊതുസമ്മേളനത്തിൽ ഈശ്വര പ്രാർത്ഥന ആലപിച്ചത് ചെമ്പേരി ശാഖാ മിഷൻലീഗ് അംഗങ്ങളായ സിയ, സോന, സഞ്ജന എന്നിവരാണ്. കുമാരി ടെസ്‌ലിൻ ഷാജി സംഗീതം ആലപിച്ചു. മോൺ. അബ്രാഹം പോണാട്ട് സ്വാഗതവും അഡ്വ. മനോജ് എം. കണ്ടത്തിൽ നന്ദിയും പറഞ്ഞു. അവതാരക വെളിമാനം ഇടവകാംഗമായ ലിൻസി പി. സാം പ്ലാക്കിയിൽ ആയിരുന്നു.

ഫാ. ഫിലിപ്പ് കാരക്കാട്ട് രചിച്ച്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച "മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി" എന്ന ജീവചരിത്രഗ്രന്ഥം മാർ കരിയിലിനു നൽകി ഞറളക്കാട്ട് പിതാവ് പ്രകാശിപ്പിച്ചു. ഫാ. ജോർജ് കുടിലിൽ പുസ്തകം പരിചയപ്പെടുത്തി.

സമ്മേളനത്തിന്റെ തുടക്കത്തിൽ വിമൽജ്യോതി എൻജിനിയറിംഗ് കോളെജ് ചെയർമാൻ ഫാ. ജോർജ് പുളിക്കൽ കോളെജിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. മന്ത്രി കെ.സി. ജോസഫും സദസ്സിൽ സന്നിഹിതരായിരുന്നു. അതിരൂപതയിലെ മുഴുവൻ ഇടവകകളിൽനിന്നും എത്തിച്ചേർന്ന

വൈദികർ, സിസ്റ്റേഴ്സ്, ഇടവക പ്രതിനിധികൾ എന്നിവരടക്കം 2500 ഓളം പേർ ദിനാചരണത്തിൽ പങ്കെടുത്തു.

ഉച്ചയ്ക്കു രണ്ടുമണിയോടെ നടന്ന സ്നേഹവിരുന്നോടു കൂടി ചരിത്രം സൃഷ്ടിച്ച അതിരൂപതാദിനാഘോഷത്തിനു തിരശ്ശീല വീണു. ആദ്യത്തെ ഈ ആഘോഷം വിജയകരമാക്കാൻ സഹകരിച്ചുപ്രവർത്തിച്ച എല്ലാ കമ്മിറ്റിഭാരവാഹികൾക്കും ചെമ്പേരി ഇടവകാംഗങ്ങൾക്കും കൃതജ്ഞത.


## ചടങ്ങിൽ ആദരിക്കപ്പെട്ടവർ

അതിരൂപത ദിനാഘോഷത്തോടനുബന്ധിച്ച് മാത്യു എം. കണ്ടത്തിലിന് ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡും ഷാജി വാണിയക്കിഴക്കേലിന് കാർഷികരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള അവാർഡും ടിന്റു ലൂക്കായ്ക്ക് കായികരംഗത്തെ മികവിനുള്ള അവാർഡും നല്കി. വിവിധ മേഖലകളിൽ മികവു തെളിയിച്ച ഒൻപതുപേരെ ചടങ്ങിൽ ആദരിച്ചു-മാത്യു തെള്ളിയിൽ കുടിയാന്മല (വിദ്യാഭ്യാസം), ഡോ. ജിബിൻ വർഗ്ഗീസ് പയ്യന്നൂർ (ചുമർചിത്രം), എബി എൻ. ജോസഫ് ചെമ്പന്തൊട്ടി (ചിത്രകല), മോളി മാത്യു കാസർഗോഡ് (കായികം), ഡോ. കെ.ജെ. ദേവസ്യ തളിപ്പറമ്പ് (ആതുര സേവനം), ജോണി ചാലിൽ പേരാവൂർ (ജീവകാരുണ്യം), വർഗ്ഗീസ് കോലക്കുന്നേൽ ചന്ദനക്കാംപാറ (കൃഷി), സൈമൺ ജോർജ് പെരുമ്പടവ് (കണ്ടുപിടുത്തം), കെ.വി. മാണി കവിയിൽ കളപ്പുര പാലാവയൽ (സംഘടനാപ്രവർത്തനം).

വിവിധ രംഗങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച 16 യുവ പ്രതിഭകളെ ചടങ്ങിൽ അഭിനന്ദിച്ചു: ഡോണ ഫ്രാൻസിസ് ചേക്കാത്തടത്തിൽ മാടത്തിൽ (വിദ്യാഭ്യാസം), ഗിഫ്റ്റി ജോൺ പേരാവൂർ (കല), അഖിൽ പായിക്കാട്ട് ഇരിട്ടി (സിനിമ), ജോബി പി. ഡാനിയേൽ കാവുന്തല (കാർഷികം) എന്നിവരെയും കായികമേഖലയിൽ കഴിവ് തെളിയിച്ച അഭിഷേക് മറ്റത്തിൽ അങ്ങാടിക്കടവ്, അജിത നെല്ലിക്കാമലയിൽ മണിപ്പാറ, അഞ്ജലി കുറുംപുറത്ത് മേരിഗിരി, അനൂപ് മറ്റപ്പള്ളിൽ പാലാവയൽ, അൻസ പാലമറ്റം കച്ചേരിക്കടവ്, എം.ഡി ദിൽന പാലാവയൽ, നിവ്യ എടക്കുടിയിൽ കോളയാട്, ജിസ്ന കുഴിവേലിൽ വായാട്ടുപറമ്പ്, ജോസ്വി അഞ്ചാനിയിൽ പേരാവൂർ, മനു കുന്നേൽ പൈസക്കരി, നയന ഫിലിപ്പ് കുടിയാന്മല, റിയ തെറ്റയിൽ പേരാവൂർ എന്നിവരെയാണ് അഭിനന്ദിച്ചത്. 35 വർഷം പൂർത്തിയാക്കിയ 37 മതാധ്യാരകരെയും ദേവാലയ ശുശ്രൂഷികളെയും ചടങ്ങിൽ അനുമോദിച്ചു.

അതിരൂപതാ എംബ്ലം രൂപകല്പനചെയ്ത കോഴിച്ചാൽ ഇടവകാംഗമായ സെബാസ്റ്റ്യൻ കൂട്ടുങ്കലിന് അഭിവന്ദ്യ പിതാവ് പ്രത്യേക പുരസ്കാരം നൽകി. ഫാ. ജോർജ് കുടിലിൽ സമ്മാനർഹരുടെ പേരുവിവരം പ്രഖ്യാപിച്ചു.

# ഫാ. സക്കറിയാസ് വള്ളോപ്പിള്ളി
# ഒരു അനുസ്മരണം



2011 മുതൽ ശാന്തിഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്ന ഫാ. സക്കറിയാസ് വള്ളോപ്പിള്ളി 2016 ഏപ്രിൽ 28ന് നിര്യാതനായി. അർബുദരോഗബാധിതനായിരുന്ന അദ്ദേഹം രോഗത്തെ സധൈര്യം, ഒട്ടൊരു നർമ്മബോധത്തോടെ, നേരിട്ട വ്യക്തിയാണ്. രോഗത്തെപ്പറ്റി പരാതി പറയുക അദ്ദേഹത്തിന്റെ ശീലമല്ലായിരുന്നു. കഴിഞ്ഞ കുറെ മാസങ്ങളായി രോഗത്തിന്റെ ആലസ്യം അദ്ദേഹത്തെ വളരെ അലട്ടിയിരുന്നു. കരുവഞ്ചാൽ സെന്റ് ജോസഫ് ആശുപത്രിയിലായിരുന്നു ഇക്കഴിഞ്ഞ ദിവസങ്ങളിൽ. ഏപ്രിൽ 28-ാം തീയതി ഉച്ചകഴിഞ്ഞ് അഞ്ചുമണിക്ക് ആശുപത്രിയിൽവച്ചായിരുന്നു അന്ത്യവും. മരിക്കുന്നതുവരെ അച്ചന് ബോധം നഷ്ടപ്പെട്ടിരുന്നില്ല.

അച്ചന്റെ മരണവാർത്ത അറിഞ്ഞപ്പോൾ മുതൽ ധാരാളം ആളുകൾ കരുവഞ്ചാൽ എത്തി അന്ത്യാഞ്ജലി അർപ്പിച്ചു. മൃതദേഹം കരുവഞ്ചാൽ ഇടവകപ്പള്ളിയിൽ സ്ഥാപിച്ചതിനാൽ ആളുകൾക്ക് എത്തിച്ചേരാൻ എളുപ്പമായി. ഏപ്രിൽ 29-ാം തീയതി രാവിലെ എട്ടരയ്ക്ക് സമൂഹബലി നടന്നു. തുടർന്ന് മോൺ. ജോർജ് എളൂക്കുന്നേൽ മൃതസംസ്ക്കാരശുശ്രൂഷയുടെ ഒന്നാംഭാഗം നിർവ്വഹിച്ചു. പത്തുമണിയോടെ മൃതദേഹം തലശ്ശേരിയിലേക്കു കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് മോൺ. അബ്രാഹം പോണാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്ക്കാരശുശ്രൂഷയുടെ രണ്ടാംഭാഗം ആരംഭിച്ചു. തുടർന്ന് അഭി. ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന നടന്നു. അഭി. വലിയമറ്റം പിതാവും പൊരുന്നേടം പിതാവും ജനറാളച്ചന്മാരും സഹകാർമ്മികരായിരുന്നു. ഞറളക്കാട്ട് പിതാവാണ് ചരമപ്രസംഗം പറഞ്ഞത്. ബഹു. സക്കറിയാസച്ചന്റെ ജീവിതത്തെ ആധാരമാക്കി അദ്ദേഹം ലാളിത്യത്തിലൂടെയും സാധാരണത്വത്തിലൂടെയും വൈദികശുശ്രൂഷ നടത്തിയ വൈദികനായിരുന്നു എന്നു പറഞ്ഞുവച്ചു. സംസ്ക്കാരശുശ്രൂഷയുടെ മൂന്നാംഭാഗം ആരംഭിക്കുന്നതിനുമുമ്പ് അഭി. വലിയമറ്റം പിതാവ് സക്കറിയാസച്ചന്റെ ജീവിതത്തിലെ ചില നന്മകൾ ചൂണ്ടിക്കാട്ടി. പാവങ്ങളോട് വലിയ കരുണയും ദയാവായ്പും പ്രകടിപ്പിച്ച ഒരു വികാരിയച്ചനായിരുന്നു അദ്ദേഹം. അഭിവന്ദ്യ പൊരുന്നേടം പിതാവും സക്കറിയാസച്ചന്റെ സേവനങ്ങൾ അനുസ്മരിക്കുകയുണ്ടായി.

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സഹോദരൻ സ്കറിയായാണ് അച്ചന്റെ പിതാവ്. മാതാവ് ഏലിക്കുട്ടി. 1933 ഫെബ്രുവരി 6ന് പാലാ രൂപത

യിലെ കുടക്കച്ചിറയിലാണ് അച്ചന്റെ ജനനം. അച്ചന്റെ സഹോദരങ്ങളിൽ ഒരാളായ ഫാ. സെബാസ്റ്റ്യൻ മാനന്തവാടി രൂപതയിലെ വൈദികനാണ്. മറ്റു സഹോദരരിൽ വർക്കി, സി. മേരി, അച്ചാമ്മ എന്നിവർ ജീവിച്ചിരിപ്പുണ്ട്. ജോസഫ്, പോൾ, ഏലിക്കുട്ടി എന്നിവർ നിര്യാതരായി. അച്ചന്റെ സ്കൂൾ വിദ്യാഭ്യാസം സെന്റ് ജോസഫ് എൽപി സ്കൂൾ കുടക്കച്ചിറ, സെന്റ് തോമസ് മലയാളം സ്കൂൾ മരങ്ങാട്ടുപള്ളി, സെന്റ് സ്റ്റീഫൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഉഴവൂർ, സെന്റ് മേരീസ് ഹൈസ്കൂൾ കടപ്ലാമറ്റം എന്നീ വിദ്യാലയങ്ങളിൽ ആയിരുന്നു. തുടർന്ന് പാലാ സെന്റ് തോമസ് കൊളെജിൽനിന്ന് ഇന്റർമീഡിയറ്റ് പാസ്സായി.

തലശ്ശേരി രൂപതയ്ക്കുവേണ്ടി അദ്ദേഹം 1954ൽ പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്നു. തത്ത്വശാസ്ത്ര, ദൈവശാസ്ത്രപഠനങ്ങൾ നിർവ്വഹിച്ചത് മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ ആയിരുന്നു. ബോംബേ മെത്രാനായിരുന്ന എവുജിൻ ഡിസൂസയിൽനിന്ന് 3-12-1962ൽ വൈദികപട്ടം സ്വീകരിച്ചു. അടയ്ക്കാത്തോട്ടിൽ വികാരിയായിട്ടായിരുന്നു ആദ്യനിയമനം. തുടർന്ന് കുടിയാന്മലയിൽ മൂന്നുവർഷവും ചെമ്പനോട, ചുങ്കക്കുന്ന് ഇടവകകളിൽ ആറുവർഷം വീതവും വികാരിയായിരുന്നു. പിന്നീട് വേനപ്പാറയിൽ രണ്ടു വർഷവും കീഴ്പ്പള്ളിയിൽ അഞ്ചുവർഷവും പുളിങ്ങോത്ത് ആറു വർഷവും ശുശ്രൂഷചെയ്തു. മേരിഗിരിയിലും കാഞ്ഞിരടുക്കത്തും മൂന്നുവർഷം വീതവും മാട്ടറയിൽ നാലുവർഷവും സേവനമനുഷ്ഠിച്ചു. തുടർന്ന് വിളക്കന്നൂരും ചരലിലും മൂന്നുവർഷം വീതം ജോലിചെയ്തു. രോഗബാധ കണ്ടെത്തിയതിനെതുടർന്ന് പിന്നീട് ഒരു വർഷം അദ്ദേഹം ചികിത്സാർത്ഥം അവധിയിലായിരുന്നു. ചികിത്സ തുടർന്നുകൊണ്ടുതന്നെ അച്ചൻ നാലുവർഷക്കാലം കാർത്തികപുരത്തും പിന്നീട് മൂന്നുവർഷക്കാലം ബേഡൂരും ശുശ്രൂഷ നിർവഹിച്ചു. അവസാനം വികാരിയായിരുന്ന അരവഞ്ചാലിൽ ഏതാണ്ട് മൂന്നരമാസം മാത്രമേ അദ്ദേഹം ചെലവഴിച്ചുള്ളൂ. 2011 ഓഗസ്റ്റ് 28ന് അദ്ദേഹം കരുവഞ്ചാൽ ശാന്തിഭവനിൽ എത്തിച്ചേർന്നു.

തന്റെ ജീവിതസായാഹ്നം ശാന്തതയിലും സംതൃപ്തിയിലും ചെലവിട്ടുകൊണ്ട് അച്ചൻ കരുവഞ്ചാലിൽ ചികിത്സയും വിശ്രമവും ഒന്നിച്ചുകൊണ്ടുപോയി. ആരോടും പരിഭവമില്ലാതെ ജീവിതത്തോട് നിഷ്കാമഭാവം പുലർത്തി അദ്ദേഹം അന്ത്യദിനങ്ങൾ ചെലവിട്ടു. നിത്യപുരോഹിതനായ കർത്താവ് അദ്ദേഹത്തിനു നിത്യസൗഭാഗ്യം പ്രദാനം ചെയ്യട്ടെ.

**ഫാ. സെബാസ്റ്റ്യൻ എടയാടിയിൽ**

## Refresher Course for Priests - 2016, Sandesabhavan

## Batch I (July 18-20)

**Rev. Fathers**

Achandiyil George
Alappattu George
Alavelil Kuriakose
Ambattu Sebastian
Anakkallil James
Anakuthiyil Mathew
Anithanam Joseph
Anthyamkulam Johnson
Arackal Kuriakose
Arackalputhenveedu Joseph MST
Asariparambil Mathew
Attel Emmanuel
Chakkananickal Scaria
Chakkittamuriyil Thomas
Chankkattil Antony
Chathanattu Joseph
Chathanattu Joseph CST
Chempananickal John
Chennappally George
Cheripuram Sebastian
Cheriyampurathu Varghese
Chittettu Antony
Edamulayil Mathew
Elampurayidom Joseph
Elamthuruthipadavil Mathew
Edatt Mathew HGN
Elayidathukunnel Johnson OCarm
Ittiyeppara Sebastian
Kakkaramattam Joseph
Kalappura George
Kalarickal Kuriakose
Kallumkal Mathew
Kandathil Paul
Kanivelil Jose
Karakkattu Philip
Karickal Mathew
Karickathadathil George
Karinattu Joseph
Karingalikattil George
Karottu Jacob
Kattakkayathil Thomas
Keechenkeriyil Joseph
Keezharathil Thomas
Kizhakethalackal Martin
Kochupurackal Abraham
Kolakunnel Kuriakose
Koluthappallil Joseph
Kongampuzha Isaac CMI
Koonamkiyil Emmanuel
Korattiparambil Joseph
Kottukappaly Thomas
Kudiparambil Chacko
Kulathara Joseph
Kureekkattil Jose
Kuttikkattukunnel Jacob
Kuzhiyanimattathil Joseph
Malieckal Stephen CM
Manimalatharappil Mathew
Manjalamkunnel Joseph
Mannaparambil Varghese
Mannoor Jose
Mattapallil Lukose
Mattathil Isaac
Mechirakath Francis
Melvettath Thomas
Menacherry Louis

Mookkilikattu Sebastian
Mundaplackal Kuriakose
Mulangattil Ignatius
Mundamattam Thomas
Nedungattu Jacob
Nelluvelil George
Nooranmackal John
Olickal Mathew
Orathel Kuriakose
Ottaplackal Abraham
Palakuzhy Sebastian
Palamattam Mathew
Pampackal Thomas
Pandaraparambil Joseph
Panthaladickal Joseph
Parappalliath Martin
Parokkaran Antony CM
Pathickal Thomas
Payyanatt Mathew
Perumpuzhakadavil Thomas HGN
Podimattam Sebastian
Ponnambel John
Poothottal Joseph CSJBP
Poovathinkal Emmanuel
Pothanamala Mathew
Pottemplackal Mathew
Poweth Joseph
Pulickakunnel Jacob
Pulickal George
Pulimalayil Paul MST
Pullolickal Thomas
Punchatharappel George
Puthenpura James OFM (cap)
Puthenpurackal Xavier (Jr)
Puthuppallil Sebastian
Puthussery Abraham
Thadathimackal Varkey
Tharekadavil Antony
Thayyil Joseph
Thayyil Thomas
Thekekulam Mathew
Thekkel Andrews
Thekkemuriyil Antony
Thekumcheril George
Thelakkatt Xavier
Theruvankunnel Thomas
Thottiyil Jomy Joseph PSDP
Thykunnumpuram George
Thykunnumpuram Joseph
Vadakkan Augustine
Vadakemuriyil Abraham CMI
Vadasseril Scaria
Valavanal Mathew
Valimalayil Joseph CST
Valiplackal Thomas
Vanderkunnel George
Vanderkunnel Joseph
Varambakath Scaria
Varanath Joseph
Vayalumkal Joseph
Vengparambil Johnson
Venkittackal John
Veettiyamkal Joseph
Vengakunnel Mathew
Vettickal Jose

## Batch II (July 21-23)

**Rev. Fathers**

Alamkottu Mathew
Amakkattu Thomas
Anacharil Joseph
Anakkallil Antony
Ananickal Jose
Anickathottathil Jacob
Arackal Thomas VC
Areekunnel George
Asarikunnel George
Attangattil Thomas
Chakkanikunnel Thomas
Chakeyarath Mathew
Chathampadathil Sebastian SDB
Chelamaram George
Chellamkottu James
Chennattu Philip
Chennothu Sebastian
Cheruvil Thomas
Chirayil George
Chittilappally Thomas
Edayadiyil Sebastian
Elavumkunnel George (Jr)
Elavumkunnel George (Sr)
Mgr. Elukunnel George
Enacheril Joseph
Ezhuparayil Sebastian
Iruppakkatt Philip
Kadaliyil Joseph
Kalarickal Joseph
Kanakkattu Joseph
Kandathil Sebastian CM
Kanjirakkatt George
Kannathukuzhy Joseph MST
Karikkattil Thomas CST
Karimpoozhickal Joseph
Karingalikattil Thomas
Karukamalil Joseph
Kavanadiyil Joseph
Kayammackal Mathew
Kidarathil Thomas
Kizhakarakkatt Joseph
Kizhuthra George
Kochukarott Thomas
Kochuveettil Peter
Kodakanady George
Konickal Mathew
Koonanickal Thomas
Kottukappilly Mathew
Koyipuram Joseph
Kudilil George
Kurisummoottil Joseph
Madathimyalil Abraham
Malakkaran Joseph
Mampallikunnel Joseph
Manchappallil Joseph
Manavath Thomas
Manickathazhe Jose
Manjalamkunnel Antony
Mattam Francis
Melvettom Mani
Moonjelil Paul
Moonnanappally James
Mullakkara John
Mullappallil Mathew
Muthukunnel Antony
Naduvilekkutt Thomas

Narikuzhi Mathew
Nelluvelil John OPraem
Nirappel Alex
Nirappel Joseph
Nirappel Scaria
Nooranmackal Joseph
Nooranmackal Thomas
Onamkulam John
Ottaplackal Joseph
Padinjareanisseril George
Padinjaremuriyil Pious
Paimpillil Thomas
Pallikunnel Antony
Pallineerackal Jacob
Pamplany Joseph
Pandiammackal Augustine
Parathepathickal Antony
Paravarakath Mathew
Pattamana Mathew
Pattamkulam Thomas
Pazheparambil George
Polackal Aloysius OFM (Conv)
Mgr. Ponatt Abraham
Poovannikunnel Jose
Poovathanickal John Paul
Poovathanikunnel Scaria
Poovatholil Joseph
Pottananiyil Joseph
Poweth Jose
Pulickal Sebastian
Pulinthanam Sebastian
Punnure Antony
Purathemuthukattil Don Bosco
Puthennadayil James
Puthenpura Xavier (Sr)
Puthiakunnel Joseph
Puthumana George
Puthuppallimyalil Mathew MST
Puthussery Joseph
Rathappallil Joseph CMI
Rathappallil Francis
Sasthampadavil Mathew
Mgr. Tharamangalam Alex
Thattaparambil Martin
Thazhappallil Sebastian
Thekkemuriyil Mathew
Thenammackal Joseph
Thengumpallil Thomas
Thotteethara Antony VC
Thundathil Joseph
Thuruthippallil Joseph
Vadakemulanjanal Thomas
Vadakemuriyil Thomas
Vadakeparambil Joseph
Valiaparambil Mathew
Vallimala George
Valloppilly Paul
Varambakath Lazar
Vazhakatt John
Vazhakatt Sebastian
Vellaringatt George
Vemmenikkattayil Sebastian
Vengakunnel Joseph
Vettiaynickal Antony
Vettuvayalil Mathew

| Priests' Home Construction | | |
|---|---|---|
| | **Priests' Contribution** | |
| 1. | Rev. Fr. Thykunnumpuram George | 10000 |
| 2. | Rev. Fr. Vadakkeparambil Joseph | 5000 |
| 3. | Rev. Fr. Asariparambil Mathew | 30000 |
| 4. | Rev. Fr. Thayyil Joseph | 100000 |
| 5. | Rev. Fr. Areekunnel George | 10000 |
| 6. | Rev. Fr. Tharamangalam Alex | 25000 |
| | **Total** | **180000** |

| Institutions' Contribution | | |
|---|---|---|
| 1. | St. Mary's Church Kalichamaram | 10000 |
| 2. | St. Mary's Church Cherupuzha | 100000 |
| 3. | St. Joseph's Church Pulingome | 50000 |
| 4. | St. Augustine's Church Rajagiri | 15000 |
| 5. | St. Joseph's Church Vayattuparamba | 75000 |
| 6. | Little Flower Church Karuvanchal | 25000 |
| 7. | St. Jude's Church Mandalam | 50000 |
| 8. | St. George Church Chempanthotty | 100000 |
| 9. | St. Joseph's Church Kalichanadukkom | 15000 |
| 10. | St. Joseph's Church Perumpadavu | 75000 |
| 11. | St. Mary's Church Vimalassery | 25000 |
| 12. | Holy Family Church Kannur | 50000 |
| 13. | St. Joseph's Church Neduvaloor | 12500 |
| 14. | St. Joseph's Church Josemount | 25000 |
| 15. | St. Alphonsa Church Ettupara | 25000 |
| 16. | St. Thomas Church Adottukayam | 25000 |
| 17. | St. Mary's Church Kadumeni | 75000 |
| 18. | Little Flower Church Lissigiri | 5000 |
| 19. | St. John the Baptist Church Chettiyamparamba | 25000 |
| 20. | Merciful Jesus Church Anapanthi | 15000 |
| 21. | St. Mary's Church Mangode | 50000 |
| 22. | St. Antony's Church Kalluvayal | 25000 |
| 23. | St. George Church Puravayal | 100000 |
| 24. | Holy Cross Church Choorapadavu | 10000 |

| | | |
|---|---|---|
| 25. | St. Antony's Church Pathanpara | 50000 |
| 26. | St.Thomas Church Manakkadavu | 25000 |
| 27. | Infant Jesus Church Anamanjal | 25000 |
| 28. | St. Sebastian's Church Udayapuram | 9000 |
| 29. | Bl. Mother Theresa Church Kodoth | 3500 |
| 30. | St. Sebastian's Church Vattiyara | 10000 |
| 31. | St. Joseph's Church Pottemplavu | 25000 |
| 32. | St. Mary's Church Nelliyadukkom | 5000 |
| | **Total** | **1135000** |


മംഗലപ്പുഴ സെമിനാരിയിൽ

## എസ്.എച്ച്. ലീഗ് പുസ്തകമേള 2016

ജൂൺ 15 മുതൽ ജൂലൈ 15 വരെ

പ്രവർത്തനസമയം രാവിലെ 9 മണിമുതൽ വൈകുന്നേരം 4 മണിവരെ

**വമ്പിച്ച ആദായ വില്പന**

10% മുതൽ 50% വരെ വിലക്കുറവ്

ഇന്ത്യയിലെ പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ

സൺഡേ ലൈബ്രറികൾക്ക് പ്രത്യേക പരിഗണന

ബന്ധപ്പെടുക: 0484-2606745, 2606746


## പി.ഒ.സിയിൽ സെമിനാർ

## "സ്നേഹത്തിന്റെ സന്തോഷം"

പരി. പിതാവിന്റെ "സ്നേഹത്തിന്റെ സന്തോഷം" എന്ന പേരിലുള്ള സിനഡാനന്തര അപ്പസ്തോലിക പ്രബോധനത്തെപ്പറ്റി പിഒസിയിൽ പഠന ശിബിരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. താല്പര്യമുള്ളവർ ഫോൺ വഴി ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണം. ഫീസുണ്ട്.

ഫോൺ: 0484-2805722, 9895840991

**ഏകദിന സെമിനാർ : 2016 ജൂൺ 4**

**ത്രിദിന പഠനശിബിരം : 2016 ജൂൺ 24-26**

**2016 ആഗസ്റ്റ് 26-28**

# സെമിനാരി വാർത്തകൾ

## നന്ദിയോടെ... ഹൃദയപൂർവ്വം...

കഴിഞ്ഞ നാലുവർഷക്കാലം വൊക്കേഷൻ പ്രൊമോട്ടറായും വൈദിക പരിശീലന രംഗത്ത് ആത്മീയമായും ഭൗതികമായും സഹായിക്കുന്ന ഉപകാരികളുടെ കോ-ഓർഡിനേറ്ററായും സെമിനാരി പ്രൊഫസറായും പ്രവർത്തിച്ച് ഏവർക്കും മാതൃകയായി തീർന്ന ബഹു. വേങ്ങക്കുന്നേൽ ജോസഫ് അച്ചന് ഹൃദയപൂർവ്വം നന്ദി... ഉപരിപഠനത്തിനായി ബാംഗ്ലൂർ ക്രിസ്തുജ്യോതിയിലേക്ക് പോകുന്ന അച്ചന് എല്ലാവിധ ദൈവാനുഗ്രഹവും ആശംസിക്കുന്നു.

## സുസ്വാഗതം... ഒപ്പം അഭിനന്ദനങ്ങളും

അതിരൂപതാ വൊക്കേഷൻ പ്രൊമോട്ടറായും സെമിനാരി പ്രൊഫസറായും ചുമതല ഏറ്റെടുത്ത വയലുങ്കൽ ജോസഫച്ചന് എല്ലാവിധ ഭാവുകങ്ങളും വിജയാശംസകളും... ഈശോയുടെ തിരുഹൃദയത്തിനിണങ്ങിയ നല്ല വൈദികരെ വാർത്തെടുക്കാൻ അച്ചനെയും ദൈവം ഒരു ഉപകരണമാക്കി തീർക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

## നന്ദിയുടെ നറുമലരുകൾ

വൈദിക പരിശീലനത്തിന്റെ ആദ്യപാദങ്ങളിൽ വിദ്യാർത്ഥികൾക്ക് ഒരമ്മയുടെ സ്നേഹവും കരുതലും പരിചരണവും നൽകി അവരുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് കഴിഞ്ഞ 4 വർഷക്കാലം തന്റെ സേവനം സമ്പൂർണ്ണമായി സമർപ്പിച്ച ബഹു. സി. ലിൻസി എൻഎസിന് സെമിനാരി കുടുംബത്തിന്റെ ഹൃദയംഗമമായി നന്ദി. ഒപ്പം പുതിയ പ്രവർത്തനമേഖലയിൽ പ്രാർത്ഥനാശംസകളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രമോട്ടർ

**ഫാ. മാത്യു തെക്കേമുറിയിൽ**
റെക്ടർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

2016-2017 അധ്യയന വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് 2016 ജൂൺ 05ന് ആരംഭം കുറിക്കുകയാണല്ലോ. കഴിഞ്ഞ അധ്യയന വർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി. 2016-2017 അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

## 1. ജൂൺ 05 മതബോധന ഞായർ

ജൂൺ 05ന് ഞായറാഴ്ച സൺഡേ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ സർക്കുലർ (മതബോധന ഞായർ) മെയ് 29ന് ഞായറാഴ്ച കുർബാന മധ്യേ വായിച്ചുകാണുമല്ലോ.

1. സൺഡേസ്കൂൾ വർഷാരംഭത്തിനു മുമ്പ് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും പുതിയ അധ്യയനവർഷം നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യുമല്ലോ. എല്ലാ മാസവും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ഓരോ മാസത്തേയും അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് കൊടുക്കുന്ന കാര്യങ്ങൾ സ്റ്റാഫിൽ പൊതുവായി വായിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യസമയത്തുതന്നെ ചെയ്ത് സഹകരിക്കുക. എല്ലാ അദ്ധ്യാപകരും ടീച്ചിംഗ് നോട്ട് എഴുതുകയും ഹാൻഡ് ബുക്ക് ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ബഹു. വികാരിയച്ചനോ, ഹെഡ്മാസ്റ്ററോ അവ പരിശോധിക്കുകയും വേണം.

2. കുട്ടികൾക്ക് ക്ലാസിലെ പഠനം കൂടാതെ മാസത്തിലൊരിക്കൽ ക്ലാസ്സടിസ്ഥാനത്തിലോ പല ക്ലാസുകൾകൂടിയോ ഒരു മണിക്കൂർ ആരാധന നടത്തുമല്ലോ. പ്രായോഗിക മതബോധനത്തിന്റെ ഭാഗമായി ടേമിൽ ഒരിക്കൽ ആതുരാലയങ്ങൾ സന്ദർശിക്കുന്നതിനും അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കി കൊടുക്കേണ്ടതാണ്. കൂടാതെ എൽ.സി.ഡി പ്രോജക്ടർ ഉപയോഗിച്ച് പാഠങ്ങളും, വിശുദ്ധരുടെ ജീവചരി

ത്രവും ധാർമികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന നല്ല ഫിലിമുകളും കുട്ടികളെ പൊതുവായി കാണിക്കേണ്ടതാണ്.

3. വേദപാഠ ക്ലാസുകൾക്ക് 2 മണിക്കൂർ സമയം കിട്ടുന്ന രീതിയിൽ ക്ലാസുകളുടെ സമയം പുനഃക്രമീകരിക്കുക.

4. പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പോകുന്ന കുട്ടികൾ അവർ പഠിക്കാൻ പോകുന്ന സ്ഥലത്തുള്ള ഇടവക ദൈവാലയത്തിൽ വേദപാഠ ക്ലാസുകളിൽ സംബന്ധിക്കേണ്ടതാണെന്നും പഠനം പൂർത്തിയാക്കിയതായ കത്ത് ഹാജരാക്കിയാൽ വാർഷികപരീക്ഷ സ്വന്തം ഇടവകയിൽ നടത്താൻ അവസരമുണ്ടായിരിക്കുമെന്നും ബഹു. അച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

5. എല്ലാ സൺഡേസ്കൂളിലും ഓഫീസും സ്റ്റാഫ്മീറ്റിംഗ് കൂടുന്നതിനാവശ്യമായ സൗകര്യങ്ങളും ക്രമീകരിക്കേണ്ടതാണ്. ഓഫീസ് വൃത്തിയായി സൂക്ഷിക്കുകയും റിക്കോർഡുകളും ഫയലുകളും മറ്റു രേഖകളും കൃത്യമായും ക്രമമായും അലമാരകളിൽ സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിന് പുറത്ത് സൺഡേസ്കൂൾ ഓഫീസ് എന്നെഴുതിയ ബോർഡ് സ്ഥാപിക്കേണ്ടതും ഓഫീസിനുള്ളിൽ ആപ്തവാക്യം (ലൂക്ക 2.52) ഭംഗിയായി എഴുതി വയ്ക്കേണ്ടതുമാണ്.

## 2. ആമുഖ സെമിനാർ ജൂൺ 09ന്

മതാധ്യാപനരംഗത്തേക്ക് ആദ്യമായി കടന്നുവരുന്നവർക്കുള്ള സെമിനാറാണിത്. പുതിയതായി വന്നവരെയും മുമ്പ് സെമിനാറിൽ സംബന്ധിക്കാത്ത എല്ലാ അധ്യാപകരെയും ബഹു. വികാരിയച്ചന്മാർ പറഞ്ഞയക്കുമല്ലോ. സെമിനാർ **ജൂൺ 09ന് വൈകുന്നേരം 04 മണിക്ക് ആരംഭിച്ച് 12ന് ഉച്ചക്കഴിഞ്ഞ് 03 മണിക്ക് അവസാനിക്കുന്നു**. ഫീസ് 700 രൂപയായിരിക്കും പങ്കെടുക്കുന്നവരുടെ വിവരം **ജൂൺ 06ന് മുമ്പ് ഓഫീസിൽ** അറിയിക്കുമല്ലോ (04902344430).

## 3. വാർഷിക പരീക്ഷ ക്ലാസ് X, XI

അതിരൂപതാമതബോധന കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ഈ അധ്യായനവർഷം മുതൽ X, XI ക്ലാസുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം 1 മുതൽ 9-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ ഒപ്പമായിരിക്കും നടത്തുക.

## 4. ഡിപ്ലോമ പരീക്ഷ

ചില ഇടവകകളിൽ 12-ാം ക്ലാസിലെ ഡിപ്ലോമ പരീക്ഷയിൽ കുട്ടികൾ തോല്ക്കുന്നതായികാണുന്നു അത്തരം സൺഡേസ്കൂളുകളിൽ ബന്ധ

പ്പെട്ടവർ കൂടുതൽ ശ്രദ്ധകൊടുക്കുകയും എല്ലാ കുട്ടികളുടെയും വിജയം ഉറപ്പു വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.

## 5. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 6. ആസ്പെക്ട്

2016-2017 അധ്യായനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ സഭാചരിത്രം എന്ന പുസ്തകമാണ്. പ്രസ്തുത പുസ്തകം മുഴുവൻ അധ്യാപകർക്കും ബഹു. വികാരിയച്ചന്മാർ വാങ്ങികൊടുക്കുമല്ലോ.

## 7. ബൈബിൾ നഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലും ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി ഈ വർഷം മുതൽ (മഴക്കാലത്തിന് ശേഷം)എല്ലാ സൺഡേസ്കൂളുകളിലും ബൈബിൾ നഴ്സറി ആരംഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 8. ദൈവശാസ്ത്രകോഴ്സ് (Lumen Ecclesiae)

ശാസ്ത്രസാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ അധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ രണ്ട് വർഷം മുമ്പ് ആരംഭിച്ച ദൈവശാസ്ത്രകോഴ്സിൽ 900 അധ്യാപകർ അവരുടെ രണ്ട് വർഷത്തെ (നാല് സെമസ്റ്ററുകളിലെ) പഠനം വിജയകരമായി പൂർത്തിയാക്കി. ബഹു. അച്ചന്മാർ നല്കിയ പ്രോത്സാഹനത്തിനും സഹകരണത്തിനും നന്ദി പറയുന്നു. 2016-2017 അധ്യായനവർഷത്തിൽ ബാക്കിയുള്ള അധ്യാപകരെക്കൂടി ദൈവശാസ്ത്രപഠനത്തിനായി അയക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. അധ്യാപകരുടെ സൗകര്യാർത്ഥം എല്ലാ ഫൊറോനകളിലും ക്ലാസുകളും പരീക്ഷകളും സംഘടിപ്പിക്കുന്നതാണ്. രജിസ്ട്രേഷൻ ജൂൺ ആരംഭം മുതൽ നടത്താവുന്നതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 9. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, ആസ്പെക്ട് പരീക്ഷകളുടെ മാർക്കുകൾ മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

## 10. ഓർക്കേണ്ട തീയതികൾ

2016-2017 അധ്യായനവർഷത്തിലെ പ്രധാനപ്പെട്ട തീയതികൾ. **ഓണ പരീക്ഷ:** സെപ്റ്റംബർ 14, **ക്രിസ്മസ് പരീക്ഷ**: ഡിസംബർ 18, **ഡിപ്ലോമ പരീക്ഷ:** ജനുവരി 26, **വിശ്വാസോത്സവം:** ഏപ്രിൽ 1-5, **ഈസ്റ്റർ പരീക്ഷ:** ഏപ്രിൽ 08, **മതാധ്യാപക സംഗമം:** ഒക്ടോബർ 29, **മതാധ്യാപക ദിനം:** നവംബർ 04.

## 11. പാഠപുസ്തകവിതരണം

സൺഡേസ്കൂൾ ആരംഭദിനത്തിൽതന്നെ കുട്ടികൾക്കാവശ്യമായ പുസ്തകങ്ങളുടെ എണ്ണം ശേഖരിക്കുവാൻ വേണ്ടക്രമീകരണങ്ങൾ നടത്തുമല്ലോ. താഴെകൊടുത്തിരിക്കുന്ന ക്രമത്തിൽ വേണം ഫൊറോനായിൽനിന്ന് വരുവാൻ. മൂന്നോ നാലോ ഇടവകകൾ ഒരുമിച്ചുവരുന്നത് ഉചിതമായിരിക്കും. (ഓഫീസിലെ തിരക്കൊഴിവാക്കുവാൻ അതു സഹായിക്കും).

**ജൂൺ 06 തിങ്കൾ:** ചെറുപുഴ, മേരിഗിരി,ആലക്കോട് **ജൂൺ 07 ചൊവ്വ::** നെല്ലിക്കാംപൊയിൽ, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ് **ജൂൺ 08 ബുധൻ:** ചെമ്പേരി, പൈസക്കരി, എടൂർ, തളിപറമ്പ് **ജൂൺ 09 വ്യാഴം:** കുന്നോത്ത്, പേരാവൂർ.

## 12. കാസർഗോഡ് റീജൻ

കാസർഗോഡ് റീജനിൽപ്പെട്ട കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, പനത്തടി, തോമാപുരം എന്നീ ഫൊറോനകളിലെ ഇടവകകൾക്കുള്ള പുസ്തകങ്ങൾ പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് വിതരണം ചെയ്യുന്നതായിരിക്കും.

### 13. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്.

### 14. നന്ദി

മെയ് 21-ാം തീയതി സന്ദേശഭവനിൽവച്ച് നടന്ന ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുന്നു. കോൺഫറൻസിൽ 205 പേർ പങ്കെടുത്തു.

### 15. അഭിനന്ദനങ്ങൾ

പന്ത്രണ്ടു വർഷവും എല്ലാ ഞായറാഴ്ച്ചകളിലും സൺഡേക്ലാസുകളിൽ ഹാജരായി പഠനം പൂർത്തിയാക്കിയ കാതറിൻ കണിവേലിൽ (വിളക്കന്നൂർ), ട്രീസ തുണ്ടിയിൽ (വട്ടിയറ), മരിയ കൂത്തോട്ടിൽ (ആനമഞ്ഞൾ), കുര്യാക്കോസ് താഴത്തേടത്ത് (ആലക്കോട്), ജോസഫ് മണ്ണംചേരിൽ (എണ്ണപ്പാറ), ഓസ്റ്റിൻ അമ്പഴത്തിനാമറ്റത്തിൽ (തളിപ്പറമ്പ്), സാന്ദ്ര മരിയ അയിക്കരയിൽ (തളിപ്പറമ്പ്) എന്നീ കുട്ടികൾക്ക് ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽവച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സർട്ടിഫിക്കറ്റും 5000 രൂപ ക്യാഷ് അവാർഡും നല്കി ആദരിച്ചു. സമ്മാനർഹരായവർക്കും അവരുടെ മാതാപിതാക്കൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ.

### 16. അധ്യാപകർക്ക് അഭിനന്ദനങ്ങൾ

പത്തു വർഷവും അതിലധികവും മുടങ്ങാതെ എല്ലാ ഞായറാഴ്ച്ചകളിലും സൺഡേസ്കൂൾ ക്ലാസുകളിൽ ഹാജരായ ടോമി കണിവേലിൽ (വിളക്കന്നൂർ), ജെയ്സൺ പാലയൂർപൂവത്തിങ്കൽ (പേരാവൂർ), അഗസ്റ്റിൻ മാൻകുളം (പേരാവൂർ), അഗസ്റ്റിൻ ഇടക്കരകണ്ടത്തിൽ (മണക്കടവ്), മാത്യു വടക്കേടം (എടൂർ), ബേബി കുന്നേൽ (പുലിക്കുരുമ്പ), ജെസ്സി കുറിഞ്ഞിരപ്പള്ളിയിൽ (നെല്ലിപ്പാറ), ബ്രിജിറ്റ് കുറ്റിയാനിമറ്റം (വെള്ളാട്) എന്നീ അധ്യാപകർക്ക് ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സർട്ടിഫിക്കറ്റും മെമന്റോയും നല്കി ആദരിച്ചു. മാതൃകാപരമായ ശുശ്രൂഷ ചെയ്ത അധ്യാപകർക്ക് നന്ദിയും അഭിനന്ദനങ്ങളും.

### 17. ജൂബിലി ആഘോഷിക്കുന്നവർ

മതാധ്യാപന രംഗത്ത് 50, 25 വർഷം പൂർത്തിയാക്കിയവരെയും മതാധ്യാപന രംഗത്തുനിന്ന് വിരമിച്ചവരേയും ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൽസിൽ അഭിവന്ദ്യ പിതാവ് ആദരിച്ചു. സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച

അധ്യാപകർക്ക് അതിരൂപതാ വിശ്വാസപരിശീലനകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും ആശംസിക്കുന്നു.

## സുവർണ്ണ ജൂബിലി

സി. ആഞ്ചലീന മരിയ എ.എസ്.എം.ഐ. (വെമ്പുവ) ഏലിയാമ്മ കുന്നത്തുപൊതി (പാണത്തൂർ).

## രജതജൂബിലി

പയസ് പറയിടം (പടുപ്പ്), ബാബു തറയിൽ (വട്ടിയറ), ബിജു മുരിയംവേലിൽ (പടന്നക്കാട്), സിറിൾ പൈങ്ങോട്ട് (വെള്ളരിക്കുണ്ട്), ടെസി പാറത്താനം (വെള്ളരിക്കുണ്ട്), സി. തെരേസ് ജേക്കബ് എസ്.എച്ച് (പുലിക്കുരുമ്പ), അച്ചാമ്മ വാളംപറമ്പിൽ (പുലിക്കുരുമ്പ), സി. അർച്ചന എഫ്.സി.സി (നടുവിൽ), ജോൺ കടുപ്പിൽ (നടുവിൽ), സി. മെർലിൻ എസ്.എ.ബി.എസ് (കിളിയന്തറ), ജോജി പൊൻപുഴ (മണ്ഡപം), ലീലാമ്മ നെല്ലിക്കുന്നേൽ (ജോസ്മൗണ്ട്).

## വിരമിക്കുന്നവർ

അബ്രഹാം മഞ്ഞളാംകുന്നേൽ (പൊൻമല), ജോസ് ഇടത്തിനാൽ (വെളിമാനം), അച്ചാമ്മ വാളംപറമ്പിൽ (പുലിക്കുരുമ്പ), അച്ചാമ്മ തടത്തിൽ (വെണ്ണക്കല്ല്), ജേക്കബ് കുന്നത്ത് (കരയത്തുംചാൽ).

2016-2017 പുതിയ അധ്യയനവർഷം ദൈവാനുഗ്രഹപ്രദമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## ല്യൂമെൻ എക്ലേസിയ : പുതിയ അഡ്മിഷൻ

നമ്മുടെ ദൈവശാസ്ത്രപഠനം കൂടുതൽ ലളിതവും കാര്യക്ഷമവുമാക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ ഈ അധ്യേയനവർഷം മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു:

1. കോൺടാക്ടുക്ലാസ്സുകളുടെ എണ്ണം ഒരു സെമസ്റ്ററിൽ 2 എണ്ണമായി നിജപ്പെടുത്തുന്നതും ഓരോക്ലാസ്സിലും രണ്ടുവിഷയങ്ങളുടെ വിശകലനം നൽകുന്നതുമാണ്. യാത്രാസൗകര്യം കുറവുള്ള ഇടവകകളുടെ ക്ലേശം മുൻനിർത്തിയാണ് ഈ തീരുമാനം.
2. ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന കോൺടാക്ട് ക്ലാസ്സുകളിൽ പങ്കെടുക്കാൻ കഴിയാത്തവർക്കായി ഓരോ സെമസ്റ്ററിലും തലശ്ശേരിയിൽവച്ച് ഒരു ഏകദിനപഠനക്ലാസ്സ് നടത്തുന്നതാണ്. ഒരു സെമസ്റ്ററിലെ നാലുവിഷയങ്ങളുടെയും വിശകലനം ഈ ക്ലാസ്സിൽ ലഭിക്കുന്നതാണ്. സെമസ്റ്ററിലെ കോൺടാക്ടുക്ലാസ്സുകളുടെ മുഴുവൻ ഹാജറും ഈ ഏകദിനക്ലാസ്സിൽ (9.30 മുതൽ 4 മണിവരെ) പങ്കെടുക്കുന്നവർക്കു ലഭിക്കുന്നതാണ്.
3. നിർദ്ദിഷ്ട ദിനങ്ങളിലെ പരീക്ഷ എഴുതാൻ കഴിയാത്തവർക്ക് ഓൺലൈൻ പരീക്ഷാസൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ച സമയത്ത് സ്വന്തം ഭവനങ്ങളിലിരുന്ന് (ഇന്റർനെറ്റ് സൗകര്യമുണ്ടെങ്കിൽ) പരീക്ഷകൾ എഴുതാവുന്നതാണ്.
4. മതാധ്യാപകർക്കുവേണ്ടിയുള്ള ല്യുമെൻ എക്ലേസിയ എന്ന ദൈവശാസ്ത്രപഠന പരിപാടിയിൽ ഈ വർഷം കൂടിമാത്രമേ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ. നമ്മുടെ അതിരൂപതയിൽ ദൈവശാസ്ത്രപഠനത്തിനുശേഷിക്കുന്നവർ ഈ വർഷംതന്നെ പ്രവേശനം നേടി പഠനം തുടരണമെന്ന് സ്നേഹപൂർവ്വം അപേക്ഷിക്കുന്നു. പഠനപരിപാടിയിൽ ചേർന്നിട്ടില്ലാത്ത അധ്യാപകരുടെ രജിസ്ട്രേഷൻ ജൂൺ 30നു മുൻപു നടത്താൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.
5. ഈ വർഷം മുതൽ ദൈവശാസ്ത്രത്തിൽ PhD ഗവേഷണത്തിനുള്ള സൗകര്യംകൂടി ആൽഫായിൽ ആരംഭിച്ചിരിക്കുന്നു. ഗവേഷണത്തിനാവശ്യമായ ബൃഹത്തായ ഒരു ഗ്രന്ഥശേഖരവും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്രമീകരിച്ചിട്ടുണ്ട്. പഠിതാക്കൾക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതാണ്.

6. കോൺടാക്ടു ക്ലാസ്സുകളിൽ പങ്കെടുക്കുന്നതോടൊപ്പം നിങ്ങൾ നയിക്കുന്ന ക്ലാസ്സുകളും പങ്കെടുക്കുന്ന സെമിനാറുകളും എഴുതുന്ന ലേഖനങ്ങളും നിങ്ങളുടെ Internal Assessment ന് പരിഗണിക്കുന്നതാണ്. അവയുടെ സാക്ഷ്യപത്രങ്ങൾ യഥാസമയം ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

### കോൺടാക്ട് ക്ലാസ്സുകൾ

ഈ അദ്ധ്യയനവർഷത്തിലെ ദൈവശാസ്ത്രക്ലാസ്സുകൾ ജൂൺ 26ന് ആരംഭിക്കും.

| | |
|---|---|
| ജൂൺ 11 | - കോതമംഗലം |
| ജൂൺ 12 | - അങ്കമാലി |
| ജൂൺ 18 | - പാലാ, തൊടുപുഴ |
| ജൂൺ 25,26 | - ജഗദൽപൂർ, വാർദ്ധ |
| ജൂൺ 26 | - മേരിഗിരി |
| ജൂൺ 26 | - പേരാവൂർ, എടൂർ, പൈസക്കരി, ചെറുപുഴ, തോമാപുരം |

## ലോഗോസ് ക്വിസ് 2016

ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 25നു നടത്തുന്നതായിരിക്കും.

**ഈ വർഷത്തെ പഠനഭാഗങ്ങൾ**

| | |
|---|---|
| **സംഖ്യ** | **11 - 21 അധ്യായങ്ങൾ** |
| **സുഭാഷിതങ്ങൾ** | **10 - 20 അധ്യായങ്ങൾ** |
| **വി. യോഹന്നാൻ** | **13 - 21 അധ്യായങ്ങൾ** |
| **വെളിപാട്** | **1 - 3 അധ്യായങ്ങൾ** |

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിൽ ആയിരിക്കും.

| | | |
|---|---|---|
| എ | : | വിഭാഗം 01-01-2005 ന് ശേഷം ജനിച്ചവർ, |
| ബി | : | വിഭാഗം 01-01-2000 നും 31-12-2004 നും ഇടയ്ക്ക് ജനിച്ചവർ, |
| സി | : | വിഭാഗം 01-01-1985 നും 31-12-1999 നും ഇടയ്ക്ക് ജനിച്ചവർ, |
| ഡി | : | വിഭാഗം 01-01-1965 നും 31-12-1984 നും ഇടയ്ക്ക് ജനിച്ചവർ, |
| ഇ | : | വിഭാഗം 01-01-1952 നും 31-12-1964 നും ഇടയ്ക്ക് ജനിച്ചവർ, |
| എഫ് | : | വിഭാഗം 31-12-1951 നു മുമ്പ് ജനിച്ചവർ. |

Online രജിസ്ട്രേഷന് www. logos Quiz.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് താഴെപ്പറയുന്ന രീതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

സെന്ററിന്റെ Username/Password ഉപയോഗിച്ച് (ഇവ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽനിന്നും ലഭിക്കുന്നതാണ്) Log in ചെയ്യുക. 25 പേരുള്ള ഗ്രൂപ്പുകളായി പ്രായവിഭാഗമനുസരിച്ച് രജിസ്റ്റർ ചെയ്യാം. റജി. നമ്പർ, പേര്, വീട്ടുപേര്, ജനനതീയതി, ലിംഗം, ഭാഷ, ജോലി എന്നിവ പൂരിപ്പിച്ചശേഷം Add Group/Team ബട്ടൺ ക്ലിക്കു ചെയ്യുക. തിരുത്തലുകൾ വേണ്ടതുണ്ടെങ്കിൽ Edit ബട്ടൺ ക്ലിക്കു ചെയ്യണം. കൃത്യമായ ഗ്രൂപ്പിൽ തന്നെയാണ് ഓരോ രജിസ്ട്രേഷനും നടത്തിയിരിക്കുന്നത് എന്നു ഉറപ്പുവരുത്തുക. സംശയങ്ങളുടെ ദൂരീകരണത്തിന് 0484 - 2405678, 944611044 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

മുൻവർഷങ്ങളിലേതുപോലെ രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്യേണ്ടതാണ്. എല്ലാ ഇടവകകളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളെയും ഇടവകയെയോ ഒരു കത്തോലിക്കാസ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2016 ജൂൺ 1നും, രജിസ്ട്രേഷൻ അവസാനിക്കുന്നത് 2016 ജൂലൈ 31നും ആയിരിക്കും. പരീക്ഷാ സമയം രൂപതാതലത്തിൽ 2016 സെപ്റ്റംബർ 25-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്. **രജിസ്ട്രേഷൻ ഷീറ്റിൽ മതാദ്ധ്യാപകരുടെ പേരിനു മുമ്പായി ഇടതുസൈഡിൽ മാർജിനിൽ T എന്നുകൂടി രേഖപ്പെടുത്തേണ്ടതാണ്.**

**സമ്മാനങ്ങൾ**

വിശുദ്ധനാടുതീർത്ഥാടനം, ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, ട്രോഫികൾ, സ്വർണ്ണമെഡലുകൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

**അഖില കേരളതലത്തിൽ** (കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ നിൽകുന്നത്)

1-ാം സമ്മാനം 15000/- രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 10000/- ,, ,, ,,
3-ാം സമ്മാനം 5000/- ,, ,, ,,
4-ാം സമ്മാനം 1000/- ,, വെള്ളിമെഡലും സർട്ടിഫിക്കറ്റും 7 പേർക്കു വീതം
5-ാം സമ്മാനം 500 രൂപയുടെ ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ.

**അതിരൂപതാതലത്തിൽ (അതിരൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് നൽകുന്നത്)**

1-ാം സമ്മാനം 1000/- രൂപയും സർട്ടിഫിക്കറ്റും (1 x 6 = 6 പേർക്ക്)
2-ാം സമ്മാനം - 700 രൂപ + സർട്ടിഫിക്കറ്റ് (1 x 6 = 6 പേർക്ക്)

3-ാം സമ്മാനം - 500 രൂപ + സർട്ടിഫിക്കറ്റ് (1 x 6 = 6 പേർക്ക്)

4-ാം സമ്മാനം 250 രൂപാ വിലവരുന്ന സമ്മാനങ്ങൾ + സർട്ടിഫിക്കറ്റ് (1 x 6 = 6 പേർക്ക്)

5-ാം സമ്മാനം 50 രൂപാ വിലവരുന്ന സമ്മാനങ്ങൾ + സർട്ടിഫിക്കറ്റ് (1 x 6 = 6 പേർക്ക്)

## ഇടവകാതലത്തിൽ

* 25 പേരടങ്ങുന്ന ഒരു ഗണത്തിന് ഒരു സമ്മാനം എന്ന അനുപാതത്തിൽ (50, 75, 100, 125, 150 etc... എന്ന ക്രമത്തിൽ) എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനം ഉണ്ടായിരിക്കും. രൂപതാതലത്തിൽ സമ്മാനാർഹരായവർക്ക് ഇടവകാതലത്തിലെ സമ്മാനത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.
* 60% ൽ കൂടുതൽ മാർക്ക് വാങ്ങുന്ന 'A' പ്രായവിഭാഗത്തിലുള്ളവർക്കും 70%ൽ കൂടുതൽ മാർക്ക് വാങ്ങുന്ന B,C,D,E,F പ്രായവിഭാഗത്തിലുള്ള വർക്കും KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

## ബൈബിൾ കുടുംബങ്ങൾക്ക്

- ഒരു കുടുംബത്തിൽനിന്ന് 3 പേർ (2 തലമുറയിൽപെട്ടവർ) പരീക്ഷയിൽ പങ്കെടുക്കുന്നുവെങ്കിൽ മാത്രമേ അതിനെ ബൈബിൾ കുടുംബമായി കണക്കാക്കുകയുള്ളൂ. 3 പേരിൽ കൂടുതൽ പങ്കെടുക്കുന്നുണ്ടെങ്കിൽ മാർക്കിന്റെ ആനുപാതികം നോക്കുന്നതായിരിക്കും. ഒരു ബൈബിൾകുടുംബത്തിലെ അംഗങ്ങൾ എല്ലാവരും കൂടി വാങ്ങിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിക്കുന്ന കുടുംബങ്ങൾക്ക് അതിരൂപതാ തലത്തിൽ പ്രത്യേക ക്യാഷ് അവാർഡുകൾ നല്കുന്നു. **1-ാം സമ്മാനം 1000 രൂപ, 2-ാം സമ്മാനം 750 രൂപ, 3-ാം സമ്മാനം 500 രൂപ.**
- രജിസ്ട്രേഷൻ ഷീറ്റിൽ ബൈബിൾ കുടുംബാംഗങ്ങളുടെ പേരിനുമുമ്പായി **'F'** എന്നുകൂടി രേഖപ്പെടുത്തേണ്ടതാണ് (ഇടതുസൈഡിൽ മാർജിനിൽ). ഒന്നിൽ കൂടുതൽ ബൈബിൾ കുടുംബങ്ങൾ ഒരിടവകയിൽ രജിസ്റ്റർ ചെയ്യുമ്പോൾ ഓരോ കുടുംബത്തിനും 'F1, F2, F3' എന്നിങ്ങനെ നമ്പർ നല്കാവുന്നതാണ്.

## മതാദ്ധ്യാപകർക്ക്

തലശ്ശേരി അതിരൂപതയിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിക്കുന്ന മതാദ്ധ്യാപകർക്ക് പ്രായപരിഗണന കൂടാതെ 1, 2, 3 സമ്മാനങ്ങൾ നല്കുന്നതാണ്.

ഒന്നാം സമ്മാനം 1000 രൂപ

രണ്ടാം സമ്മാനം 750 രൂപ

മൂന്നാം സമ്മാനം 500 രൂപ

**2016 ലെ പ്രത്യേക സമ്മാനങ്ങൾ**

* ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് **3000 രൂപ സമ്മാനവും എവർ റോളിംഗ് ട്രോഫിയും** ലഭിക്കുന്നതാണ്. (1000-ൽ അധികം ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകകളെ മാത്രമേ സമ്മാന ത്തിനു പരിഗണിക്കുകയുള്ളൂ).

* ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി അതിരൂപതാ തല ത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന ഇടവകയ്ക്ക് **3000 രൂപ സമ്മാനം.** (60%-ത്തിൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവ കകളെ മാത്രമേ സമ്മാനത്തിനു പരിഗണിക്കുകയുള്ളൂ).

* അതിരൂപതാതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പി ക്കുന്നതിൽ രണ്ടും, മൂന്നും സ്ഥാനം നേടുന്ന (800-ൽ അധികം ആളു കൾ) ഇടവകകൾക്ക് 1500/-,1000/- എന്ന ക്രമത്തിലും ഇടവകാംഗ ങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ അംഗ ങ്ങളെ പങ്കെടുപ്പിക്കുന്നതിൽ രണ്ടും, മൂന്നും സ്ഥാനം നേടുന്ന (60%-ൽ കൂടുതൽ ആളുകൾ) ഇടവകകൾക്ക് 1500/-, 1000/- എന്ന ക്രമത്തിലും സമ്മാനങ്ങൾ ലഭിക്കുന്നതാണ്. **വിശദവിവരങ്ങൾക്ക് അതിരൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുക: ഫോൺ: 0490-2344727, 2343707.**

**പ്രത്യേക ശ്രദ്ധയ്ക്ക്**

ലോഗോസ് പരീക്ഷയുടെ മൂല്യനിർണ്ണയത്തിൽ വരുന്ന അപാകതകൾ പരിഹരിക്കാനായി ഈ വർഷം മുതൽ മൂല്യനിർണ്ണയം ഇടവകാതലത്തിൽ നടത്തി ഓരോ ഗ്രൂപ്പിലെയും ഏറ്റവും കൂടുതൽ മാർക്കുലഭിച്ച 3 പേരുടെ ഉത്തരക്കടലാസുകൾ മാത്രം പൊതുവായി മൂല്യനിർണ്ണയം നടത്തുന്നതാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

## വിശുദ്ധനാട് തീർത്ഥാടനം

ബഹു. ജോസ് കാപ്പിൽ അച്ചന്റെ നേതൃത്വത്തിലുള്ള അടുത്ത വിശുദ്ധനാട് തീർത്ഥാടനം 2016 ഒക്ടോബറിൽ.

വിശദവിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനും വിളിക്കുക:
9446501944, 9447468162

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹം നിറഞ്ഞ അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരേ,

അവധിക്കാലത്തെ ആനന്ദത്തിനുശേഷം വീണ്ടുമൊരു പ്രവർത്തന വർഷത്തിലേയ്ക്ക് നാം പ്രവേശിച്ചു. കരുണയുടെ വർഷത്തിൽ ഈശോയുടെ കാരുണ്യത്തിന്റെ ഭാവങ്ങൾ നമ്മിലൂടെ മറ്റുള്ളവർ ദർശിക്കാനിടയാകുംവിധം നമ്മുടെ ഓരോ ചലനങ്ങളും ക്രമീകരിക്കണം. പുത്തൻ പ്രവർത്തനവർഷം ആരംഭം മുതൽ ദൈവാനുഗ്രഹം നിറഞ്ഞതാകാൻ നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം. പ്രാർത്ഥനയിൽ അടിസ്ഥാനമിട്ട് വിശുദ്ധിയിൽ വളർന്ന് നന്മയുടെയും കാരുണ്യത്തിന്റെയും പരിമളം പരത്തുന്ന കുഞ്ഞുമിഷനറിമാരായി ഈശോയ്ക്കുവേണ്ടി ജീവിക്കുവാൻ - പ്രവർത്തിക്കുവാൻ എല്ലാ കുഞ്ഞുമിഷനറിമാർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു... പ്രാർത്ഥിക്കുന്നു...

**അനുസ്മരിക്കുന്ന തിരുനാൾ :** ഈശോയുടെ തിരുഹൃദയ തിരുനാൾ
**അനുസ്മരിക്കുന്ന വിശുദ്ധൻ :** വി. പൗലോസ് ശ്ലീഹ
**പ്രാർത്ഥനാനിയോഗം :** നവാഗതരായ വിദ്യാർത്ഥികൾക്കുവേണ്ടി
**സുകൃതജപം :** ഈശോയുടെ തിരുഹൃദയമേ, അങ്ങയുടെ രാജ്യം വരണമേ

ജൂൺ 05 ഞായർ : ശാഖാതല പ്രവർത്തനവർഷം ഉദ്ഘാടനം
11 ശനി : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് സംഗമവും
12 ഞായർ : ബൈബിൾ ഞായർ
29 ബുധൻ : പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ

## എം.ടി.സി. - മിഷൻ തീർത്ഥയാത്ര

2016 ഏപ്രിൽ 8 മുതൽ 11 വരെ ചെടിക്കുളത്തുവച്ച് നടത്തിയ എം.ടി.സി. ക്യാമ്പിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 32 കുട്ടികളും അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളും അതിരൂപത ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തിയ ഛാന്ദാ മിഷൻ യാത്ര കുട്ടികൾക്ക് വ്യത്യസ്തവും ഹൃദ്യവുമായ അനുഭവമായി. 18-ാം തീയതി വൈകുന്നേരം അഭിവന്ദ്യ പിതാക്കന്മാരുടെ അനുഗ്രഹാശിസുകളോടെ ആരംഭിച്ച യാത്രയിൽ മിഷൻ എന്താണെന്നും നമ്മുടെ ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ നടത്തുന്ന മിഷൻപ്രവർത്തനങ്ങൾ എന്തൊക്കെയെന്നും മിഷനറിമാരുടെ ജീവിതാനുഭവങ്ങളും നേരിൽകണ്ട് മനസ്സിലാക്കുന്നതിനും മിഷനെ സ്നേഹിക്കു

ന്നതിനും ഈ യാത്ര പ്രേരകമായി. ഛാന്ദാ രൂപതാ ബിഷപ്പ് മാർ എഫ്രേം നരികുളം, മുൻ ബിഷപ്പ് മാർ വിജയാനന്ദ് എന്നീ പിതാക്കന്മാരുടെ സാന്നിദ്ധ്യം അനുഗ്രഹപ്രദമായിരുന്നു. ബല്ലാർഷ, കലമ്ന, ആസ്തി, അക്സാപൂർ, നന്ദ്ഗാവ്, മർക്ബോഡി എന്നീ മിഷൻ വില്ലേജുകൾ സന്ദർശിച്ചു. അവിടെ സേവനമനുഷ്ഠിക്കുന്ന മലയാളി വൈദികരുടെയും സിസ്റ്റേഴ്സിന്റെയും നിർലോഭമായ സഹായം മിഷൻയാത്രയുടെ വിജയത്തിന് ഏറെ സഹായകമായി. മിഷൻയാത്രയ്ക്കായി കുഞ്ഞുമിഷനറിമാരെ പ്രാർത്ഥിച്ച് ആശീർവദിച്ച് സാമ്പത്തികസഹായങ്ങളും നൽകി യാത്രയാക്കിയ അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനെയും മാർ ജോർജ് വലിയമറ്റം പിതാവിനെയും ബഹു. ഡയറക്ടർ അച്ചന്മാർ, സിസ്റ്റേഴ്സ്, മാതാപിതാക്കന്മാർ എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

**മിഷൻഗ്രാമ സഹായം നൽകിയവർ**

| | |
|---|---|
| മാർ ജോർജ് ഞറളക്കാട്ട് | നെല്ലിക്കാംപൊയിൽ മേഖല |
| കോളയാട് ശാഖ | ബാലേശുഗിരി ശാഖ |
| കുളിനീർ ശാഖ | അങ്ങാടിക്കടവ് ശാഖ |

## ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ

ഒറീസ്സായിലെ സാമ്പൽപൂർ ജില്ലയിലെ ബോഡ്മാൻ വില്ലേജിലെ ഓർഫനേജിലെ കുട്ടികൾക്ക് കട്ടിൽ വാങ്ങുവാനായി വിവിധ ശാഖകളിൽനിന്നും മേഖലകളിൽനിന്നുമായി ലഭിച്ച 1,25,000 രൂപ ഏപ്രിൽ 29-ാം തീയതി അതിരൂപതാ ഡയറക്ടറിന്റെ നേതൃത്വത്തിൽ മിഷൻലീഗ് ജൂണിയർ പ്രതിനിധികൾ ചേർന്ന് ഈ ഓർഫനേജിൽ സേവനമുഷ്ഠിക്കുന്ന സി. ആനീസിന് കൈമാറി. ആ കാരുണ്യവർഷത്തിൽ 'ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ' എന്ന സുകൃതവഴിയിലൂടെ പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ സന്മനസ്സ് കാട്ടിയ എല്ലാ ശാഖാ-മേഖലാ ഡയറക്ടർ അച്ചന്മാർ, വൈസ് ഡയറക്ടേഴ്സ്, കുഞ്ഞുമിഷനറിമാർ എല്ലാവർക്കും പ്രത്യേകം നന്ദി.

## ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമം - ഏയ്ഞ്ചൽസ് മീറ്റ് 2016 ആലക്കോട്, ചെമ്പന്തൊട്ടി, ചെമ്പേരി, ചെറുപുഴ, കാഞ്ഞങ്ങാട്, കുന്നോത്ത്, മേരിഗിരി, നെല്ലിക്കാംപൊയിൽ, പൈസക്കരി, പനത്തടി, പേരാവൂർ എന്നീ മേഖലകളിൽ നടന്നു. അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ്, മാർ ജോർജ് വലിയമറ്റം പിതാവ്, മോൺ. ജോർജ് എളൂക്കുന്നേൽ, ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് എന്നിവർ വിവിധ മേഖലകളിലായി ഏയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകുകയും സി.എം.എൽ. ബാഡ്ജ്, പ്രാർത്ഥാപുസ്ത

കം, മാനുവൽ ബുക്ക് എന്നിവ നല്കി മിഷൻലീഗ് സംഘടനയിലേയ്ക്ക് കുഞ്ഞുങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുകയും ദിവ്യകാരുണ്യസ്വീകരണ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഏയ്ഞ്ചൽസ് മീറ്റ് മനോഹരമായി ക്രമീകരിച്ച എല്ലാ ഫൊറോന വികാരിയച്ചന്മാർക്കും മേഖലാ ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടേഴ്സ്, മേഖലാഭാരവാഹികൾ എന്നിവർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## മേഖലാ ഡയറക്ടേഴ്സ് – വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മെയ് 5-ാം തീയതി വൈകുന്നേരം തളിപ്പറമ്പിൽവച്ച് അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്തിന്റെ അധ്യക്ഷതയിൽ നടന്ന മേഖലാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ 22 പേർ പങ്കെടുത്തു. 2015-16 വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, കരുണയുടെ വർഷത്തെ പ്രത്യേക പ്രവർത്തനങ്ങളെക്കറിച്ചുള്ള പ്ലാനിംഗ്, സ്ഥലം മാറിപ്പോകുന്ന മേഖലാ ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടർ സിസ്റ്റേഴ്സിനുമുള്ള യാത്രയയപ്പ് എന്നിവയ്ക്കുശേഷം 9 മണിയോടെ മീറ്റിംഗ് അവസാനിച്ചു.

## സംസ്ഥാന മാനേജിംഗ് കമ്മിറ്റി – ക്യാമ്പ്

മെയ് 7, 8 തീയതികളിൽ കണ്ണൂർ ശ്രീപുരം പാസ്റ്ററൽ സെന്ററിൽവച്ച് കോട്ടയം രൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽവച്ച് നടന്ന സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും ക്യാമ്പിലും അതിരൂപതാ ഡയറക്ടറും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

## സമർപ്പണഫണ്ട്

പാവപ്പെട്ട കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നൽകുന്ന സമർപ്പണഫണ്ട് ലഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ജൂൺ 30-നു മുമ്പ് വികാരിയച്ചന്റെ കത്തോടുകൂടി ഓഫീസിൽ എത്തിക്കുമല്ലോ. സമർപ്പണഫണ്ട് രൂപതയിൽ അടയ്ക്കാത്ത ശാഖകളിൽനിന്നുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല എന്നും ഓർമ്മിപ്പിക്കുന്നു.

## ഉപരിപഠന സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ സജീവ മിഷൻലീഗ് അംഗങ്ങൾക്ക് നല്കി വരുന്ന മിഷൻലീഗ് രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിലേക്ക് അർഹമായ അപേക്ഷകൾ ജൂൺ 30നു മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ.

## പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും

ചെറുപുഷ്പമിഷൻലീഗ് 2016-17 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽവച്ച് ജൂൺ 11 ശനിയാഴ്ച രാവിലെ 9.15ന് വി. കുർബാനയോടുകൂടി ആരംഭിക്കും. 2016-17 വർഷത്തെ മാർഗ്ഗരേഖ പ്രകാശനം, പുതിയ മാർഗ്ഗരേഖ അവലോകനം, ക്ലാസ്സ്, ചർച്ച എന്നിവയ്ക്കുശേഷം ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് അവസാനിക്കും. എല്ലാ വൈസ് ഡയറക്ടേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. ബാഡ്ജ്, മാനുവൽബുക്ക് തുടങ്ങിയ സാധനങ്ങൾ വാങ്ങുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം

ഈ വർഷത്തെ ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാതലത്തിൽ ജൂൺ 5 ഞായറാഴ്ച പുളിങ്ങോം ശാഖയിൽവച്ച് നടക്കും. മെയ് 29 ഞായറാഴ്ച ശാഖകളിൽ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ ശാഖാതല പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ശാഖാ-മേഖലാ വാർഷിക റിപ്പോർട്ട്

2015-16 പ്രവർത്തനവർഷത്തെ ശാഖാ-മേഖലാ വാർഷിക റിപ്പോർട്ട് മേഖലാ ഡയറക്ടറിന്റെ ഒപ്പോടുകൂടി ജൂൺ 30-നുള്ളിൽ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## അംഗത്വസ്വീകരണം

ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ മൂന്നിനോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വസ്വീകരണം നടത്തി ജൂലൈ 30 നുള്ളിൽ കഴിഞ്ഞ വർഷത്തെതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## ഹൃദയം നിറഞ്ഞ നന്ദി

വിവിധ ഫൊറോനകളിൽ മിഷൻലീഗ് മേഖലാ ഡയറക്ടർ, വൈസ് ഡയറക്ടർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ ഇടവകകളിലേയ്ക്ക് സ്ഥലംമാറിയ ഫാ. സ്കറിയ വടശ്ശേരി, ഫാ. ജോസഫ് പന്തലാടിക്കൽ, ഫാ. തോമസ് കട്ടക്കയത്തിൽ, ഫാ. മാത്യു മുളയോലിൽ, സി. ലിസ്ബിൻ എസ്.എച്ച്., സി. പൗളിൻ എസ്.എച്ച്., സി. ഡെയ്സി എഫ്.സി.സി., സി. ക്ലെറിൻ എസ്.എ.ബി.എസ്., സി. ടെയ്സി എസ്.എച്ച്., സി. സിൽവി സി.എം.സി., സി. തെരേസ് മരിയ സി.എച്ച്.എഫ്. എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

2015-2016 പ്രവർത്തനവർഷം ശാഖാ-മേഖലാതലപ്രവർത്തനങ്ങൾ വളരെ ഭംഗിയായി പൂർത്തിയാക്കാൻ അതിരൂപതാ നിർദ്ദേശങ്ങളോട് ചേർന്ന് സഹകരിച്ച ശാഖാ-മേഖലാ ഡയറക്ടർ അച്ചന്മാർ, വൈസ് ഡയറക്ടേഴ്സ്, ഭാരവാഹികൾ എന്നിവർക്ക് പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും. പുതിയ പ്രവർത്തനവർഷത്തിൽ കൂടുതൽ തീക്ഷ്ണതയോടും പുത്തൻ ഉണർവ്വോടുംകൂടെ പ്രവർത്തിക്കുവാൻ കാരുണ്യത്തിന്റെ പ്രേഷിതരായി മാറാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

## അഭിനന്ദനങ്ങൾ



എകെസിസിയുടെ അതിരൂപതാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ചെറുപുഷ്പമിഷൻലീഗ് അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് അച്ചന് സി.എം.എൽ. അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും. പുതിയ കർമ്മവീഥിയിൽ ഉണർന്നു പ്രശോഭിക്കുവാൻ എല്ലാവിധ വിജയാശംസകളും മംഗളങ്ങളും നേരുന്നു.

## കെസിവൈഎം തലശ്ശേരി അതിരൂപത ഒരുക്കുന്ന വിശുദ്ധനാട് തീർത്ഥാടനം



ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലിന്റെ
ആത്മീയ നേതൃത്വത്തിൽ
**വിശുദ്ധനാട് തീർത്ഥാടനം**
(ജോർദ്ദാൻ, ഇസ്രായേൽ, പലസ്തീൻ, ഈജിപ്ത്)
2016 ഒക്ടോബർ 15ന് ആരംഭിക്കുന്നു.

**താല്പര്യമുള്ളവർ എത്രയും വേഗം സീറ്റ് ബുക്ക് ചെയ്യുക**
ഫാ. ബിജു കരിങ്ങാലിക്കാട്ടിൽ : 9744314371, 9446271011
കെസിവൈഎം ഓഫീസ് : 8281517660, 8547587078

# തിരുബാലസഖ്യം

പ്രിയ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

നീണ്ട അവധിക്കാലത്തിനുശേഷം വീണ്ടും പുത്തൻ പ്രവർത്തന വർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ഉണ്ണീശോയുടെ അനുഗ്രഹത്തിനും സംരക്ഷണത്തിനുമായി ഈ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളെയും സമർപ്പിക്കാം. സുകൃതജപങ്ങളും തിരുവചനങ്ങളും പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിത കഥകളുമൊക്കെ പഠിച്ച് നമുക്കും ഈശോയെപ്പോലെ വളരാം. ഉണ്ണീശോയുടെ അനുഗ്രഹവും സംരക്ഷണവും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## ഈശോയെപ്പോലെ വളരാം... വലുതാകാം Vol. 2

തിരുബാലസഖ്യം കുട്ടികൾക്കായി ഈ വർഷത്തെ പ്രവർത്തനമാർഗ്ഗരേഖ ഉൾക്കൊള്ളിച്ചുകൊണ്ട് കഥകൾ, പാട്ടുകൾ, നിറം കൊടുക്കാം, വചനം പൂരിപ്പിക്കാം തുടങ്ങിയ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികൾക്ക് ഉപകാരപ്രദവും വചനപഠനത്തിന് സഹായകരവുമായ വിധത്തിൽ കഴിഞ്ഞ വർഷത്തെ വർക്ക്ബുക്കിന്റെ തുടർച്ചയായി ഈശോയെപ്പോലെ വളരാം... വലുതാകാം Vol. 2 എന്ന പുസ്തകം തയ്യാറായിട്ടുണ്ട്. 25 രൂപയാണ് ഇതിന്റെ വില. വേദപാഠ പുസ്തകത്തിന്റെ പൈസ വാങ്ങുമ്പോൾ ഈ തുകകൂടി കൂട്ടി വാങ്ങുവാനും 1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികൾക്കും ഈ വർക്ക് ബുക്ക് നൽകാനും ബഹു. ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. പുസ്തകം ജൂൺ ആദ്യ ആഴ്ച മുതൽ തലശ്ശേരി ഓഫീസിൽനിന്നും വാങ്ങാവുന്നതാണ്.

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

ഹൃദയം സ്നേഹത്തിന്റെ പ്രതീകമാണ്. ഈശോയുടെ കുത്തിത്തുറക്കപ്പെട്ട ഹൃദയം നമ്മോടുള്ള സ്നേഹത്തിന്റെ രത്നചുരുക്കമാണ്. ഈ ഹൃദയം അവിടുത്തെ അനുകമ്പാർദ്രമായ സ്നേഹത്തെയും പാപികളുടെ നേർക്കുള്ള കരുണയെയും പരസ്യമായി പ്രഖ്യാപിക്കുന്നു. നമ്മോടുള്ള സ്നേഹത്തെപ്രതി ഇല്ലായ്മയാകുവാൻ, എല്ലാം പൂർണ്ണമായി കൊടുക്കാൻ, എല്ലാവരെയും ഒരുപോലെ സ്വീകരിക്കാൻ തുറക്കപ്പെട്ട ഹൃദയം. തിരുഹൃദയത്തിന് പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ ജൂൺ മാസം വിശാലമായ ഒരു ഹൃദയത്തിന്റെ ഉടമകളാകാൻ നമുക്കും ശ്രമിക്കാം. വിശുദ്ധരെയും പാപികളെയും ഒരുപോലെ ഉൾക്കൊള്ളാൻ മാത്രം വിശാലഹൃദയം സ്വന്തമാക്കാം. പാപിയായ എന്നെ ആ തിരുഹൃദയം ഉൾക്കൊണ്ടെങ്കിൽ എന്റെ ഹൃദയവും ബലഹീനരായ എന്റെ സഹോദരങ്ങളെ ഉൾക്കൊള്ളേണ്ടതല്ലേ? ഇതൊരു പുനർവിചിന്തനത്തിനുള്ള അവസരമാകട്ടെ. ഹൃദയശാന്തതയും എളിമയുമുള്ള ഈശോയെ എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയം പോലെയാക്കണെ എന്ന് നമുക്കും പ്രാർത്ഥിക്കാം. എല്ലാവർക്കും തിരുഹൃദയതിരുനാൾ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

## ഗോദോസ് - 2016

ഏപ്രിൽ 26,27,28 തീയതികളിൽ ജൂബിലി പ്രയാണത്തിന്റെ ഭാഗമായി ഇരിട്ടി, പനത്തടി, ചെമ്പേരി സോണുകൾ തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലും രൂപതാഭാരവാഹികളും സന്ദർശിക്കുകയും പ്രത്യേക മീറ്റിംഗിൽവച്ച് സോൺ കോ-ഓർഡിനേറ്റർ, ആനിമേറ്റർ, പ്രസിഡന്റ് എന്നിവരെ തെരഞ്ഞെടുക്കുകയും ജൂബിലിയുടെ തുടർനടപടികളെപ്പറ്റി ആലോചിക്കുകയും ചെയ്തു.

## തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ

*ഇരിട്ടി സോൺ* : കോ-ഓർഡിനേറ്റർ: ഫാ. തോമസ് മണവത്ത്, ആനിമേറ്റർ : സി. അനിജ സിഎംസി, പ്രസിഡന്റ് : അഖിൽ ചിരിയംകണ്ടത്തിൽ.

*കാസർഗോഡ് സോൺ :* കോ-ഓർഡിനേറ്റർ : ഫാ. സെബാസ്റ്റ്യൻ പൊടിമറ്റത്തിൽ, ആനിമേറ്റർ : ശ്രീ. അനിൽ പ്ലാക്കൽ, പ്രസിഡന്റ്: ബിന്റോ അമ്പാട്ട്.

*ചെമ്പേരി സോൺ* : ആനിമേറ്റർ : സോണി ചെമ്പേരി, പ്രസിഡന്റ്: അജിൻ ചെമ്പന്തൊട്ടി.

## സ്പോർട്ട്- 2016

മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി അനുസ്മരണാർത്ഥം പേരാവൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ നിർമ്മലഗിരി കോളെജിൽവച്ച് കായികമത്സരം നടത്തപ്പെട്ടു. നിർമ്മലഗിരി പള്ളിവികാരി ഫാ. പോൾ വള്ളോപ്പള്ളി ഉദ്ഘാടനം ചെയ്തു. സ്പോർട്ട് - 2016ന് കെസിവൈഎം പ്രസിഡന്റ് ഷിജോ നിലയ്ക്കപ്പള്ളി അധ്യക്ഷത വഹിച്ചു. ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ അനുഗ്രഹപ്രഭാഷണവും ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ ആശംസയും അർപ്പിച്ചു. 148 പോയിന്റ് നേടി ചെമ്പന്തൊട്ടി ഫൊറോനയും 124 പോയിന്റ് നേടി നെല്ലിക്കാംപൊയിൽ ഫൊറോനയും 122 പോയിന്റ് നേടി പേരാവൂർ ഫൊറോനയും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരായി. വിജയികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. സ്പോർട്ട് - 2016 വിജയകരമായി പൂർത്തിയാക്കാൻ സഹകരിച്ച എല്ലാ യുവജനസുഹൃത്തുക്കൾക്കും നിർമ്മലഗിരിയിലെ വൈദികർക്കും നിർമ്മലഗിരി കോളെജിലെ കായിക അധ്യാപകൻ ഷിനിൽ സാറിനും സമ്മാനദാനം നിർവ്വഹിച്ച പേരാവൂർ ഫൊറോന ഡയറക്ടർ ഫാ. തോമസ് മണവത്തിനും പേരാവൂർ ഫൊറോനാ സമിതിക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## മത്സര വിജയികൾ

| | |
|---|---|
| 100 മീറ്റർ ഓട്ടം ബോയ്സ് | Ist എമിൽ - നെല്ലിക്കാംപൊയിൽ |
| | IInd ബിബിൻ - പനത്തടി |
| | IIIrd അനീഷ് - ചെമ്പന്തൊട്ടി |
| 100 മീറ്റർ ഓട്ടം ഗേൾസ് | Ist ഷിജിന - ചെമ്പന്തൊട്ടി |
| | IInd സൗമ്യ - പേരാവൂർ |
| | IIIrd ചിഞ്ചു - കാഞ്ഞങ്ങാട് |
| 400 മീറ്റർ ഓട്ടം ബോയ്സ് | Ist ജോൺസൺ - ചെമ്പന്തൊട്ടി |
| | IInd അഭിജിത്ത് - നെല്ലിക്കാംപൊയിൽ |
| | IIIrd സുബിൻ - ചെമ്പന്തൊട്ടി |
| 400 മീറ്റർ ഓട്ടം ഗേൾസ് | Ist സജിന - ചെമ്പന്തൊട്ടി |
| | IInd ലീഡ - ചെമ്പന്തൊട്ടി |
| | IIIrd സൗമ്യ - പേരാവൂർ |
| റിലേ | Ist ചെമ്പന്തൊട്ടി |
| | IInd നെല്ലിക്കാംപൊയിൽ |
| | IIIrd പേരാവൂർ |
| ബാസ്ക്കറ്റ് ബോൾ | Ist കാഞ്ഞങ്ങാട് |

| | | |
|---|---|---|
| | IInd | നെല്ലിക്കാംപൊയിൽ |
| | IIIrd | ചെമ്പന്തൊട്ടി |
| വോളിബോൾ | Ist | ചെമ്പന്തൊട്ടി |
| | IInd | പേരാവൂർ |
| | IIIrd | നെല്ലിക്കാംപൊയിൽ |
| ക്രിക്കറ്റ് | Ist | പേരാവൂർ |
| | IInd | ചെമ്പന്തൊട്ടി |
| | IIIrd | നെല്ലിക്കാംപൊയിൽ |

എല്ലാ വിജയികൾക്കും തലശ്ശേരി അതിരൂപതയുടെ പ്രത്യേകം അഭിനന്ദനങ്ങൾ.

## നെയ്തൽ

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നെയ്തൽ തീരദേശക്യാമ്പ് തിരുവനന്തപുരം ലാറ്റിൻ അതിരൂപതയുടെ ആതിധേയത്വത്തിൽ നടത്തപ്പെട്ടു. മെയ് 20, 21, 22 തീയതികളിലായി നടന്ന ക്യാമ്പിൽ തലശ്ശേരി അതിരൂപതയിൽനിന്നും മൂന്നു പേർ പങ്കെടുത്തു.

## പരിസ്ഥിതി ദിനം – ജൂൺ 5

ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ജൂൺ 3,4,5 തീയതികളിലായി പനത്തടി ഫൊറോനയുടെ ആതിഥേയത്വത്തിൽ റാണിപുരത്തുവച്ച് പരിസ്ഥിതി ക്യാമ്പ് സംഘടിപ്പിക്കുന്നു. ഒരു ഫൊറോനയിൽനിന്ന് 5 പേർക്ക് പങ്കെടുക്കാവുന്നതാണ്. താത്പര്യമുള്ളവർ ഫൊറോന ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ 3ന് വൈകുന്നേരം 4 മണിയോടെ ചെറു പനത്തടി സെന്റ് മേരീസ് സ്കൂളിൽ എത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 300 രൂപയായിരിക്കും. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളിലും ഫൊറോന തലങ്ങളിലും പരിസ്ഥിതി അവബോധം ജനിപ്പിക്കാനുതകുന്ന ക്ലാസ്സുകളും സെമിനാറുകളും നടത്തി അനുയോജ്യമായ രീതിയിൽ ആചരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## വി. തോമസ് മൂർ ദിനാചരണവും ഷട്ടിൽ ടൂർണ്ണമെന്റും

കെസിവൈഎം സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാൽ ജൂൺ 22ന് ആഘോഷിക്കുമ്പോൾ അന്നേ ദിവസം എല്ലാ യൂണിറ്റുകളും പ്രാർത്ഥനാദിനമായി ആചരിക്കുമല്ലോ. വി. തോമസ് മൂറിന്റെ ദിനാചരണത്തോടനുബന്ധിച്ച് അതിരൂപതാതല ഷട്ടിൽ ടൂർണ്ണമെന്റ് ചെമ്പേരി

വിമൽജ്യോതി എഞ്ചിനിയറിംഗ് കോളെജിൽവച്ച് ജൂൺ 19ന് നടത്തപ്പെടുന്നു. സിംഗിൾസ്, ഡബിൾസ് ഇനങ്ങളിലായാണ് മത്സരങ്ങൾ നടത്തുന്നത്. ഒന്ന്, രണ്ട് സ്ഥാനം ലഭിക്കുന്നവർക്ക് ട്രോഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും. ഫൊറോന ഭാരവാഹികൾ തങ്ങളുടെ ഫൊറോനയിൽനിന്നും ടീമുകളെ പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ.

## യുവജനദിനം ജൂലൈ – 8

ജൂലൈ 8 ഞായർ യുവജനദിനമായി നാം ആചരിക്കുന്നു. യുവജനങ്ങളുടെ ആത്മീയ ഭൗതിയ ഉന്നമനത്തിനായി പ്രാർത്ഥിക്കാനും സഭയോടും സമൂഹത്തോടുമുള്ള അവരുടെ ഉത്തരവാദിത്വത്തെ ഓർമ്മപ്പെടുത്താനുമായി തിരുസഭാമാതാവ് നമുക്ക് പ്രത്യേകം നല്കിയിരിക്കുന്നദിനം അതിരൂപതാ യുവജനദിനം ജൂലൈ 17ന് ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്തപ്പെടുന്നു.

## ജൂലൈ മാസം അംഗത്വവും അഫിലിയേഷനും

ജൂലൈ മാസം അംഗത്വമാസമാണ്. യുവജനങ്ങൾ ഇടവകയിലെ അംഗത്വം പുതുക്കുകയും പുതിയവർ അംഗത്വം സ്വീകരിക്കുകയും ചെയ്യണം. ജോലി, പഠനം എന്നിവയ്ക്കായി മറ്റ് ഇടവകാതിർത്തിയിൽ താമസിക്കുന്നവർക്ക് സ്വന്തം ഇടവകവികാരിയുടെ രേഖാമൂലമുള്ള അനുമതിയോടുകൂടി താമസിക്കുന്ന ഇടവകയിൽ അംഗത്വം സ്വീകരിക്കുകയും പുതുക്കുകയും ചെയ്യാവുന്നതാണ്.

## സമ്പൂർണ്ണ കെസിവൈഎം

രജതജൂബിലിയോടനുബന്ധിച്ച് എല്ലാ യൂണിറ്റും ഫൊറോനകളും സമ്പൂർണ്ണ കെസിവൈഎം ആക്കാൻ എല്ലാ ഫൊറോന ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ. അംഗത്വവും രജിസ്ട്രേഷനും (നിയമാവലി പേജ് 21) കാണുക.

1. കെസിവൈഎമ്മിൽ അംഗമായി ചേർന്ന എല്ലാവരും ഐഡി കാർഡ് സ്വന്തമാക്കുന്ന യൂണിറ്റാണ് സമ്പൂർണ്ണ യൂണിറ്റായി കണക്കാക്കുക.
2. അതിരൂപതയിലേക്കുള്ള അഫിലിയേഷൻ തുക ഓരോ ഇടവകയുടെയും ഗ്രേഡ് അനുസരിച്ചായിരിക്കും.
3. കലാകായിക മത്സരത്തിന് ഐഡി കാർഡ് ഫൊറോനാതലത്തിലും അതിരൂപതാതലത്തിലും നിർബന്ധമായിരിക്കും.
4. അഫിലിയേഷൻ തുക ഓരോ വർഷവും പുതുക്കേണ്ടതാണ്. ഗ്രേഡ് നിരക്ക് എ – 1000, ബി – 800, സി – 600, ഡി – 500 ജൂലൈ 31നകം അഫിലിയേഷൻ പൂർത്തിയാക്കേണ്ടതാണ്.

## നന്ദിയുടെ ഒരു വാക്ക്

തലശ്ശേരി അതിരൂപതയുടെ കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന് ഊർജ്ജവും ആത്മിയ ഉണർവും നൽകി ഫൊറോന ഡയറക്ടേഴ്സായി സേവനമനുഷ്ഠിച്ച ഞങ്ങളുടെ പ്രിയപ്പെട്ട ജോസഫ് ചാത്തനാട്ടച്ചനും (വായാട്ടുപറമ്പ്) ആന്റണി പുന്നൂരച്ചനും (ചെമ്പന്തൊട്ടി) ജോസഫ് വയലുങ്കലച്ചനും (ആലക്കോട്) ജോസഫ് കൊളുത്താപ്പള്ളി അച്ചനും (എടൂർ) തോമസ് വാളിപ്ലാക്കലച്ചനും (മേരിഗിരി) ലൂക്കോസ് മറ്റപ്പള്ളി അച്ചനും (പൈസക്കരി) തലശ്ശേരി അതിരൂപതയുടെ പ്രത്യേക നന്ദിയും പുതിയ സ്ഥലത്ത് എല്ലാവിധഭാവുകങ്ങളും നേരുന്നു.

## ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സിനെയും തിരഞ്ഞെടുക്കുക

ഫൊറോനകളിൽനിന്നും സ്ഥലം മാറിപ്പോയ ഡയറക്ടർമാക്കും ആനിമേറ്റേഴ്സിനും പകരം പുതിയ ഡയറക്ടർമാരെയും ആനിമേറ്റേഴ്സിനെയും അടുത്ത മാസധ്യാനത്തിൽ കണ്ടെത്തി കെസിവൈഎം ഓഫീസിൽ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## വിശുദ്ധനാട് സന്ദർശനം

കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിശുദ്ധനാട് സന്ദർശനത്തിന്റെ ആദ്യയാത്ര മെയ് 6ന് പുറപ്പെട്ട് മെയ് 16ന് തിരിച്ചെത്തി. ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലിന്റെ നേതൃത്വത്തിൽ നടന്ന തീർത്ഥാടനത്തിൽ പങ്കെടുത്ത എല്ലാവർക്കും വലിയ ദൈവാനുഗ്രഹത്തിന്റെ അവസരങ്ങളായി തീർത്ഥാടനം മാറി. പോയവരുടെ അനുഭവസാക്ഷ്യംമൂലം കൂടുതൽ ആളുകൾ വിശുദ്ധ നാട് തീർത്ഥാടനത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

2016 ഒക്ടോബറിൽ അടുത്ത ബാച്ച് തീർത്ഥാടനം നടത്തുന്നതായിരിക്കും. പോകാൻ താത്പര്യമുള്ളവർ എത്രയുംവേഗം പേരുകൾ രജിസ്റ്റർ ചെയ്യുക.

ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ - 9744314371, 9446271011
കെസിവൈഎം ഓഫീസ് - 8281517660, 8547587074

## യൂറോപ്പ് തീർത്ഥാടനം : വി. മദർതെരേസയുടെ നാമകരണചടങ്ങിൽ സംബന്ധിക്കാൻ അവസരം

2016 സെപ്റ്റംബർ 4ന് റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽവച്ചു നടക്കുന്ന മദർതെരേസയുടെ നാമകരണചടങ്ങിൽ സംബന്ധിക്കാനുള്ള സുവർണ്ണാവസരം കെസിവൈഎം ഒരുക്കുന്നു. 2016 സെപ്തംബർ

1ന് ആരംഭിക്കുന്ന 16 ദിവസത്തെ യൂറോപ്യൻ തീർത്ഥാടനത്തിലേക്കുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. വത്തിക്കാൻ, ഇറ്റലി, സ്പെയിൻ, ഫ്രാൻസ്, പോർട്ടുഗൽ, ജർമ്മനി, സ്വിറ്റ്സർലന്റ് തുടങ്ങിയ രാജ്യങ്ങളിലൂടെയും പ്രധാനപ്പെട്ട വിശുദ്ധ സ്ഥലങ്ങളിലൂടെയുമുള്ള യൂറോപ്യൻ യാത്രയ്ക്ക് താല്പര്യമുള്ളവർ കെസിവൈഎം ഓഫീസിൽ സീറ്റ് ബുക്ക് ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ഫൊറോന വാർത്തകൾ

**ഗോദോസ് - 2016**

തലശ്ശേരി അതിരൂപത രജത ജൂബിലിയോടനുബന്ധിച്ച് ഇരിട്ടി സോണിൽ ജൂലിബി പ്രയാണത്തിന് തുടക്കം കുറിച്ചു. കൊളക്കാടുനിന്നും ബൈക്ക് റാലിയായി കുരിശും വഹിച്ചു കൊണ്ടുള്ള പ്രയാണത്തിന് ചെങ്ങോം യൂണിറ്റ് ഊഷ്മളമായി സ്വീകരണം നല്കി. തുടർന്ന് ഉണർവ് - 2016, യുവജനസംഗമവും സെമിനാറും നടത്തി. പേരാവൂർ ഫൊറോന ഡയറക്ടറും ഇരിട്ടി സോൺ കോ-ഓർഡിനേറ്ററുമായ ഫാ. തോമസ് മണവത്ത്, ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി, ഫാ. തോമസ് ചക്കാനിക്കുന്നേൽ, അതിരൂപതാ പ്രസിഡന്റ് ഷിജോ നിലയ്ക്കപ്പള്ളിൽ, മേഖലാ പ്രസിഡന്റ് അഖിൽ ചിരിയംകണ്ടത്തിൽ, മേഖലാകമ്മിറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നല്കി.

*"പഴയനിയമകാലത്ത് ഇടിമുഴക്കത്തിന്റെ ശക്തിയോടുകൂടി ഞാൻ പ്രവാചകരെ എന്റെ ജനത്തിന്റെ അടുക്കലേക്ക് അയച്ചു. ഇന്ന് എന്റെ കരുണയുമായി ലോകത്തിലെ എല്ലാ ജനതകളിലേയ്ക്കും ഞാൻ നിന്നെ അയയ്ക്കുന്നു". (വി. ഫൗസ്റ്റീന, ഡയറി)*

സ്നേഹപൂർവ്വം

**ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ**
യുവജന ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## 1. MGC - 2016

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| JUNE | Nil | 14 – 16 | 21 – 23 |
| JULY | 05 – 07 | Nil | 19 – 21 |
| AUGUST | 02 – 04 | Nil | 16 – 18 |
| SEPTEMBER | Nil | 05 – 07 (Mon-Wed) | 27 – 29 |
| OCTOBER | 04 – 06 | Nil | 25 – 27 |
| NOVEMBER | 01 – 03 | 08 – 10 | 22 – 24 |
| DECEMBER | 13 – 15 | 01 - 03 | 06 – 08 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** 2016 മാർച്ച് മാസം മുതൽ കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.ജി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

**2.** വിവാഹ കോഴ്സിൽ പങ്കെടുക്കുവാൻ വരുന്നവർക്ക് ഇടവകാ വികാരിയുടെ കത്ത് നിർബന്ധമാണല്ലോ. അവരുടെ ബയോഡാറ്റ അടക്കമുള്ള കാര്യങ്ങൾ സൂചിപ്പിക്കുന്ന ഒരു എം.ജി.സി രജിസ്ട്രേഷൻ ഫോറം രൂപതാ തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഏപ്രിൽ മാസത്തിലെ മാസധ്യാനത്തിൽ എല്ലാ ഇടവകകൾക്കും ലഭ്യമാകത്തക്ക രീതിയിൽ 30 ഫോറങ്ങൾ അടങ്ങുന്ന ഓരോ ബുക്ക് ഫൊറോനാ വികാരിയച്ചന്മാരുടെ കൈവശം കൊടുത്തിട്ടുണ്ട്. ഇനി മുതലുള്ള എം.ജി. സികളിൽ ഈ ഫോറം പൂരിപ്പിച്ച് അതിലാണ് വികാരിയച്ചന്മാർ ശുപാർശകത്ത് രേഖപ്പെടുത്തേണ്ടത്. കൂടുതൽ ഫോറങ്ങൾ ആവശ്യമുള്ളവർക്ക് അതിരൂപതാ ഓഫീസിൽ നിന്നും ലഭിക്കും. വില 30 രൂപ.

Account No : Director, Family Apostolate
South Indian Bank, Thalassery
A/c No : 0078053000073775
IFSC - SIBL 0000078

For details please contact : Ph: 0490 2343414, Mob: 9400206974.

### 5. വിവാഹ ഒരുക്ക സെമിനാർ

761, 762 എന്നീ എം.ജി.സി കോഴ്സുകൾ പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ദേവാലയം എന്നിവിടങ്ങളിൽവച്ച് ഏപ്രിൽ 26 മുതൽ 28 വരെയും, മെയ് 2 മുതൽ 4 വരെയും നടത്തപ്പെട്ടു. 3 ദിവസങ്ങളിലായി നടത്തപ്പെട്ട കോഴ്സിൽ 121 ആൺകുട്ടികളും 132 പെൺകുട്ടികളും ഉൾപ്പെടെ ആകെ 253 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി പ്രാർത്ഥിച്ച് ഒരുങ്ങി.

### 6. എം.ജി.സി പേരന്റ്സ് മീറ്റ്

എം.ജി.സി കോഴ്സ് കൂടിയ 761, 762 ബാച്ചിലെ യുവതീയുവാക്കളുടെ മാതാപിതാക്കളുടെ സമ്മേളനം പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ദേവാലയത്തിലും, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമത്തിലുംവച്ച് ഏപ്രിൽ 28, മെയ് 4 എന്നീ തീയതികളിൽ നടത്തപ്പെട്ടു. മക്കളുടെ ദാമ്പത്യജീവിതത്തെ ദൃഢതരമാക്കുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്കിനെക്കുറിച്ച് ഫാ.അബ്രാഹം പുതുശ്ശേരി ക്ലാസെടുത്തു.

## 2. മാതൃവേദി

### 1. വിജയഗിരി (കാപ്പിമല) ഇടവക - സമ്പൂർണ്ണ മാതൃവേദി

മെയ് 1-ാം തീയതി ഫാ. അബ്രാഹം പുതുശ്ശേരിയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ സമ്പൂർണ്ണ മാതൃവേദി ഇടവകയായി കാപ്പിമല ഇടവകയെ പ്രഖ്യാപിച്ചു. തുടർന്ന് അമ്മമാർക്കായി ദിവ്യബലിയർപ്പിക്കുകയും ക്ലാസെടുക്കുകയും ചെയ്തു. അമ്മമാരുടെ നേതൃത്വത്തിൽ ജപമാല പ്രദക്ഷിണ റാലി സംഘടിപ്പിച്ചു. എല്ലാറ്റിനും നേതൃത്വം നൽകിയ ഫാ. സ്കറിയ പൂവത്താനിക്കുന്നേലിനും സിസ്റ്റർമാർക്കും അതിരൂപതാ മാതൃവേദിയുടെ അഭിനന്ദനങ്ങൾ.

### 2. ജൂബിലി ദമ്പതീ സംഗമം - കാഞ്ഞങ്ങാട് മേഖല

2016 മെയ് 5 വ്യാഴാഴ്ച രാവിലെ 10.30 ന് തലശ്ശേരി അതിരൂപതയിൽ 2015-16 വർഷത്തിൽ വിവാഹത്തിന്റെ രജത - സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കാഞ്ഞങ്ങാട് മേഖലയിലുള്ള ദമ്പതികളുടെ സംഗമം പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പള്ളിയിൽവച്ച് നടന്നു. മോൺ. ജോർജ് എളൂക്കുന്നേൽ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ശ്രീമതി മേരി കിഴക്കേക്കര ഏവരെയും സ്വാഗതം ചെയ്തു. ഫാ. ജേക്കബ് കരോട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. മാത്യു ആലംകോട്ട്, ഫാ. ജോർജ് ആലപ്പാട്ട് എന്നിവർ ഏവർക്കും ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് ശ്രീമതി പുഷ്പ വെട്ടംതടം വാർഷിക റിപ്പോർട്ടും ശ്രീമതി ലില്ലിക്കുട്ടി നെടുംപെട്ടിൽ കണക്കും അവത

രിപ്പിച്ചു. അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ട് ദമ്പതികളെ മെമന്റോ കൊടുത്ത് ആദരിച്ചു. ചടങ്ങിൽ 19 ദമ്പതികൾ പങ്കുചേർന്നു. ഈ ചടങ്ങിൽവച്ച് മാതൃവേദിയുടെ മികച്ച യൂണിറ്റുകൾക്കുള്ള ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ എണ്ണപ്പാറ, കാഞ്ഞങ്ങാട്, പടന്നക്കാട് എന്നീ ഇടവകൾക്കുള്ള സമ്മാനങ്ങളും നൽകി. ശ്രീമതി സിസമ്മ ഫ്രാൻസിസ് ഏവർക്കും നന്ദി രേഖപ്പെടുത്തിയതോടെ ചടങ്ങിന് സമാപനമായി.

## 3. ജീവോത്സവ് – 2016

2016 മെയ് 6 വെള്ളിയാഴ്ച തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെയും മാതൃവേദിയുടെയും, പ്രോലൈഫിന്റെയും സംയുക്താഭിമുഖ്യത്തിൽ ജീവോത്സവ് 2016 തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. സമൂഹത്തിൽ ജീവന്റെ മൂല്യം കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ജീവന്റെ മൂല്യത്തെ ഉയർത്തിക്കാട്ടി 4 ഉം അതിൽ കൂടുതൽ മക്കളുമുള്ള കുടുംബങ്ങളെ ആദരിച്ചത് പുതിയ തലമുറയ്ക്ക് പ്രചോദനമായി. തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ.അബ്രാഹം പുതുശ്ശേരി ഏവരേയും സ്വാഗതം ചെയ്യുകയും, തലശ്ശേരി അതിരൂപതാ മെത്രാപോലീത്ത മാർ ജോർജ്ജ ഞറളക്കാട്ട് ജീവന്റെ മൂല്യത്തെക്കുറിച്ചും ഈ സമൂഹത്തിൽ വലിയ കുടുംബങ്ങളുടെ പ്രസക്തിയെ കുറിച്ചും അടിവരയിട്ട് സംസാരിക്കുകയും വലിയ കുടുംബങ്ങളെ അനുമോദിക്കുകയും സ്നേഹോപഹാരം നൽകി ആദരിക്കുകയും ചെയ്തു. സീറോ മലബാർ അന്തർദ്ദേശീയ വൈസ് പ്രസിഡണ്ട് ശ്രീമതി സിസിലി പുഷ്പക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജോർജ്ജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനവും, ശ്രീമതി റെജി പോത്തനാമുഴി, ശ്രീ. സെലസ്റ്റിൻ ജോൺ, ശ്രീ സണ്ണി കാര്യാടിയിൽ ബ്രദർ എയ്ഷൽ ആനക്കല്ലിൽ, ബ്രദർ സെബിൻ മറ്റപ്പള്ളിൽ, സി. ലിയ റോസ് സി. എച്ച്. എഫ് എന്നിവർ സംസാരിച്ചു.

## 4. പ്രോലൈഫ് നൈറ്റ് വിജിൽ

മഞ്ഞളാംപുറം ഇടവകാ ദേവാലയത്തിൽവച്ച് ഏപ്രിൽ 22 വെള്ളിയാഴ്ച പ്രോലൈഫ് നൈറ്റ് വിജിൽ നടന്നു. ശ്രീ സണ്ണി കാര്യാടിയിൽ ക്ലാസ് നയിച്ചു. ആരാധനയിലും പ്രാർത്ഥനയിലും ഫാ. അബ്രാഹം പുതുശ്ശേരിയും ബ്രദർ സെബിൻ മറ്റപ്പള്ളിയും സംബന്ധിച്ചു. തുടർന്ന് നടക്കാനിരിക്കുന്ന ജീവോത്സവ് എന്ന പരിപാടിയെക്കുറിച്ച് ചർച്ച ചെയ്തു.

## 5. നന്ദി

ഒരു വർഷക്കാലമായി ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ റീജന്റ് ബ്രദറായി നിസ്വാർത്ഥമായ സേവനമനുഷ്ഠിച്ച ബ്രദർ എയ്ഷൽ ആനക്കല്ലിന്

ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദയപൂർവ്വകമായ നന്ദി. തുടർപരിശീലനത്തിന് ആലുവ മംഗലപ്പുഴ സെമിനാരിയിലേക്ക് പോകുന്ന ബ്രദറിന് എല്ലാവിധ പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

## 6. സ്വാഗതം

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പുതിയ റീജന്റ് ബ്രദറായി കടന്നുവന്നിരിക്കുന്ന ബ്രദർ സെബിൻ മറ്റപ്പള്ളിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബാംഗങ്ങൾ സ്നേഹപൂർവ്വകമായ സ്വാഗതം ആശംസിക്കുന്നു.

**ഫാ. അബ്രാഹം പുതുശ്ശേരി**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്


## കെസിവൈഎം തലശ്ശേരി അതിരൂപത ഒരുക്കുന്ന യൂറോപ്യൻ തീർത്ഥാടനം - മദർ തെരേസ നാമകരണചടങ്ങ് സെപ്തംബർ 4ന് റോമിൽ



ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലിന്റെ ആത്മീയ നേതൃത്വത്തിൽ യൂറോപ്യൻ തീർത്ഥാടനം 2016 സെപ്റ്റംബർ 1ന് ആരംഭിക്കുന്നു.

2016 സെപ്തംബർ 4ന് നടത്തപ്പെടുന്ന മദർ തെരേസയുടെ നാമകരണചടങ്ങിൽ പങ്കെടുക്കാൻ സുവർണ്ണാവസരം - 16 ദിവസം നീണ്ടു നിൽക്കുന്ന യൂറോപ്യൻ രാജ്യങ്ങളിലൂടെയുള്ള തീർത്ഥാടനം.

**താല്പര്യമുള്ളവർ എത്രയും വേഗം സീറ്റ് ബുക്ക് ചെയ്യുക**
ഫാ. ബിജു കരിങ്ങാലിക്കാട്ടിൽ : 9744314371, 9446271011
കെസിവൈഎം ഓഫീസ് : 8281517660, 8547587078

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## പ്രവേശനോത്സവം

പുതിയ അധ്യയനവർഷം ജൂൺ 1-ാം തീയതി ആരംഭിക്കുകയാണ്. നമ്മുട വിദ്യാലയങ്ങളെ കൂടുതൽ മികവോടെ മുന്നോട്ട് കൊണ്ടുപോകാൻ സംഘാതമായി പരിശ്രമിക്കാം. വിദ്യാർത്ഥികളെ നമ്മുടെ സ്കൂളുകളിലേക്ക് ആകർഷിക്കാനുള്ള പരിശീലനപരിപാടികൾ ആരംഭിക്കണം. പ്രവേശനോത്സവം നവാഗതർക്ക് ഹൃദ്യമായ അനുഭവമാക്കാൻ പ്രോഗ്രാമുകൾ എല്ലാ സ്കൂളുകളിലും ക്രമീകരിക്കണം. മാനേജരച്ചന്മാരെ മുൻകൂട്ടി അറിയിച്ച് പ്രാർത്ഥനയോടെ ആരംഭിക്കണം.

## പരിസ്ഥിതിദിനം

ജൂൺ 5-ാം തീയതി ലോക പരിസ്ഥിതിദിനമാണ്. അന്ന് ഞായറാഴ്ച ആയതുകൊണ്ട് ആറാം തീയതി തിങ്കളാഴ്ച പരിസ്ഥിതി ദിനമായി എല്ലാ സ്കൂളുകളിലും ആചരിക്കണം. "വൃക്ഷതൈകൾ നട്ടും ചെടികൾ നട്ടു പിടിപ്പിച്ചും നമ്മുടെ സ്കൂൾ ക്യാമ്പസുകൾ ഗ്രീൻ ക്യാമ്പസാക്കണം", എന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെ നിർദ്ദേശം നമ്മുടെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കണം. എല്ലാ സ്കൂളുകളിലും വൃക്ഷതൈകൾ നട്ട് പരിസ്ഥിതി ദിനം ആചരിക്കണം. ഗ്രീൻ ക്ലീൻ ക്യാമ്പസ് അവാർഡ് കഴിഞ്ഞ വർഷത്തേതു പോലെ ഈ അധ്യയന വർഷാവസാനവും നൽകുന്നതാണ്.

## ശുചിത്വദിനം

നമ്മുടെ സ്കൂളുകൾ വൃത്തിയായി സംരക്ഷിക്കണം. വിദ്യാർത്ഥികൾക്കുള്ള പരിശീലനത്തിന്റെ ഭാഗം കൂടിയാണ് പരിസരശുചീകരണം. രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ശുചിത്വ ദിനം ഇടയ്ക്കിടയ്ക്ക് ആചരിക്കണം.

## സുവർണ്ണ ജൂബിലി ഉദ്ഘാടനം

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ സുവർണ്ണജൂബിലി ഉദ്ഘാടനവും എസ്.എസ്.എൽ.സി. പരീക്ഷയിൽ മികച്ച വിജയം നേടിയ ചെമ്പേരി മേഖലയിലെ വിദ്യാർത്ഥികൾക്കുള്ള അനുമോദനവും 09-05-2016 തിങ്കളാഴ്ച രാവിലെ 9 മണിക്ക് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽവെച്ച് നടന്നു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ, അതിരൂപത വികാരി ജനറാൾ മോൺ. അബ്രാഹം പോണാട്ട് അധ്യക്ഷത വഹിച്ചു. മോൺ. മാത്യു എം. ചാലിൽ മുഖ്യാതിഥിയായിരുന്നു. മുൻകോർപ്പറേറ്റ് മാനേ

ജർമാരായ ഫാ. ജോസഫ് വലിയകണ്ടം, ഫാ. ജോൺ വടക്കുംമൂലയിൽ എന്നിവർ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. സുവർണ്ണ ജൂബിലി വർഷത്തിലെ പ്രവർത്തനങ്ങളുടെ പ്രഖ്യാപനവും നടത്തപ്പെട്ടു.

## കുന്നോത്ത് ഹയർസെക്കന്ററി സ്കൂൾ

കുന്നോത്ത് അനുവദിച്ച ഹയർസെക്കന്ററി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ആശീർവ്വാദകർമ്മം 02-05-2016ന് മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. ഫാ. ജയിംസ് ചെല്ലങ്കോട്ട് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മുഖ്യാതിഥികളായി ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ എം. പി., അഡ്വ. സണ്ണി ജോസഫ് എം.എൽ.എ. എന്നിവർ പങ്കെടുത്തു. വളരെ മനോഹരമായ പുതിയ സ്കൂൾ കെട്ടിടനിർമ്മാണത്തിന് നേതൃത്വം നൽകിയ ബഹു. മാത്യു പൊട്ടംപ്ലാക്കലച്ചന് പ്രത്യേകം നന്ദി.

പുതിയ സ്കൂൾ കെട്ടിടനിർമ്മാണത്തിന് ആത്മാർത്ഥമായി സഹകരിച്ച കൈക്കാരന്മാർ, കമ്മിറ്റിക്കാർ, ഇടവകാസമൂഹം, അധ്യാപകർ തുടങ്ങിയ എല്ലാവരെയും കൃതജ്ഞതയോടെ ഓർക്കുന്നു.

## മാർ ജോർജ് വലിയമറ്റം വിദ്യാഭ്യാസ സ്കോളർഷിപ്പ്

അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ പൗരോഹിത്യ ജൂബിലിയോടനുബന്ധിച്ച് ആരംഭിച്ച വിദ്യാഭ്യാസ സ്കോളർഷിപ്പിലൂടെ പാവപ്പെട്ട കുട്ടികളെ തുടർപഠനത്തിനു സഹായിക്കുന്നു. ഹയർസെക്കന്ററി പഠനത്തിനു ശേഷമുള്ള കോഴ്സുകൾക്കാണ് സഹായം നൽകുന്നത്. 2015-2016 അധ്യയന വർഷം 70 വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പ് പദ്ധതിയിലൂടെ പഠനസഹായം നൽകി. ഏഴു ലക്ഷത്തി ആറായിരം രൂപയാണ് കഴിഞ്ഞ അധ്യയനവർഷം സ്കോളർഷിപ്പായി നൽകിയത്.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് 50 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകണമെന്ന് തീരുമാനിച്ചിരിക്കുന്നു. പഠനമികവും സാമ്പത്തിക പിന്നോക്കാവസ്ഥയും മാനദണ്ഡമാക്കിയായിരിക്കും ജൂബിലി സ്കോളർഷിപ്പ് നൽകുക. താൽപര്യമുള്ള വിദ്യാർത്ഥികൾ പഠിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സ് ഏതെന്നു സൂചിപ്പിച്ച് കോർപ്പറേറ്റ് ഓഫീസിലേക്ക് Corporate Manager, Corporate Educational Agency, Archdiocese of Thalassery, sandesabhavan, Kannur dt, 670101 എന്ന അഡ്രസിൽ കത്തെഴുതിയാൽ അപേക്ഷാഫോം അയച്ചു തരുന്നതാണ്. പഠിക്കേണ്ട സ്ഥാപനം തീരുമാനിക്കുന്നതിനു മുൻപ് തന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## *ജൂബിലി - കരിയർ ഡസ്ക്*

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സുവർണ്ണജൂബിലി വർഷത്തിൽ

വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ കരിയർ ഡസ്ക് ആരംഭിക്കുന്നു. തികച്ചും സൗജന്യമായാണ് കരിയർ മാർഗ്ഗനിർദ്ദേശം നൽകുന്നത്. വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായി കോളേജുകളും കോഴ്സുകളും തിരഞ്ഞെടുക്കാൻ സഹായിക്കുന്ന കരിയർ ഡസ്കിലേക്ക് 7025491749, 9446511672 എന്നീ നമ്പറുകളിൽ വിളിച്ച് പേരും നമ്പറുകളും നൽകിയാൽ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്. കൂടാതെ careerhelpdesktly@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്കും അഡ്രസും ഫോൺ നമ്പറും ഇ-മെയിൽ ചെയ്താൽ കരിയർ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കും. ഈ അസുലഭാവസരം പൂർണ്ണമായും ഉപയോഗിക്കണമെന്ന് വിദ്യാർത്ഥികളെ ഓർമ്മിപ്പിക്കുന്നു. അധ്യാപകർ കരിയർ ഡസ്കിന്റെ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ അറിയിക്കേണ്ടതാണ്.

## സ്കൂൾ മാനേജർമാരുടെ സമ്മേളനം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലുള്ള എല്ലാ സ്കൂളുകളുടെയും മാനേജർമാരുടെ സമ്മേളനം രണ്ട് റീജനുകളിലായി കുന്നോത്ത് സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂളിലും കരുവഞ്ചാൽ പാരീഷ് ഹാളിലും സംഘടിപ്പിച്ചു. വിദ്യാലയ പ്രവർത്തനങ്ങൾക്ക് നേതൃത്വവും പ്രോത്സാഹനവും കൊടുക്കുന്ന അച്ചന്മാരെ നന്ദിയോടെ ഓർക്കുന്നു. അഭിവന്ദ്യ പിതാവ് രണ്ട് സമ്മേളനങ്ങളിലും പങ്കെടുത്ത് സന്ദേശം നൽകി. ദീർഘവീക്ഷണത്തോടെ നമ്മുടെ ഇടവകകളിൽ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് നേതൃത്വം കൊടുത്ത അച്ചന്മാരെയും കാലാകാലങ്ങളിൽ ഈ വിദ്യാലയങ്ങളെ സംരക്ഷിച്ച്, നവീകരിച്ച്, പ്രോത്സാഹിപ്പിച്ച്, നേതൃത്വം കൊടുക്കുന്ന എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരെയും നന്ദിയോടെയും സ്നേഹത്തോടെയും സ്മരിക്കുന്നു. വിദ്യാഭ്യാസ പ്രേഷിത ശുശ്രൂഷയിൽ ഈ കാലഘട്ടത്തിൽ ശ്രദ്ധിക്കേണ്ട ചിലകാര്യങ്ങൾ ബഹുമാനപ്പെട്ട അച്ചന്മാരുടെ സമ്മേളനത്തിൽ ചർച്ച ചെയ്തു.

1) സ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നില്ലെങ്കിൽ യഥാസമയം പ്രധാനാധ്യാപകർക്കും അധ്യാപകർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുള്ള ഉത്തരവാദിത്വം മാനേജർക്കുണ്ട്.

2) ഓരോ ടേമിലും വിദ്യാലയത്തിലെ സാമ്പത്തിക ഇടപാടുകൾ വെരിഫൈ ചെയ്യണം. ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ആവശ്യപ്പെടണം. ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ അധ്യാപകരുടെ ശമ്പളമൊഴികെ സ്കൂളിലെ എല്ലാ സാമ്പത്തിക ഇടപാടുകളും ഉണ്ടെന്ന് ഉറപ്പുവരുത്തണം.

3) വർഷത്തിലൊരിക്കലെങ്കിലും ഓരോ അധ്യാപകരുമായി കോൺഫറൻസ് നടത്തി അധ്യാപകരുടെ ക്ലാസ്സുകളെക്കുറിച്ചും സ്കൂളിലെ പ്രവർത്തനങ്ങളെക്കുറിച്ചും ഉള്ള അഭിപ്രായം ഓരോരുത്തരെയും വ്യക്തിപരമായി അറിയിക്കുന്നത് നല്ലതാണ്.

4) നമ്മുടെ വിദ്യാലയങ്ങളിൽ സന്മാർഗ്ഗ മതബോധന ക്ലാസ്സുകളും പരീക്ഷകളും കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ചില വിദ്യാലയങ്ങളിൽ ഈ കാര്യങ്ങൾ അവഗണിക്കുന്നുവെന്നത് ഖേദകരമാണ്. വീഴ്ച വരുത്തുന്നവരുടെ കാര്യം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

5) എയ്ഡഡ് വിദ്യാലയങ്ങളിൽ പി.ടി.എ. സ്കൂൾ മാനേജ്മെന്റ് സമിതികളില്ല. പി.ടി.എ. നിർവ്വഹിക്കേണ്ട ഉത്തരവാദിത്വങ്ങൾ മാത്രമേ പി.ടി.എ. അജണ്ടയിൽ ഉൾപ്പെടുത്താവൂ. പി.ടി.എ. സാമ്പത്തികമായി സഹായിക്കുന്നുവെന്നതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വവും തീരുമാനങ്ങളും പി.ടി.എ. ഭാരവാഹികളെ ഏൽപ്പിക്കരുത്. അതേ സമയം പി.ടി.എ. സമിതിയെ അവഗണിക്കാതിരിക്കുകയും വേണം. പൊതുവിദ്യാലയങ്ങൾ എല്ലാവരുടെയും സഹകരണത്തോടെയാണല്ലോ മുന്നോട്ടു കൊണ്ടുപോകേണ്ടത്. അർഹമായ അംഗീകാരം പി.ടി.എ. ഭാരവാഹികൾക്ക് നൽകണം. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകണം. പി.ടി.എ. മിനിറ്റ്സ് ബുക്കിൽ ഈ കാര്യങ്ങൾ രേഖപ്പെടുത്തണം.

6) പി.ടി.എ. ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് വരുമ്പോൾ നിയമാനുസൃതം തന്നെ നടത്തണം. സഭാവിരുദ്ധരും എയ്ഡഡ് വിദ്യാലങ്ങൾക്ക് എതിരെ പ്രവർത്തിക്കുന്നവരുമായ വ്യക്തികൾ പി.ടി.എ. നേതൃത്വത്തിൽ വരാതിരിക്കാൻ ശ്രദ്ധിക്കണം.

7) നിയമപ്രകാരമുള്ള തുക മാത്രമേ പി.ടി.എ. ഫണ്ട് എന്ന പേരിൽ സമാഹരിക്കാവൂ. സ്കൂളിന്റെ വികസനപ്രവർത്തനങ്ങൾക്കുള്ള മറ്റ് സംഭാവനകൾ സ്കൂൾ വികസന ഫണ്ട് എന്ന പേരിൽ പ്രത്യേക രസീതോടെ പൊതുസമൂഹത്തിൽ നിന്ന് സമാഹരിക്കാം. എന്നാൽ വിദ്യാർത്ഥികളുടെ അഡ്മിഷനോടുനബന്ധിച്ച് കുട്ടികളുടെ പേരിൽ പണം സമാഹരിക്കുന്നത് നിയമവിരുദ്ധമാണ്. സംസ്ഥാന ബാലാവകാശ കമ്മീഷൻ വിദ്യാർത്ഥികളിൽ നിന്ന് സാമ്പത്തിക സമാഹരണം നടത്തുന്നതിനെതിരെ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ സ്റ്റാമ്പ് വിൽപനപോലും നിരോധിച്ചിട്ടുണ്ട്.

8) യു.പി., ഹൈസ്കൂൾ അധ്യാപകരുടെ സ്ഥിര നിയമനത്തിന്റെ ആദ്യ ഒരു വർഷം പ്രൊബേഷൻ പീരിഡാണ്. ഹയർസെക്കന്ററി അധ്യാപകരുടെ ആദ്യ 2 വർഷവും. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ബഹുമാനപ്പെട്ട അച്ചന്മാർ കോർപ്പറേറ്റ് ഓഫീസിലേക്ക് അധ്യാപകരുടെ പ്രവർത്തനങ്ങളെ വിലയിരുത്തി കത്ത് തരുന്നത് തുടരണമെന്ന് അഭ്യർത്ഥിക്കുന്നു.

9) കോർപ്പറേറ്റിൽ രജിസ്റ്റർ ചെയ്യുന്നതിന് സൺഡേ സ്കൂൾ ഡിപ്ലോമയും വികാരിയച്ചന്റെ കത്തും നിർബന്ധമാണ്. കണ്ണൂർ, കാസർഗോഡ് ജില്ല

കളിലായി തലശ്ശേരി രൂപതയുടെ അതിർത്തിക്കുള്ളിൽ ഉള്ളവരെ മാത്രമേ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നുള്ളൂ.

10) നോൺടീച്ചിംഗ് തസ്തികയിലേക്ക് അതത് ഇടവകയിലെ സ്കൂളുകളിൽ എത്ര തസ്തികയുണ്ടോ അത്രയും വ്യക്തികളെയാണ് തിരഞ്ഞെടുക്കാവുന്നത്. തിരഞ്ഞെടുപ്പിന്റെ മാനദണ്ഡം കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി പുറപ്പെടുവിച്ചിരിക്കുന്ന ഹാൻഡ് ബുക്കിലെ നിർദ്ദേശങ്ങൾ പ്രകാരമായിരിക്കണം.

11) പ്രധാനാധ്യാപകരും അധ്യാപകരും സ്കൂളിൽ നിന്ന് സ്കൂൾ ആവശ്യത്തിനായി പുറത്തുപോകുമ്പോൾ മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടേ പോകാവൂ എന്ന സർക്കാർ നിർദ്ദേശം ചില സ്കൂളിൽ പാലിക്കപ്പെടുന്നില്ല. ഒരു അധ്യയനവർഷം 20 ഡ്യൂട്ടി ലീവ് മാത്രമാണ് അധ്യാപക അനധ്യാപക ജീവനക്കാരന് ലഭിക്കാവുന്നത്.

    സ്കൂളിൽ നിന്ന് നിയമപ്രകാരമല്ലാതെ ആബ്സെന്റാകുന്ന അധ്യാപകരെ കുറിച്ച് നിയമനടപടികൾക്കുവേണ്ടി രേഖാമൂലം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിദ്യാഭ്യാസ ഓഫീസർമാർ സമ്മേളനങ്ങൾ വിളിക്കുന്നുണ്ടെങ്കിൽ അത് ശനിയാഴ്ച ദിവസം മാത്രമായിരിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

12) വിദ്യാലയ നിർമ്മാണത്തിനും വലിയ നവീകരണ പ്രവർത്തനങ്ങൾക്കും തലശ്ശേരി അതിരൂപത കോർപ്പറേറ്റ് ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്ന് പണം ലഭിക്കുമ്പോൾ പള്ളി കണക്കിൽ വരവുവച്ച് രസീത് അയച്ചുതരണം. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തായാകുമ്പോൾ ഓഡിറ്റ് ചെയ്ത് ഒരു കോപ്പി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം. നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള പൊതുയോഗ തീരുമാനത്തിന് രൂപതയിൽ നിന്ന് അനുവാദം വാങ്ങിക്കണം. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് തന്നെ പ്ലാനും എസ്റ്റിമേറ്റും അതിരൂപതാ വിദ്യാഭ്യാസ ബോർഡിന്റെ അംഗീകാരത്തിനായി അയയ്ക്കണം.

13) നമ്മുടെ സ്കൂളുകളിലെ ചില അധ്യാപകർ അവരുടെ മക്കളെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് അയയ്ക്കുന്നത് പൊതുസമൂഹത്തിന് നമ്മുടെ വിദ്യാലയങ്ങളെക്കുറിച്ച് തെറ്റായ സന്ദേശം നൽകുന്നുണ്ട്. പൊതുവായ നിർദ്ദേശം ഈ കാര്യത്തിൽ നൽകിയിട്ടുണ്ടെങ്കിലും ചില അധ്യാപകർ അത് നടപ്പിലാക്കിയിട്ടില്ല, നിയമപരമായ നടപടി എടുക്കുക എളുപ്പമല്ല. അവരെ കാര്യങ്ങൾ ഓർമ്മപ്പെടുത്തി മക്കളെ നമ്മുടെ സ്കൂളിൽ തന്നെ ചേർക്കാൻ പ്രേരിപ്പിക്കുമല്ലോ. പി.ടി.എ. സമിതികളിൽ ഈ കാര്യം ചർച്ചാവിഷയമാകണം.

14) എല്ലാ വർഷവും അധ്യാപകരുടെ സർവ്വീസ് ബുക്ക് മാർച്ച് മാസത്തിനു ശേഷം വെരിഫൈ ചെയ്ത് മാനേജർ ഒപ്പിടണം.

15) അധ്യാപകരായും അനധ്യാപകരായും ജോലി ലഭിക്കുന്നവരിൽ പലരും സഭയോടും സമൂഹത്തോടും ഉള്ള സേവനവും പ്രതിബദ്ധതയും പുലർത്തുന്നില്ല. അതിനാൽ അധ്യാപകർക്കും അനധ്യാപകർക്കും ഓറിയന്റേഷൻ പ്രോഗ്രാമുകൾ കോർപ്പറേറ്റ് തലത്തിൽ ക്രമീകരിക്കണം.

16) സ്കൂൾ നിർമ്മാണത്തിനും നവീകരണത്തിനും വലിയ തുക ചെലവാകുന്നതു കൊണ്ട് കോർപ്പറേറ്റ് എജ്യുക്കേഷണൽ ആന്റ് ചാരിറ്റിബിൾ ട്രസ്റ്റിലേക്ക് ഉള്ള സാമ്പത്തികം വർദ്ധിപ്പിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്കൂളുകൾക്ക് കൂടുതലായി അനുവദിക്കുകയും വേണം.

17) അധ്യാപകർക്കും അനധ്യാപകർക്കും ഒരു നിശ്ചിത കാലത്തിനു ശേഷം തൊട്ടടുത്തുള്ള സ്കൂളുകളിലേക്ക് ട്രാൻസ്ഫർ നൽകുന്നത് സ്കൂളുകളുടെ പ്രവർത്തനത്തെ മെച്ചപ്പെടുത്തും.

മാനേജർമാരുടെ സമ്മേളനത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമ്മേളനത്തിൽ പങ്കെടുത്തവരെ ഓർമ്മിപ്പിച്ച കാര്യങ്ങളുമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. നമ്മുടെ വിദ്യാലയങ്ങളെ കാലാനുസൃതമായി നവീകരിച്ചും പുനർനിർമ്മിച്ചും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും മുന്നോട്ട് കൊണ്ടുപോകാൻ അച്ചന്മാരുടെ സഹകരണം തുടർന്നും ഉണ്ടാകുമല്ലോ. ഒരിക്കൽക്കൂടി ബഹു. അച്ചന്മാരുടെ കഠിനാദ്ധ്വാനത്തിനും സഹകരണത്തിനും നന്ദി പറയുന്നു.

## എസ്.എസ്.എൽ.സി. റിസൽട്ട്

**നൂറുശതമാനം വിജയം നേടിയ സ്കൂളുകൾ**

(1) അങ്ങാടിക്കടവ് എച്ച്.എസ്. (2) എടൂർ എച്ച്.എസ്.
(3) പൈസക്കരി എച്ച്.എസ്. (4) കരിക്കോട്ടക്കരി എച്ച്.എസ്.

എല്ലാ വിഷയങ്ങൾക്കും ഏറ്റവും കൂടുതൽ A+ ഗ്രേഡ് നേടിയ സ്കൂൾ - ചെറുപുഴ എച്ച്.എസ്. (28 A+).

## പ്ലസ് ടു റിസൽട്ട്

എല്ലാ ബ്രാഞ്ചുകളിലും നൂറു ശതമാനം നേടിയ വിദ്യാലയം
- അങ്ങാടിക്കടവ് എച്ച്.എസ്.എസ്

ഹയർസെക്കന്ററി സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും ഏറ്റവും കൂടുതൽ A+ ഗ്രേഡ് നേടിയ വിദ്യാർത്ഥികളുള്ള വിദ്യാലയം – തോമാപുരം എച്ച്.എസ്.എസ്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# കരിസ്മാറ്റിക് നവീകരണരംഗം

## പന്തക്കുസ്താദിനാഘോഷം - നൈറ്റ് വിജിൽ

കണ്ണൂർ സോണിന്റെ നേതൃത്വത്തിൽ മെയ് 11ന് ദർശന ധ്യാനമന്ദിരത്തിൽവച്ച് പന്തക്കുസ്താദിന-നൈറ്റ് വിജിൽ വൈകിട്ട് 7 മണി മുതൽ രാവിലെ 5 മണിവരെ നടത്തി. ജപമാല, സ്തുതി, ആരാധന, വചനപ്രഘോഷണം, കരുണയുടെ പ്രാർത്ഥന, വി. ബലി എന്നിവയും നടത്തപ്പെട്ടു.

കണ്ണൂർ സോൺ ആനിമേറ്റർ ഫാ. തോമസ് കൂട്ടിയാനി പരിശുദ്ധാത്മാവിനെകുറിച്ച് ക്ലാസ്സെടുത്തു. ബ്ര. ജോബ് പുലുങ്കാവ്, ബ്ര. തോമസ് കൊടിപ്പാറ, ബ്ര. ജോർജ് കറിക്കാറയിൽ എന്നിവർ പരിശുദ്ധാത്മാ-വരദാന ഫലങ്ങളെക്കുറിച്ച് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പ്രഭാതത്തിൽ വി. ബലിയോടെ പന്തക്കുസ്തദിനാഘോഷ പരിപാടികൾ സമാപിച്ചു.

## നന്ദിയോടെ പ്രാർത്ഥനാ മംഗളങ്ങൾ

കണ്ണൂർ സോണിന്റെ പൈസക്കരി സബ്-സോൺ ആനിമേറ്റർ ഫാ. തോമസ് മേൽവെട്ടം, ആലക്കോട് സബ്-സോൺ ആനിമേറ്റർ ഫാ. മാത്യു പരവരാകത്ത്, ചെമ്പന്തൊട്ടി സബ്-സോൺ ആനിമേറ്റർ ഫാ. ചാക്കോ കുടിപ്പറമ്പിൽ എന്നിവർ കരിസ്മാറ്റിക് ആനിമേറ്റർ സ്ഥാനത്ത്നിന്നും മറ്റു ഇടവകകളിലേയ്ക്ക് സ്ഥലം മാറിപോകുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കണ്ണൂർ സോണിൽ ചെയ്ത എല്ലാ സേവനങ്ങളെയും നന്ദിയോടെ സ്മരിക്കുകയും നന്ദി അറിയിക്കുകയും തങ്ങളുടെ പ്രവർത്തനമേഖലയിൽ എല്ലാവിധ വിജയങ്ങളും ദൈവാനുഗ്രഹവും പ്രാർത്ഥനയും ആശംസിക്കുകയും ചെയ്യുന്നു.

## മതാധ്യാപക കരിസ്മാറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

കണ്ണൂർ സോണിന്റെ നേതൃത്വത്തിൽ മതാധ്യാപകർക്കുവേണ്ടിയുള്ള കരിസ്മാറ്റിക് ട്രെയിനിംഗ് പ്രോഗ്രാം മെയ് 13,14 തീയതികളിൽ ദർശന ധ്യാനമന്ദിരത്തിൽവച്ച് നടത്തപ്പെട്ടു. വിവിധ സബ്-സോണുകളിൽനിന്ന് 100-ഓളം അധ്യാപകർ പങ്കെടുത്തു.

കുട്ടികളുടെ ഇടയിൽ തീക്ഷ്ണതയോടെ വിശ്വാസജീവിത മാതൃക പകർന്ന് കൊടുക്കാൻ സ്വയം വിശുദ്ധീകരണത്തിലൂടെ ദൈവത്തിന്റെ കരുണയും സ്നേഹവും തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യാൻ ഈ പ്രോഗോം സാധ്യമാക്കിയെന്ന് അധ്യാപകർ വിലയിരുത്തി.

കെ.സി.സി.ആർ.എസ്.റ്റി. വൈസ് ചെയർമാൻ ഷാജി വൈക്കത്ത്പറമ്പിൽ, സെക്രട്ടറി സെബാസ്റ്റ്യൻ താന്നിക്കൽ, ഫാ. മാത്യു കിഴക്കേൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

തലശ്ശേരി അതിരൂപത കരിസ്മാറ്റിക് പ്രസ്ഥാനം ഡയറക്ടർ ഫാ. ജോസഫ് മഞ്ചപ്പിള്ളി ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് കൂട്ടിയാനി അനുഗ്രഹപ്രഭാഷണം നൽകി.

കണ്ണൂർ സോൺ സർവ്വീസ് ടീം അംഗങ്ങളായ ഷാജുമോൻ കാക്കനാട്ട്, കെ.ടി. ജോൺ കാഞ്ഞിരക്കാട്ടുതൊട്ടി, സി. ലിസ എൻഎസ്- വെണ്ണക്കല്ല്, ആനിച്ചൻ കുളങ്ങരമുറി, ജോർജ് അന്ത്യാംകുളം, സോൺ കോ-ഓർഡിനേറ്റർ സണ്ണി കാക്കനാട്ട് എന്നിവർ മതാധ്യാപക ട്രെയിനിംഗ് പ്രോഗ്രാമിന് നേതൃത്വം നൽകി.

മതാധ്യാപകരെ ട്രെയിനിംഗ് പ്രോഗ്രാമിന് പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാ മതാധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## ക്രിസ്റ്റീൻ ലീഡേഴ്സ് ട്രെയിനിംഗ് - ജൂൺ 10, 11, 12ന് ദർശന ധ്യാനമന്ദിരം - തളിപ്പറമ്പ്

മലബാർ സബ്-റീജനിൽപ്പെട്ട കണ്ണൂർ, തലശ്ശേരി, കാസർഗോഡ് എന്നീ സോണുകളുടെ നേതൃത്വത്തിൽ ക്രിസ്റ്റീൻ കുട്ടികളുടെ വിശ്വാസജീവിത പരിശീലനത്തിന് നേതൃത്വം നൽകുന്നതിന് പ്രാപ്തരാകാൻ ക്രിസ്റ്റീൻ ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ജൂൺ 10,11,12 തീയതികളിൽ ദർശന ധ്യാനമന്ദിരത്തിൽവച്ച് കേരളത്തിലെ പ്രശസ്തരായ ക്രസ്റ്റീൻ പരിശീലകൻ ബ്ര. ബോണി പെല്ലാനം എറണാകുളം നയിക്കുന്നു.

കുഞ്ഞുമക്കളുടെ ജീവിത പ്രതിസന്ധിയിൽ വിശ്വാസത്തിലും ദൈവികസ്നേഹത്തിലും കരുണയിലും ചേർന്ന് നിറുത്താൻ ജീവിതവിശുദ്ധി പ്രാപിക്കാൻ നമുക്കൊരുമിക്കാം. അതിനായി വിവിധ സോണുകളുടെ ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തുന്ന ഈ പരിശീലനത്തിൽ പ്രത്യേകിച്ച് സിസ്റ്റേഴ്സിനും അല്മായർക്കും മതാധ്യാപകർക്കും പങ്കെടുക്കാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പേർ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി ബന്ധപ്പെടുക: **9905790348**

## വളർച്ച ധ്യാനം - ബ്രദർ തോമസ് പോൾ - എറണാകുളം (ജൂൺ 27, മുതൽ 1 വരെ ദർശന ധ്യാനകേന്ദ്രം തളിപ്പറമ്പ്)

കണ്ണൂർ സോണിന്റെ നേതൃത്വത്തിൽ പ്രാർത്ഥനഗ്രൂപ്പുകാരുടെ ശക്തീകരണത്തിനും വിവിധ മിനിസ്ട്രികളുടെ സർവ്വീസ് സമിതി അംഗങ്ങളുടെയും വളർച്ചയും വിശുദ്ധീകരണവും ലക്ഷ്യംവച്ചുകൊണ്ട് നടത്തപ്പെടുന്ന ധ്യാനം. ഇന്ത്യയിലും വിദേശത്തും വചനപ്രഘോഷണരംഗത്ത് സഭയോടൊത്ത് പ്രവർത്തിക്കുന്ന പ്രശസ്തനായ ധ്യാനഗുരു ബ്രദർ തോമസ് പോൾ, എറണാകുളം നയിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

**സജി കാക്കനാട്ട്**
കോ-ഓർഡിനേറ്റർ, കണ്ണൂർ
**9447641618**

**ഫാ. തോമസ് കൂട്ടിയാനി**
ആനിമേറ്റർ, കണ്ണൂർസോൺ

# വിമൽജ്യോതി വാർത്തകൾ

ചെമ്പേരി വിമൽ ജ്യോതിയിൽനിന്നും സ്നേഹാശംസകൾ...

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിന്റെയും വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റേയും ചെയർമാനായി വെരി. റവ. ഫാ. ഡോ. തോമസ് മേൽവെട്ടം ചാർജ്ജെടുത്തു. പുതിയ ചെയർമാനച്ചനും ഹോസ്റ്റൽ വാർഡനായി ചാർജെടുത്ത ഫാ. സ്ക്കറിയാ വടശ്ശേരിക്കും, ഫാ. സെബാസ്റ്റ്യൻ വെമ്മേനിക്കട്ടയിലിനും വിമൽജ്യോതി കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം. കഴിഞ്ഞ മൂന്നു വർഷക്കാലം വിമൽ ജ്യോതിയുടെ ചെയർമാനായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച വെരി. റവ ഫാ. ജോർജ് പുളിക്കലിനും ഹോസ്റ്റൽ വാർഡനായി സേവനമനുഷ്ഠിച്ച റവ ഫാ. വറുഗീസ് കുന്നത്തിനും റവ ഫാ. ജോസഫ് കുഴിയാനിമറ്റത്തിനും വിമൽജ്യോതി കുടുംബത്തിന്റെ സ്നേഹാദരങ്ങൾ.

## 2016ലെ ബി.ടെക്, എം.ടെക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 2016–17 വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. മാനേജ്മെന്റിൽ www.vjec.ac.in എന്ന വെബ്സൈറ്റുവഴി ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിൽ ലഭ്യമായ കമ്മ്യൂണിറ്റി ക്വാട്ട ഫോമിൽ വികാരിയച്ചന്റെ ശുപാർശ, കത്തോലിക്കാ അപേക്ഷകർ നിർബന്ധമായും നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക. എതാനും NRI സീറ്റുകൾ ലഭ്യമാണ്. കോളേജ് മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെടുക.

| B. Tech Courses | Seats |
|---|---|
| Civil Engineering (CE) | - 120 |
| Applied Electronics and Instrumentation Engineering (AEI) | - 60 |
| Computer Science and Engineering (CSE) | - 60 |
| Electrical and Electronics Engineering (EEE) | - 60 |
| Electronics and Communication Engineering (ECE) | - 120 |
| Mechanical Engineering (ME) | - 120 |

## സ്കോളർഷിപ്പുകൾ

2016ലെ ബി.ടെക് അഡ്മിഷനോടനുബന്ധിച്ച് വിവിധ സ്കോളർഷിപ്പുകൾ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.vjec.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## എം.ടെക് അഡ്മിഷൻ

താഴെ പറയുന്ന എം.ടെക് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ബി. ടെക്കിന് 60% മാർക്കാണ് മിനിമം യോഗ്യത. GATE റാങ്ക് ഉള്ളവർക്ക് AICTE സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. ഓൺലൈൻ അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും www.vjec.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

| **M.Tech Courses** | **Seats** |
|---|---|
| Computer Science and Engineering | - 24 |
| Thermal Engineering (Mechanical) | - 24 |
| Control & Instrumentation (AEI) | - 24 |
| Communication Engg. & Signal Processing (ECE) | - 24 |
| Power Electronics (EEE) | - 24 |
| Structural Engg. & Construction Management (CE) | - 24 |

## എം.ബി.എ.

അഡ്മിഷൻ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0460 2213900, 9400512240. Dual specialisation in : **Marketing, Finance & HRM (60 Seats)**

## ദേശീയ സെമിനാർ

സിവിൽ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ 9.5.2016ന് ഏകദിനസെമിനാർ നടത്തി. സിവിൽ എൻജിനീയറിംഗ് മേഖലകളിലെ നൂതന പ്രവണതകളെ ആസ്പദമാക്കി നടത്തിയ സെമിനാറിൽ വിവിധ കോളേജുകളിൽനിന്നുള്ള ബി.ടെക്, എം.ടെക് വിദ്യാർത്ഥികളും റിസേർച്ച് സ്കോളേഴ്സും പങ്കെടുത്തു. കണ്ണൂർ ഗവ. എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. എം. സത്യകുമാർ, ചെന്നൈ സെൻട്രൽ ലെതർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സീനിയർ സയന്റിസ്റ്റ് ഡോ. പി. ഷൺമുഖം, വിമൽ ജ്യോതി കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ്, ഡോ. നിധീഷ്, സിവിൽ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മേധാവി ബിജു മാത്യു എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## പ്ലേസ്മെന്റ് & ട്രെയിനിംഗ് സെൽ

1. മേയ് 5-ാം തീയതി ഇൻഡസ് ടവേഴ്സ് നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റുകളിലെ കുട്ടികൾ പങ്കെടുത്തു. തിരഞ്ഞെടുക്കപ്പെട്ടവർക്ക് അഭിനന്ദനങ്ങൾ.
2. ട്രിനിറ്റി സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം - 2016ൽ കോഴ്സ് പൂർത്തിയാക്കിയ സർക്യൂട്ട് ബ്രാഞ്ചിലെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്ലേസ്മെന്റ് നൽകുന്നതിന്റെ ഭാഗമായി 4 ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാം നടത്തി.
3. 21.5.2016ന് സൗത്ത് ഇൻഡ്യൻ ബാങ്ക് തൃശൂർ ജ്യോതി എൻജിനീയറിംഗ് കോളേജിൽവച്ച് നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽ നിന്നും 23 കുട്ടികളെ തെരഞ്ഞെടുത്തു.

**ഫാ. ജോർജ് പുളിക്കൽ**
ചെയർമാൻ, വിമൽജ്യോതി

# എ.കെ.സി.സി.

## കത്തോലിക്കകോൺഗ്രസ് അംഗങ്ങൾ വിശ്വാസംരക്ഷകരും പ്രഘോഷകരുമാകണം: മാർ ജോർജ് വലിയമറ്റം

കരുണയുടെമുഖം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുവാൻ ആത്മീയചൈതന്യം ഉൾക്കൊണ്ടുകൊണ്ടും നമ്മുടെ പൂർവ്വികരുടെ പാത പിന്തുടർന്നുകൊണ്ടും വിശ്വാസസംരക്ഷകരും പ്രഘോഷകരുമാകുവാൻ എല്ലാ കത്തോലിക്ക കോൺഗ്രസ് പ്രവർത്തകരും മുന്നോട്ടുവരണമെന്ന് ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം ആഹ്വാനം ചെയ്തു. തലശ്ശേരി അതിരൂപതാദിനാഘോഷവും വാർഷികസമ്മേളനവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വിശ്വാസസംരക്ഷകരും ധാർമ്മിക ഗുണങ്ങളുടെ വക്താക്കളുമായി നിലകൊണ്ട് രാഷ്ട്രീയ പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുവാൻ കത്തോലിക്ക കോൺഗ്രസ് പ്രവർത്തനനിരതമാകണമെന്ന് അദ്ദേഹം പറഞ്ഞു.

തലശ്ശേരി അതിരൂപതാക്കമ്മറ്റി ഏർപ്പെടുത്തിയ മികച്ച ഫൊറോന-ഇടവക-പ്രവർത്തകനുള്ള അവാർഡുകൾ ആർച്ച്ബിഷപ്പ് എമിരറ്റസ് സമ്മാനിച്ചു. സാമൂഹികവും സാംസ്ക്കാരികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളിലൂടെ മികച്ചനേട്ടങ്ങൾ കൈവരിച്ച് മികച്ച ഫൊറോനയായി തിരഞ്ഞെടുക്കപ്പെട്ട ചെറുപുഴ ഫൊറോനക്കുള്ള അവാർഡ് ഫൊറോന പ്രസിഡന്റ് ശ്രീ. ഫിലിപ്പ് വെളിയത്ത് ഫൊറോനഭാരവാഹികൾക്കൊപ്പം ഏറ്റുവാങ്ങി. മികച്ച ഇടവകയായി തിരഞ്ഞെടുക്കപ്പെട്ട പൈസക്കരി ഇടവകയ്ക്കുള്ള അവാർഡ് വികാരി ഫാ. തോമസ് മേൽവെട്ടത്ത് യൂണിറ്റുഭാരവാഹികളും ചേർന്ന് ഏറ്റുവാങ്ങി. മികച്ച പ്രവർത്തകനുള്ള അവാർഡ് പൈസക്കരി യൂണിറ്റ് പ്രസിഡന്റ് വർഗ്ഗീസ് പള്ളിച്ചിറ അർഹനായി. കാർഷികമേഖലയിലെ നൂതനസംരംഭങ്ങൾക്കുള്ള പ്രോത്സാഹനസമ്മാനം വിമലശ്ശേരി ഇടവകയ്ക്കുവേണ്ടി യൂണിറ്റ് പ്രസിഡന്റ് ജോഷി ആനിത്തോട്ടം ഏറ്റുവാങ്ങി. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷതവഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ജോണി തോമസ് വടക്കേക്കര റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് കൊച്ചുകരോട്ട്, അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഫാ. തോമസ് തെങ്ങുമ്പള്ളി, ഫാ. ജോസഫ് ചാത്തനാട്ട് സി.എസ്.ടി, ഡോ. കെ.വി. ഫിലോമിന, ബേബി നെട്ടനാനി, സുരേഷ് കാഞ്ഞിരത്തിങ്കൽ, ഡേവിസ് ആലങ്ങാടൻ എന്നിവർ പ്രസംഗിച്ചു.

കേരളത്തിലെ റോഡുകൾ റബ്ബർ ബിറ്റുമിൻ ഉപയോഗിച്ച് ടാറിങ്ങ് ചെയ്യുവാൻ സംസ്ഥാനസർക്കാർ തയ്യാറാകണം എന്നാവശ്യപ്പെട്ടുകൊണ്ട് തോമസ് മാണി കളപ്പുരയും മലബാറിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ തളിപ്പറമ്പ്-കൂർഗ് റോഡ് യാഥാർത്ഥ്യമാക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജോയി പൂവത്തിങ്കലും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വാർദ്ധക്യകാല ക്ഷേമ

പെൻഷൻ 1500 രൂപയായി ഉയർത്തി ബാങ്കുകൾവഴി അത് അർഹരായവരിലെത്തിക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് ചാക്കോച്ചൻ കാരാമായിലും ആസന്നമാകുന്ന നിയമസഭാതിരഞ്ഞെടുപ്പിൽ കത്തോലിക്കാകോൺഗ്രസിന്റെ നിലപാടുകൾ സംബന്ധിച്ച് ജോണി വടക്കേക്കരയും പ്രമേയങ്ങൾ അവതരിപ്പിച്ചു.

## തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം: തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ്

**കോട്ടൂർ/ശ്രീകണ്ഠാപുരം:** ആസന്നമാകുന്ന നിയമസഭാതിരഞ്ഞെടുപ്പിൽ ഭാവിയുടെയും നാടിന്റെയും ഭാഗധേയം നിർണ്ണയിക്കുന്ന നിയമസഭാസമാജികരെ തെരഞ്ഞെടുക്കുമ്പോൾ ഗൗരവപൂർവമായ സമീപനം എല്ലാ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുടെയും ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെടുന്നു.

ജനാധിപത്യ വ്യവസ്ഥയെ ശക്തപ്പെടുത്തൽ, മതേതര-ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കൽ, നാട്ടിൽ ശാന്തിയും സമാധാനവും കൈവരുത്തുന്നതിനുള്ള ശ്രമങ്ങൾ, വികസനം മുഖ്യ അജണ്ടയായി നടപ്പിലാക്കാൽ, ആരോപണ-പ്രത്യാരോപണങ്ങൾക്ക് അറുതി വരുത്തൽ, കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കൽ, പാവങ്ങളുടെ പക്ഷംചേരൽ, അഴിമതിക്കും ധൂർത്തിനും എതിരെയുള്ള നിലപാടുകൾ, മദ്യവിരുദ്ധപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകൽ, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം തേടൽ, വന്യമൃഗങ്ങളിൽനിന്നും തെരുവുനായ്ക്കളിൽനിന്നുമുള്ള സംരക്ഷണം, വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന അരാജകത്വം അവസാനിപ്പിക്കൽ സർവ്വോപരി ന്യൂനപക്ഷ അവകാശസംരക്ഷണം ഇത്തരം വിഷയങ്ങളിൽ ക്രിയാത്മകമായി ഇടപെട്ടുകൊണ്ട് സമൂഹനന്മയ്ക്കായി യത്നിക്കുന്നവരെ കത്തോലിക്കാ കോൺഗ്രസ് നിയമസഭാ തിരഞ്ഞെടുപ്പിൽ പിന്തുണയ്ക്കും. ജനപ്രതിനിധികളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി വിലയിരുത്തി പ്രോത്സാഹനവും തിരുത്തലുകളും നടത്തുന്ന ചാലക ശക്തിയായി കത്തോലിക്ക കോൺഗ്രസ് പ്രവർത്തകർ മാറണം.

കള്ളവോട്ടും ബൂത്തുപിടുത്തവും ജനാധിപത്യത്തിന് തീരാകളങ്കമായതിനാൽ ഇത്തരം നിലപാടുകൾ സ്വീകരിക്കുന്ന രാഷ്ട്രീയ പാർട്ടികളെ ഒറ്റപ്പെടുത്തണം. വികസനവും കരുതലും പട്ടണങ്ങളിൽമാത്രം കേന്ദ്രീകരിക്കപ്പെടാതെ ഗ്രാമങ്ങളുടെ ഉദ്ധാരണത്തിനും സഹായകമാകണം. പ്രകടനപത്രികകൾ കേവലം മോഹനവാഗ്ദാനങ്ങളുടെ കലവറയായി മാറാതെ അവ സമയബന്ധിതമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കണം.

നാടിന്റെ അന്തസ്സും അഭിമാനവും നിയമസഭയ്ക്കകത്തും പുറത്തും പ്രകടിപ്പിക്കുന്നവരെ പിന്തുണയ്ക്കണം. ആത്യന്തികമായി നാട്ടിൽ സമാധാനവും വികസനവും സംജാതമാക്കുവാൻ ഇച്ഛാശക്തി കാണിക്കുന്ന ഒരു

രാഷ്ട്രീയ നേതൃത്വനിരയെ വളർത്തിയെടുക്കുവാൻ എല്ലാ ജനാധിപത്യവിശ്വാസികളും തയ്യാറാകണമെന്ന് തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ് പ്രസിഡണ്ട് ദേവസ്യ കൊങ്ങോല, ജനറൽസെക്രട്ടറി തോമസ് വടക്കേക്കര എന്നിവർ പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

## കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗവും യാത്രയയപ്പുസമ്മേളനവും

കഴിഞ്ഞ നാലു വർഷക്കാലമായി കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ഡയറക്ടറായി സേവനമനുഷ്ഠിച്ച് പേരാവൂർ സെന്റ് ജോസഫ്സ് ഫൊറോന ദൈവാലയത്തിലേക്ക് വികാരിയായി സ്ഥലം മാറിപ്പോകുന്ന ഫാ. തോമസ് കൊച്ചുകരോട്ടിന് സന്ദേശഭവനിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ ഭാരവാഹികളുടെ യോഗം യാത്രയയപ്പ് നല്കി. കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി വ്യാപിച്ച്കിടക്കുന്ന തലശ്ശേരി അതിരൂപതയിലെ 90% ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകൾക്ക് രൂപം നല്കി സംസ്ഥാനത്തെ മികച്ച രൂപതയായി തലശ്ശേരി അതിരൂപതയെ വളർത്തിയെടുക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ച വ്യക്തിയാണ് അദ്ദേഹം. സന്ദേശഭവൻ ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസർ, എന്നീ നിലയിൽ പ്രവർത്തിച്ചുവരികയായിരുന്ന അദ്ദേഹം നല്ലൊരു വചനപ്രഘോഷകൻ കൂടിയാണ്. കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ കമ്മിറ്റിയുടെ സ്നേഹോപഹാരം അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോല, അച്ചന് നൽകി. പുതിയ ഡയറക്ടറായി ചാർജ് എടുക്കുന്ന ഫാ. ഫ്രാൻസീസ് മേച്ചിറാകത്തിന് സ്ഥാനമൊഴിയുന്ന ഡയറക്ടർ ബൊക്കെ നൽകി. യാത്രയയപ്പു യോഗത്തിൽ ഫാ. പാംപ്ലാനി, ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ജോണി തോമസ് വടക്കേക്കര, പീയൂസ് പറേടം, ബെന്നി പുതിയാംപുറം, സിസിലി പുഷ്ക്കുന്നേൽ എന്നിവർ ആശംസകളർപ്പിച്ചു. ഫാ. തോമസ് കൊച്ചുകരോട്ട്, ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് എന്നിവർ മറുപടി പ്രസംഗം നടത്തി.

## എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങൾ:

- സീറോമബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2016 ലേക്ക് കത്തോലിക്കാ കോൺഗ്രസിന്റെ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി കേന്ദ്രകമ്മിറ്റി.... നൽകിയിരിക്കുന്ന ചോദ്യാവലി യൂണിറ്റുകളിലും ഫൊറേന കമ്മിറ്റിയിലും ചർച്ചകൾ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 29-5-2016 ഞായറാഴ്ച വൈകുന്നേരം 6 മണിമുതൽ 10 മണിവരെ സന്ദേശഭവനിൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരുന്നതിനും തീരുമാനിച്ചു.
- 29-5-2016 എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 2016-2017 വർഷത്തെ കർമ്മപദ്ധതിക്ക് രൂപം നൽകുന്നതിനും തീരുമാനമെടുത്തു.

## നന്ദി

കത്തോലിക്കാ കോൺഗ്രസിന്റെ തലശ്ശേരി അതിരൂപതയിലെ വളർച്ച യ്ക്കുവേണ്ടി വിവിധ ഫൊറോനകളിൽ നേതൃത്വം നൽകി സ്ഥലം മാറി പ്പോയ ഫൊറോന വികാരിമാരായ ഫാ. മാത്യു പാലമറ്റം (പേരാവൂർ), ഫാ. ആൻഡ്രൂസ് തെക്കേൽ (എടൂർ), ഫാ. മാത്യു പൊട്ടംപ്ലാക്കൽ (കുന്നോത്ത്), ഫാ. മാത്യു പോത്തനാമല (നെല്ലിക്കാംപൊയിൽ), ഫാ. തോമസ് മേൽവെ ട്ടത്ത് (പൈസക്കരി) എന്നിവർക്ക് കത്തോലിക്കാ കോൺഗ്രസ് അതിരൂപത കമ്മിറ്റിയുടെ നന്ദിയും പുതിയ ഇടവകകളിലും സ്ഥാപനങ്ങളിലും വിജയ ങ്ങളും ആശംസിക്കുന്നു.

ഫൊറോന ഡയറക്ടർമാരായി സേവനമനുഷ്ഠിച്ച് വിവിധ ഫൊറോ നകളിലെ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ ഫാ. ജോസഫ് ചാത്തനാട്ട് (വായാട്ടുപറമ്പ്), ഫാ. വർക്കി തടത്തി മാക്കൽ (ആലക്കോട്), ഫാ. തോമസ് അട്ടാങ്ങാട്ടിൽ (പേരാവൂർ), ഫാ. അബ്രാഹം മഠത്തിമ്യാലിൽ (എടൂർ), ഫാ. മാത്യു വേങ്ങക്കുന്നേൽ (വെള്ള രിക്കുണ്ട്) എന്നിവർക്ക് പുതിയ ഇടവകകളിൽ എല്ലാ പ്രവർത്തനവിജയ ങ്ങളും കത്തോലിക്കാ കോൺഗ്രസ് അതിരൂപത കമ്മിറ്റിയുടെ നന്ദിയും രേഖ പ്പെടുത്തുന്നു.

യൂണിറ്റ് ഡയറക്ടർമാരായി സേവനമനുഷ്ഠിച്ച് വിവിധ ഇടവകകളി ലേക്കും സ്ഥാപനങ്ങളിലേക്കും സ്ഥാനത്തേക്കും സ്ഥലംമാറിപ്പോയ എല്ലാ ഇടവകാ വികാരിയച്ചന്മാർക്കും കത്തോലിക്കാ കോൺഗ്രസിന്റെ സ്നേഹവും നന്ദിയും രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നങ്ങോട്ടുള്ള പ്രവർത്തന ങ്ങൾക്ക് സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ 4 വർഷക്കാലമായി കത്തോലിക്കാകോൺഗ്രസിന്റെ തല ശ്ശേരി അതിരൂപതാ ഡയറക്ടറായി സേവനം ചെയ്ത് ഈ സംഘടനയെ വളർത്തി പരിപോഷിപ്പിച്ച് സീറോമലബാർ സഭയിലെ മികച്ച രൂപതയായി അംഗീകാരം നേടിത്തന്ന തലശ്ശേരി രൂപതയിലെ കത്തോലിക്കാ കോൺഗ്ര സിന്റെ എല്ലാമെല്ലാമായി പ്രവർത്തിച്ച ബഹുമാനപ്പെട്ട തോമസ് കൊച്ചുക രോട്ടച്ചന് ഒരായിരം നന്ദി !!! എല്ലാവർക്കും പ്രാർത്ഥനാനിർഭരമായ യാത്രയ യപ്പ് മംഗളങ്ങൾ!

കത്തോലിക്കാകോൺഗ്രസിന്റെ തലശ്ശേരി അതിരൂപതയുടെ പുതിയ ഡയറക്ടറായി ചാർജ് എടുത്തിരിക്കുന്ന ബഹുമാനപ്പെട്ട ഫ്രാൻസീസ് മേച്ചി റാകത്തച്ചന് എല്ലാവിധ സ്നേഹാശംസകളും പ്രവർത്തനവിജയങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് കൊച്ചുകരോട്ട്**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### സ്വാഗതം

കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ജീവസ്സ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പുതിയ ഡയറക്ടറായി ചുമതലയേറ്റിരിക്കുന്ന ഫാ. മാത്യു കാരിക്കലിന് സ്വാഗതവും എല്ലാ വിജയങ്ങളും ആശംസിക്കുന്നു. ജീവസ്സിന്റെ പ്രവർത്തനത്തിലൂടെ കാസർഗോഡ് ജില്ലയിലെ സാമൂഹ്യ പ്രവർത്തനം കൂടുതൽ മികവുറ്റതായി മാറട്ടെയെന്ന് ആശംസിക്കുന്നു.

### നന്ദി

ടിഎസ്എസ്എസിന്റെ ചെമ്പേരി റീജനൽ ഓഫീസിൽ റീജനൽ ഓഫീസറായി കഴിഞ്ഞ ആറ് വർഷമായി ശുശ്രൂഷ ചെയ്തി രുന്ന സി. എൽസി എഫ്സിസി കുന്നോത്ത് സെന്റ് മേരീസ് കോൺവെന്റ് മദർ സുപ്പീരിയറായി ചാർജ്ജെടുത്തിരിക്കുന്നു. പേരാവൂർ റീജനൽ ഓഫീസ റായിരുന്ന സി. ലീന എസ്എച്ച് ബളാൽ, എസ്എച്ച് കോൺവെന്റ് മദർ സുപ്പീരിയറായി ചാർജ്ജെടുത്തിരിക്കുന്നു. ടിഎസ്എസ്എസിന്റെ പ്രവർത്തനങ്ങൾ ചെമ്പേരി, പേരാവൂർ മേഖലകളിൽ ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കിയ ബഹു. സിസ്റ്റേഴ്സിനോടുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിക്കുന്നു. പുതിയ ഉത്തരവാദിത്വങ്ങളിൽ എല്ലാ വിജയവും പ്രാർത്ഥനകളും നേരുന്നു. ടിഎസ്എസ്എസ് കേന്ദ്ര ഓഫീസിൽ കഴിഞ്ഞ ഒരു വർഷമായി സേവനം ചെയ്തിരുന്ന സി. പാവന എസ്എബിഎസ് കാസർഗോഡ് ഉളിയത്തടുക്ക സ്കൂളിലേക്ക് നിയമിതയായിരിക്കുന്നു. സിസ്റ്ററിനോടുമുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിക്കുന്നു. പുതിയ സ്ഥലത്ത് എല്ലാ വിജയങ്ങളും നേരുന്നു.

### സൗജന്യ മെഡിക്കൽ ക്യാമ്പ്

മംഗളൂരു ഫാ. മുള്ളേഴ്സ് ആശുപത്രിയുടെ സഹകരണത്തോടെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ചെമ്പേരി വിമല ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് ചെമ്പേരി വിമല ആശുപത്രിയിൽ നടന്നു. വിമല ആശുപത്രി ഡയറക്ടർ മോൺ. മാത്യു എം. ചാലിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് തയ്യിൽ അധ്യക്ഷത വഹിച്ചു. ഏരുവേശി പഞ്ചായത്ത് വൈസ് പ്രസിഡണ്ടും ടിഎസ്എസ്എസ് മേഖലാ

കോ-ഓർഡിനേറ്ററുമായ പൗളിൻ തോമസ്, റീജനൽ കോ-ഓർഡിനേറ്റർ സെന്റർ പ്രസിഡണ്ട് ബേബി മുള്ളൂർ, പൈസക്കരി ദേവമാതാ ഫൊറോന വികാരി ഫാ. ജോസ് വെട്ടിക്കൽ എന്നിവർ പ്രസംഗിച്ചു.

ജനറൽ മെഡിസിൻ, പീഡിയാട്രിക്, ഗൈനിക്, ഇഎൻടി, ഒഫ്താൽമോളജി, ഓർത്തോ, സ്കിൻ, ജനറൽ സർജറി, കാൻസർ സ്ക്രീനിംഗ് എന്നീ വിഭാഗങ്ങളിലായി 30-ഓളം വിദഗ്ധ ഡോക്ടർമാർ രോഗികളെ പരിശോധിച്ചു ചികിത്സ നിർണ്ണയിച്ചു. ഒരു മാസത്തേക്ക് രജിസ്ട്രേഷൻ, കൺസൾട്ടേഷൻ, അടിസ്ഥാന ലാബ് ടെസ്റ്റുകൾ, റൊട്ടീൻ ചെസ്റ്റ് എക്സറേ, റൊട്ടീൻ ഇസിജി എന്നിവ സൗജന്യമായും സിടി സ്കാൻ അൾട്രാസൗണ്ട് എന്നിവയടക്കമുള്ള മറ്റു ടെസ്റ്റുകൾ കുറഞ്ഞ നിരക്കിലും ക്യാമ്പിൽ ലഭ്യമാക്കിയിരുന്നു. മലയോര മേഖലയിലെ വിവിധ പ്രദേശങ്ങളിൽ നിന്നായി 1500-ഓളം പേർ ക്യാമ്പിൽ പങ്കെടുത്തു.

കാഞ്ഞിരക്കൊല്ലി ക്രെഡിറ്റ് യൂണിയൻ, എംഎസ്എസിന്റെ നേതൃത്വത്തിൽ 22.5.2016ന് കാഞ്ഞിരക്കൊല്ലിയിൽവച്ച് നേത്രപരിശോധനാക്യാമ്പ് സംഘടിപ്പിച്ചു. പെരുമ്പുന്ന അർച്ചന ഹോസ്പിറ്റൽ ക്യാമ്പിന് നേതൃത്വം നൽകി.

## പ്രത്യാശ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ്

19.04.2016-ന് പേരട്ട ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ പ്രത്യാശ പെയിൻ & പാലിയേറ്റീവ് വോളണ്ടിയേഴ്സ് കിടപ്പുരോഗികളെ സന്ദർശിച്ചു. ഏകദേശം 3000/- രൂപ ഈ മാസം ചികിത്സാ സഹായമായി നൽകുകയും ചെയ്തു.

21.04.2016ന് മാങ്ങോട് ക്രെഡിറ്റ് യൂണിയൻ അംഗങ്ങളും കിടപ്പു രോഗികളെ സന്ദർശിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു.

ചെറുപുഴ മേഖല ഓഫീസിന്റെ നേതൃത്വത്തിൽ ചെറുപുഴ മേഖലയുടെ കീഴിലുള്ള യൂണിറ്റുകളിലെ പ്രത്യാശ പാലിയേറ്റീവ് വോളണ്ടിയേഴ്സിവേണ്ടി 05.05.2016ന് മേഖലാ ഓഫീസിൽവച്ച് ട്രെയിനിംഗ് നടത്തി. ട്രെയിനിംഗിന് സി. വിനയ നേതൃത്വം നൽകി.

## കൂൺകൃഷി പരിശീലനം

എടൂർ ആർസിസിയുടെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹികൾക്കായി കൂൺകൃഷി പരിശീലനം നടത്തി. എല്ലാ യൂണിറ്റുകളിൽ നിന്നുമായി 28 പേർ പങ്കെടുത്തു. ശ്രീ. ജോൺ സെബാസ്റ്റ്യൻ പാലക്കാട് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## നനവും ധനവും

പ്രകൃതി സംരക്ഷണത്തിന്റെ ഭാഗമായി ടിഎസ്എസ്എസിന്റെ എല്ലാ യൂണിറ്റുകളിലും ഈ വർഷം കശുമാവ്, ജാതി, തെങ്ങ്, കവുങ്ങ്, കുരുമുളക്, മാവ്, കൊക്കോ എന്നിവയുടെ തൈകൾ വിതരണത്തിനായി തയ്യാറായിട്ടുണ്ട്. പ്രകൃതി സംരക്ഷണം എന്നത് മാത്രമല്ല ഇത്തരം തൈകൾ വളർത്തുന്ന കർഷകർക്ക് ഇതിൽ നിന്നും ആദായം ലഭ്യമാക്കുക എന്നതും ടിഎസ്എസ്എസിന്റെ ലക്ഷ്യമാണ്. ഇത്തരം തൈകൾ ആവശ്യമുള്ളവർ ഉടൻതന്നെ മേഖലാ ഓഫീസുമായോ ടിഎസ്എസ്എസ് ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്. ഈ പദ്ധതിയുടെ ഭാഗമായി അങ്ങാടിക്കടവ് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ മെമ്പർമാർക്ക് 500-ഓളം മാവിൻതൈകൾ വിതരണം നടത്തി. കശുമാവിൻതൈകൾ ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം നികുതി അടച്ച രശീതിന്റെ കോപ്പി, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി, ഐഡി കാർഡിന്റെ കോപ്പി എന്നിവയും സമർപ്പിക്കേണ്ടതാണ്.

## ഭവന നിർമ്മാണ സഹായം

എടൂർ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ നിർദ്ധന കുടുംബത്തിന് ഭവന നിർമ്മാണ സഹായമായി 15000/- രൂപ ഈ മാസം നൽകി. ഭാരവാഹികൾക്കും മെമ്പർമാർക്കും അഭിനന്ദനങ്ങൾ.

## കുട നിർമ്മാണ പരിശീലനം

02.05.2016ന് ആറളം ഫോറസ്റ്റ് ഓഫീസിൽവച്ച് ആറളം സെറ്റിൽമെന്റിൽ താമസിക്കുന്നവർക്കായി കുട നിർമ്മാണ പരിശീലനം നടത്തി. 30 പേർ പങ്കെടുത്തു.

വളയംകോട്, കുന്നത്തൂർ, പാലയാട് കോളനി, തേർമല, ശാന്തിനഗർ എന്നീ സ്ഥലങ്ങളിൽ കുട നിർമ്മാണ പരിശീലനം നടത്തി. ഏകദേശം 120 പേർ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

## ചക്ക വിഭവ നിർമ്മാണ പരിശീലനം

നെല്ലിക്കാംപൊയിൽ ആർസിസിയുടെ നേതൃത്വത്തിൽ നെല്ലിക്കാംപൊയിലിൽവച്ചും ചുള്ളി ഗ്രാമിക യൂണിറ്റിന്റെ നേതൃത്വത്തിൽ ചുള്ളിയിൽ വച്ചും ചക്കയിൽനിന്നും വിവിധ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചു. 70-ഓളം പേർ പരിപാടിയിൽ പങ്കെടുത്തു.

## പശ്ചിമഘട്ട വികസനപദ്ധതി - മാവുംചാൽ നീർത്തടം

മാവുംചാൽ നീർത്തടപദ്ധതിൽപ്പെട്ട 100 ഗുണഭോക്താക്കൾക്ക് 11 കോഴിക്കുഞ്ഞുങ്ങളെവീതം 1100 കോഴിക്കുഞ്ഞുങ്ങളുടെ വിതരണോദ്ഘാ

ടനം തേർമലയിൽവച്ച് നടുവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു നിർവ്വഹിച്ചു. ചടങ്ങിൽ നടുവിൽ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീമതി ത്രേസ്യാമ്മ, വാർഡ് മെമ്പർമാരായ തോമസ്, ബാബു, നടുവിൽ കൃഷി ഓഫീസർ, ടിഎസ്എസ്എസ് പ്രോഗ്രാം മാനേജർ എന്നിവർ സംസാരിച്ചു.

## സുന്ദര കൗമാരം

വെളിമാനം എംഎസ്എസിന്റെ നേതൃത്വത്തിൽ കൗമാരപ്രായത്തിലുള്ള കുട്ടികൾക്ക് കൗമാരപ്രായത്തിൽ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ക്ലാസ് നടത്തി. JPHN പുഷ്പ ക്ലാസിന് നേതൃത്വം നൽകി. ക്ലാസിൽ 52 കുട്ടികൾ പങ്കെടുത്തു.

## വഴികാട്ടി - സൺഡേ സ്കൂൾ സ്പെഷ്യൽ നോട്ട്ബുക്കുകൾ

സൺഡേ സ്കൂൾ കുട്ടികൾക്കും മതാധ്യാപകർക്കും സ്കൂളിൽ ഉപയോഗിക്കുന്നതിനായി മഡോണ ബുക്സിന്റെ നേതൃത്വത്തിൽ ''വഴികാട്ടി'' എന്നപേരിൽ നോട്ട്ബുക്കുകൾ വിതരണത്തിനായി റെഡിയായിട്ടുണ്ട്. ഈ നോട്ടുബുക്കിൽ പൊതുവിജ്ഞാനം, ലീവ് ലെറ്റർ, വിദ്യാർത്ഥിയെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ രേഖപ്പെടുത്താനുള്ള സൗകര്യവും ഉണ്ടായിരിക്കും.

കൂടാതെ സ്കൂളുകളിലേക്കായി മഡോണ നോട്ട്ബുക്കുകളും വിതരണത്തിനായി റെഡിയായിട്ടുണ്ട്. കുട്ടികൾക്കാവശ്യമായ നോട്ടുബുക്കുകൾ ടിഎസ്എസ്എസിൽനിന്നും തന്നെ വാങ്ങി ടിഎസ്എസ്എസിനെ പ്രോത്സാഹിപ്പിക്കാനപേക്ഷ.

സ്നേഹപൂർവ്വം

**ഫാ. സ്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ, ടി.എസ്.എസ്.എസ്.

# ധ്യാനകേന്ദ്രങ്ങളിലൂടെ

**1. മദർ ഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | |
|---|---|---|
| ജൂൺ | 05-10 | : ആന്തരിക-ശാരീരികസൗഖ്യധ്യാനം |
| ,, | 11 | : ഏകദിനകൺവെൻഷൻ |
| ,, | 19-24 | : ആന്തരിക-ശാരീരികസൗഖ്യധ്യാനം |
| ,, | 20 | : മരിയൻ രാത്രി |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം-ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | |
|---|---|---|
| ജൂൺ | 10 | : ജാഗരണപ്രാർത്ഥന |
| ,, | 12-16 | : ആന്തരികസൗഖ്യധ്യാനം |
| ,, | 19-23 | : പരിശുദ്ധാത്മാഭിഷേകധ്യാനം |
| ,, | 26-30 | : ആന്തരികസൗഖ്യധ്യാനം |

**3. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490-2444595**

| | | |
|---|---|---|
| ജൂൺ | 03 | : മരിയൻ ജാഗരണം |
| ,, | 05-08 | : യുവജനധ്യാനം (15-35 വയസ്സുകാർക്ക്) |
| ,, | 11 | : മാസധ്യാനം (സിസ്റ്റേഴ്സിന്) |
| ,, | 12-18 | : കുടുംബാഭിഷേകധ്യാനം |
| ,, | 19-23 | : യുവജനധ്യാനം |
| ,, | 26-30 | : സിസ്റ്റേഴ്സിനുധ്യാനം |

**4. ഐ.എം.എസ്. ധ്യാനകേന്ദ്രം, പേരട്ട; കൂട്ടുപുഴ, ഫോൺ: 0490-2420320, 9745292602**

| | | |
|---|---|---|
| ജൂൺ | 02 | : രോഗശാന്തി ആരാധന |
| ,, | 06-10 | : ആന്തരിക-ശാരീരികസൗഖ്യധ്യാനം |
| ,, | 20-24 | : ആന്തരിക-ശാരീരികസൗഖ്യധ്യാനം |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| ജൂൺ | 04 | : ഏകദിന കൺവെൻഷൻ |
| ,, | 10 | : ജാഗരണ പ്രാർത്ഥന |
| ,, | 11 | : ക്രിസ്റ്റീൻ വിങ്സ് |
| ,, | 12-16 | : ആന്തരീക സൗഖ്യധ്യാനം |
| ,, | 18,25 | : മരിയൻ ദിവ്യകാരുണ്യ ആരാധന |
| ,, | 26-30 | : മരിയൻ ആന്തരീക സൗഖ്യധ്യാനം |

# ശാന്തിതീരം
സെന്റർ ഫോർ കൗൺസലിംഗ് & സൈക്കോതെറാപ്പി

## Positive Psychology for Positive Living
## (സന്തോഷകരമായ ജീവിതത്തിന് ഭാവാത്മക മനഃശാസ്ത്രം)

പ്രിയ സുഹൃത്തേ,

മനഃശാസ്ത്ര-വിജ്ഞാനത്തിലെ നൂതന ശാഖയാണ് പോസിറ്റീവ് സൈക്കോളജി. ഗുണങ്ങളെയും കഴിവുകളെയും ശ്രദ്ധിക്കുകയും വികസിപ്പിക്കുകയും വളർത്തുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നതുവഴി സന്തോഷകരമായി ജീവിക്കാൻ കഴിയുമെന്നതാണ് ഇതിന്റെ തത്വം. ഇതുവഴി വ്യക്തിപരവും സാമൂഹികവുമായ സുസ്ഥിതി (well-being) വർദ്ധിക്കുന്നു. അതിന് സഹായിക്കാൻ കോൺഫ്രൻസ് ഓഫ് കാത്തലിക് സൈക്കോളിസ്റ്റ്സ് ഓഫ് ഇന്ത്യ (CCPI) കേരള ഘടകത്തിന്റെ ആഭിമുഖ്യത്തിൽ ശാന്തിതീരം സെന്റർ ഫോർ കൗൺസിലിംഗ് & സൈക്കോതെറാപ്പിയുടെ നേതൃത്വത്തിൽ പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പാസ്റ്റർ സെന്ററിൽവച്ച് ഏകദിന മനഃശാസ്ത്ര ശില്പശാല സംഘടിപ്പിക്കുന്നു. പ്രശസ്ത പോസിറ്റീവ് സൈക്കോളജിസ്റ്റ് ഡോ. വിൽസൺ ചക്യത്ത് സി.എം.ഐ. ശില്പശാലയ്ക്ക് നേതൃത്വം നല്കുന്നതാണ്.

**ഈ ശില്പശാല** ⇨ ആധുനികസമ്മർദ്ദങ്ങൾക്കിടയിലും മാനസികോന്മേഷം നിലനിർത്തുന്നത് എങ്ങനെയെന്ന് നിങ്ങളെ പഠിപ്പിക്കും.

⇨ ദൈനംദിനമുള്ള പ്രവൃത്തികൾക്ക് അർത്ഥവും ആഴവും വർദ്ധിപ്പിക്കുന്നു.

⇨ ഭാവാത്മക വ്യക്തിത്വരൂപീകരണം വഴി സമൂഹത്തിൽ ഭാവാത്മക ഊർജ്ജം പ്രസരിക്കുന്നു

**ആർക്കൊക്കെ പങ്കെടുക്കാം?**

ഡോക്ടർമാർ, നഴ്സസ്, ടീച്ചേഴ്സ്, പ്രൊഫസേഴ്സ്, ആർട്ടിസ്റ്റ്, കൗൺസിലേഴ്സ്, സൈക്കോളജിസ്റ്റ്സ്, ബിസിനസ് രംഗത്തുള്ളവർ, വൈദികർ, സമർപ്പിതർ തുടങ്ങി പ്രൊഫഷണൽ രംഗത്ത് പ്രവർത്തിക്കുന്ന ആർക്കും ഇതിൽ പങ്കെടുക്കാം.

| | |
|---|---|
| **തീയതി** | **: 2016 ജൂലൈ 9 രണ്ടാം ശനിയാഴ്ച** |
| **സമയം** | **: രാവിലെ 9.30 മുതൽ 4 മണിവരെ** |
| **സ്ഥലം** | **: പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ** |

**രജിസ്ട്രേഷൻ ഫീസ്:** 200/-രൂപ (ഭക്ഷണം, കോഴ്സ് മറ്റീരിയൽസ് ഇവയ്ക്ക്)
**അവസാന രജിസ്ട്രേഷൻ തീയതി: 2016 ജൂലൈ 5**
**ബന്ധപ്പെടുക:** 9497634843, 8281444094, 9496112390

നന്ദിയോടെ,

**ഫാ. സെബാൻ ചെരിപ്പുറത്ത്**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

### 2016 ഏപ്രിൽ

25 രാവിലെ 10.30ന് സന്ദേശഭവനിൽ ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ലൈബ്രറി ആശീർവദിച്ചു. അതിനുശേഷം ഗുഡ്നെസ് ടിവിക്കാർക്ക് അതിരൂപതാഭവനത്തിൽവച്ച് ചാനൽ ഇന്റർവ്യൂ നൽകി.

29 അതിരൂപതാഭവനത്തിൽനിന്നു സ്ഥലം മാറിപോകുന്ന മോൺ. ജോൺ ഒറകുണ്ടിൽ, സി. ഗ്രേസി എഫ്സിസി, ബ്ര. തോമസ് വള്ളിയിൽ എന്നിവർക്കു ഉച്ചക്ക് ഒരുമണിക്ക് നൽകിയ യാത്രയയപ്പിൽ പങ്കെടുത്തു.

വൈകുന്നേരം 3.00 മണിക്ക് കത്തീഡ്രൽ പള്ളിയിൽവച്ച് ബഹു. സഖറിയാസ് വള്ളോപ്പിള്ളി അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

30 ചെമ്പേരി വിമൽജ്യോതിയിൽവച്ചു നടന്ന അതിരൂപതാദിനത്തോടനുബന്ധിച്ച് വി. ബലിക്ക് നേതൃത്വം കൊടുക്കുകയും പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു.

വൈകുന്നേരം 6.00 മണിക്ക് മാനന്തവാടി രൂപതയിലെ നടവയൽ ഇടവകയിൽ എത്തി വൈഎംസിഎ കുടുംബസംഗമം ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു.

### 2016 മെയ്

01 മാനന്തവാടി രൂപതയിലെ കയ്യൂന്നി ഇടവകയിൽ എത്തി രാവിലെ 9.30ന് വി. ബലി അർപ്പിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു.

02 രാവിലെ 9.30ന് പേരാവൂരിൽ എത്തി എസ്എച്ച് സിസ്റ്റേഴ്സിന്റെ ജൂബിലി, പ്രഥമ വ്രതവാഗ്ദാനം, നിത്യവ്രതവാഗ്ദാനം എന്നിവയോടനുബന്ധിച്ചുള്ള തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും സന്ദേശം നൽകുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് കുന്നോത്ത് ഇടവകയിലെത്തി പുതുതായി നിർമ്മിച്ച ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

വൈകുന്നേരം ഇരിട്ടിയിൽവച്ച് തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള ഇരിട്ടി മേഖലയിലെ സ്കൂളുകളിലെ ലോക്കൽ മാനേജർമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

03 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന വൈദികരെ സ്വീകരിച്ചു. വൈകുന്നേരം ആറു മണിക്ക് കരുണയുടെ കുടുംബവർഷത്തോടനുബന്ധിച്ചുള്ള ധ്യാനത്തിന്റെ അവലോകനത്തിൽ പങ്കെടുത്തു.

04 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് നാലു മണിക്ക് അങ്ങാടിക്കടവിൽ എത്തി ബഹു. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ അച്ചന്റെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്ത് ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം ഏഴു മണിക്ക് അതിരൂപതാഭവനത്തിൽവച്ച് നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

05 രാവിലെ 9 മണി മുതൽ പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ സന്ദർശകരെ സ്വീകരിച്ചു.

06 സന്ദേശഭവനിൽവച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ നടന്ന ജീവോത്സവ്-2016 പങ്കെടുത്ത് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 4 മണിക്ക് മാനന്തവാടി രൂപതയിലെ കല്ലുവയലിൽ എത്തി വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

വൈകിട്ട് 7 മണിക്ക് പേരാവൂർ മൗണ്ട് കാർമൽ ആശ്രമം സന്ദർശിച്ചു.

07 രാവിലെ 8 മണിക്ക് വെണ്ണക്കല്ലിൽ എത്തി കുരിശുപള്ളി വെഞ്ചരിക്കുകയും കുട്ടികൾക്ക് ആദ്യകുർബ്ബാന നൽകുകയും ചെയ്തു. 12 മണിക്ക് ചെറുപുഴയിൽ എത്തി ഏയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്തു.

വൈകുന്നേരം 4 മണിക്ക് കുട്ടാപറമ്പിൽ എത്തി വിശുദ്ധ ബലി അർപ്പിച്ച് പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു.

08 മുള്ളേരിയയിൽ ഇടവകാസന്ദർശനവും വൈദികഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മവും നടത്തി.

വൈകുന്നേരം 4.30ന് ആനമഞ്ഞൾ ഇടവകയിലെത്തി ദിവ്യബലി അർപ്പിച്ച് പുതുതായി നിർമ്മിച്ച സൺഡേ സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

09 രാവിലെ 9 മണിക്ക് ചെമ്പേരി വിമൽജ്യോതിയിൽവച്ച് തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ജൂബിലി വർഷം ഉദ്ഘാടനം ചെയ്യുകയും ഉയർന്ന മാർക്കുകൾ വാങ്ങിയ കുട്ടികൾക്ക് അവാർഡുകൾ നൽകുകയും ചെയ്തു.

12 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽവച്ച് നടന്ന വൊക്കേഷൻ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

12 രാവിലെ 10.30ന് മൈനർ സെമിനാരിയിൽവച്ച് ഈ വർഷം വൈദികപട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ മാതാപിതാക്കളെ കാണുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

വൈകുന്നേരം 4.30ന് കരുവഞ്ചാലിലെത്തി ചിറ്റൂപറമ്പിൽ റോബിൻസിന്റെ ഭവനം വെഞ്ചരിച്ചു.

13 വൈകുന്നേരം അതിരൂപതാ ഭവനത്തിൽനിന്നും സന്ദേശഭവനിൽനിന്നും സ്ഥലം മാറിപോകുന്ന ബഹു. വൈദികർക്ക് നൽകിയ യാത്രയയപ്പിൽ പങ്കെടുത്തു.

14 അതിരൂപതാ ഭവനത്തിലേക്ക് വന്ന വൈദികരെ സ്വീകരിച്ചു.

16 രാവിലെ 7 മണിക്ക് കൊടുവള്ളി സ്കൂളിൽ എത്തി വോട്ട് രേഖപ്പെടുത്തി. 9 മണിക്ക് നെല്ലിക്കുറ്റിയിൽ എത്തി ഡീ. നോബിൾ പുതിയേടത്തിന് തിരുപ്പട്ടം നൽകി. അതിനുശേഷം കരുവഞ്ചാൽ, ചെമ്പേരി വിമൽജ്യോതി എന്നിവിടങ്ങൾ സന്ദർശിക്കുകയും മീറ്റിംഗുകളിൽ പങ്കെടുക്കുകയും ചെയ്തു.

17 രാവിലെ 9 മണിക്ക് കുന്നോത്ത് എത്തി നസ്രത്ത് സിസ്റ്റേഴ്സിന്റെ ജൂബിലി, നിത്യവ്രതവാഗ്ദാനം എന്നിവയോടനുബന്ധിച്ചു നടന്ന തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് 3 മണിക്ക് താമരശ്ശേരിയിലെത്തി പുതുതായി നിർമ്മിച്ച രൂപതാ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

വൈകുന്നേരം 7 മണിക്ക് കോഴിക്കോട് നവജ്യോതി പാസ്റ്ററൽ സെന്ററിൽ എത്തി മലബാർ റീജനൽ ബിഷപ് കോൺഫ്രൻസിൽ പങ്കെടുത്തു.

18 രാവിലെ മലബാർ റീജനിലെ പിതാക്കന്മാരോടൊത്ത് ദിവ്യബലിക്ക് നേതൃത്വം കൊടുത്ത് സന്ദേശം നൽകി. ഉച്ചക്ക് വിശ്രമജീവിതം നയിക്കുന്ന കോഴിക്കോട് രൂപതാ മുൻ അദ്ധ്യക്ഷൻ മാക്സ്വെൽ പിതാവിനെ സന്ദർശിച്ചു.

19 രാവിലെ മാനന്തവാടിയിലെത്തി പുതുതായി നിർമ്മിച്ച മാനന്തവാടി രൂപതാ കത്തീഡ്രൽ ദൈവാലയത്തിന്റെ കൂദാശാകർമ്മം നടത്തി ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ് സീറോമലബാർ സഭാ ഉത്തരമേഖല മിഷൻ കൺസൾട്ടേഷനു വന്ന അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവിനെയും മറ്റ് അഭിവന്ദ്യ പിതാക്കന്മാരെയും സ്വീകരിക്കുകയും ആറു മണിക്ക് പ്രസ്തുത പ്രോഗ്രാമിൽ പങ്കെടുക്കുകയും ചെയ്തു.

20 രാവിലെ മുതൽ മിഷൻ കൺസൾട്ടേഷനിൽ പങ്കെടുത്തു. അതിനോടനുബന്ധിച്ച് മറ്റ് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം രാവിലെ 6.30ന് കത്തീഡ്രൽ പള്ളിയിൽ വി. കുർബാനക്ക് നേതൃത്വം നൽകി. വൈകിട്ട് 6 മണിക്ക് അതിരൂപതാ ആലോചനാസമിതി യോഗത്തിൽ പങ്കെടുത്തു.

21 11 മണിക്ക് മതബോധനം ഹെഡ്മാസ്റ്റേഴ്സ് മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകി.

23 രാവിലെ റോമിനു യാത്ര പുറപ്പെട്ടു.

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ്ജ് വലിയമറ്റം

### 2016 ഏപ്രിൽ

23 രാവിലെ 7.30ന് മാലോം ദൈവാലയത്തിൽ കുട്ടികളുടെ ആദ്യകുർബാന സ്വീകരണ തിരുക്കർമ്മങ്ങൾക്ക് പ്രധാനകാർമ്മികത്വം വഹിച്ചു. രാവിലെ 11 മണിക്ക് ബഹു. മോൺ. മാത്യു എം. ചാലിലിന്റെ സഹോദരപുത്രൻ ടോണിയും ചിഞ്ചു മടുക്കക്കുഴിയും തമ്മിലുള്ള വിവാഹം ചെമ്പേരി പള്ളിയിൽവച്ച് ആശീർവദിച്ചു.

24 കണ്ണൂർ തിരുക്കുടുംബ ദൈവാലയത്തിൽ രാവിലെ 8.30ന് വിശുദ്ധ കുർബാനയർപ്പിക്കുകയും ഇടവക സുവനീർ പ്രകാശനം ചെയ്യുകയും ചെയ്തു.

25 വൈകുന്നേരം 6 മണിക്ക് ജോസ്ഗിരി ഹോസ്പിറ്റലിൽ സംഘടിപ്പിച്ച എസ്എബിഎസ് സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

26 രാവിലെ 10 മണിക്ക് കോട്ടൂർ ദൈവാലയ പാരീഷ് ഹാളിൽവച്ച് നടന്ന എകെസിസി ദിനാചരണത്തിൽ പങ്കെടുത്ത് അവാർഡ് വിതരണം നടത്തി.

27 രാവിലെ ചങ്ങനാശ്ശേരി അരമനയിൽ അഭിവന്ദ്യ പൗവ്വത്തിൽ പിതാവിനെ സന്ദർശിച്ചു.

തുടർന്ന് 10.30ന് ചങ്ങനാശ്ശേരി പാറേൽപ്പള്ളിയിൽവച്ച് നടന്ന എസ്എച്ച് സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന തിരുക്കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന ബഹു. സിസ്റ്റേഴ്സിന്റെ സുവർണ്ണ, രജത ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു.

28 രാവിലെ 9 മണിക്ക് കോടഞ്ചേരി ദൈവാലയത്തിൽവച്ച് അഭിവന്ദ്യ പിതാവിന്റെ ചിറ്റപ്പന്റെ മകന്റെ പേരകുട്ടിയുടെ മാമ്മോദീസാ നടത്തി.

താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ രാവിലെ 11 മണിക്ക് നിരവത്ത് ജിന്റോയുടെയും കയ്യാലതൊട്ടിയിൽ മീനുവിന്റെയും വിവാഹം ആശീർവദിച്ചു.

രാത്രി 9 മണിക്ക് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ എത്തി നിര്യാതനായ ബഹു. സക്കറിയാസ് വള്ളോപ്പിള്ളിൽ അച്ചനുവേണ്ടി ഒഫീസ് ചൊല്ലി പ്രാർത്ഥിച്ചു.

29 ഉച്ചയ്ക്ക് അതിരൂപതാഭവനത്തിൽ ബഹു. ജോൺ ഒറകുണ്ടിൽ അച്ചനു നൽകിയ യാത്രയയപ്പു പരിപാടിയിൽ പങ്കെടുത്തു.

വൈകുന്നേരം 3 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ബഹു. സക്കറിയാസ് വള്ളോപ്പിള്ളിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

30 രാവിലെ 10.30ന് ചെമ്പേരി വിമൽജ്യോതി കോളേജിൽ സംഘടിപ്പിച്ച അതിരൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകുകയും അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. വൈകുന്നേരം 2.30ന് ചെമ്പേരി കരുണാലയം സന്ദർശിച്ചു.

**2016 മെയ്**

01 മെത്രാഭിഷേകദിന വാർഷികത്തോടനുബന്ധിച്ച് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ രാവിലെ 9 മണിക്ക് കൃതജ്ഞതാ ബലിയർപ്പിച്ചു.

02 തേർത്തല്ലിയിൽ നിർമ്മലഗിരി കോളെജിൽനിന്നും വിരമിക്കുന്ന പി.കെ. ജോൺ സാറിന്റെ ഭവനത്തിൽവച്ച് നടന്ന കുടുംബാഘോഷങ്ങളിൽ വൈകുന്നേരം 6 മണിക്ക് പങ്കെടുത്തു.

രാത്രി 9.30ന് ആലക്കോട് കറുകപ്പള്ളി കുടുംബത്തിൽ നിര്യാതനായ ചാച്ചനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. രാത്രിയിൽ ചെമ്പേരി വിമൽജ്യോതി കോളെജിൽ താമസിച്ചു.

03 ചെമ്പേരി ദൈവാലയത്തിൽ രാവിലെ 10 മണിക്ക് ഏയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3.30ന് ബഹു. ജേക്കബ് കുറ്റിക്കാട്ടുകുന്നേലച്ചന്റെ നിര്യാതയായ വത്സല മാതാവിനുവേണ്ടി വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം കുന്നോത്ത് എഫ്സിസി കോൺവെന്റ് സന്ദർശിച്ചു.

5.30ന് കുന്നോത്ത് പുതുതായി പണികഴിപ്പിച്ച സ്കൂൾകെട്ടിടം സന്ദർശിച്ചു.

05 രാവിലെ 10മണിക്ക് പൈസക്കരി ദേവമാതാ ദൈവാലയത്തിൽവച്ച് നടന്ന ഏയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

07 ആലുവയിലെ ബന്ധുവീടുകൾ സന്ദർശിച്ചു. വൈകുന്നേരം 4 മണിക്ക് ചുണങ്ങംവേലിയിലെ രാജഗിരി ഹോസ്പിറ്റലിൽ സൗഹൃദസന്ദർശനം നടത്തി.

ആലുവായിൽ പുതുതായി ആരംഭിച്ചിരിക്കുന്ന രാജഗിരി ഹോസ്പിറ്റലിൽ അസി. വൈസ് പ്രസിഡന്റായി നിയമിതനായിരിക്കുന്ന കെവിൻ ദേവസ്യാ (വലിയമറ്റം) യുടെ ഭവനം സന്ദർശിച്ചു.

08 രാവിലെ 9 മണി മുതൽ പാദുവായിൽവച്ച് നടന്ന വലിയമറ്റം കുടുംബയോഗത്തിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

ബന്ധുമിത്രാദികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. വൈകുന്നേരം ജയഗിരി ഇടവകയിൽ സേവനം ചെയ്യുന്ന നസ്രത്തു സഹോദരിമാരെ സന്ദർശിച്ചു.

09 ജയഗിരി നസ്രത്തു ഭവനത്തിൽ ബലി അർപ്പിച്ചു. അതിനുശേഷം രാവിലെ 9 മണിക്ക് കുറവിലങ്ങാട് മർത്താ മറിയം പള്ളിയും തുടർന്ന് ചേർപ്പുങ്കൽപള്ളിയും സന്ദർശിച്ചു. ഉച്ചക്ക് 1 മണിക്ക് പാലാ അരമനയിൽ എത്തി അഭിവന്ദ്യ പിതാക്കന്മാരെ കണ്ടു.

മടക്കയാത്രയിൽ തൃശൂർ അരമനയിൽ എത്തി അഭിവന്ദ്യ താഴത്തു പിതാവിനെ കണ്ടു.

10 രാവിലെ 10 മണിക്ക് ആലക്കോട് സെന്റ് മേരീസ് പള്ളിയിൽവച്ച് നടന്ന ഏയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.

11 തേക്കുംകുറ്റിയിൽ കോൺവെന്റിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേർന്നു.

12 രാവിലെ 7.30ന് മണ്ഡപം പള്ളിയിൽ കുട്ടികളുടെ ആദ്യകുർബാനയും സ്ഥൈര്യലേപനവും നടത്തി.

14 രാവിലെ 10.30ന് ചേവായൂർ കോൺവെന്റിൽ പ്രസന്റേഷൻ സിസ്റ്റേഴ്സിന്റെ ഇന്ത്യയിലെ ആരംഭക്കാരായ 7 പേരുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കുകൊണ്ടു.

17 ഉച്ചകഴിഞ്ഞ് 3 മണിക്ക് താമരശ്ശേരി രൂപതാഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മങ്ങളിൽ പങ്കെടുത്തു.

19 മിഷൻ കൺസൾട്ടേഷൻ മീറ്റിംഗിൽ തലശ്ശേരി സന്ദേശഭവനിൽ 6 മണി മുതൽ പങ്കെടുത്തു.

20 വൈകുന്നേരം 3 മണിക്ക് അമ്പലവയൽ എസ്എബിഎസ് കോൺവെന്റ് സന്ദർശിച്ച് രോഗികളായ സന്യാസിനികൾക്കായി പ്രാർത്ഥിച്ചു.

3.30ന് അമ്പലവയൽ ഇടവകാംഗമായ ബഹു. ജോസഫ് പുലവേലിൽ (എംഎസ് റ്റി)യുടെ പിതാവ് പരേതനായ പുലവേലിൽ ആൻഡ്രൂസിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി.

വൈകുന്നേരം 5 മണിക്ക് മാനന്തവാടി കണിയാരത്ത് പുതുക്കിപ്പണുത കത്തീഡ്രൽ ദൈവാലയത്തിന്റെ കൂദാശക്കർമ്മത്തോടും തിരുനാൾ ആഘോഷത്തോടും അനുബന്ധിച്ച് പൂർവ്വികന്മാർക്കുവേണ്ടി ബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

## Programme of the Archbishop Emeritus Mar George Valiamatttam

### June - 2016

| | | | |
|---|---|---|---|
| 11 | 11.00 am | - | Kasargod |
| 13 | 10.30 am | - | Chandanackampara |
| 18 | 05.30 pm | - | Thiruvampady |

**Secretary to the Archbishop Emeritus**

❖❖❖